
# പഞ്ചായത്ത് രാജ്

പുസ്തകം 53 ◆ ലക്കം 12

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2014




## തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണ സംവിധാനം

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

## ഉള്ളടക്കം







**18**
**പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും**
ഉദയഭാനു കണ്ടേത്ത്

**5**
**എഡിറ്ററുടെ പേജ്**

**6-7**
**സ്ത്രീ വിമോചനവും മാധ്യമങ്ങളും**
ഡോ. എം.കെ. മുനീർ





**8**
**പഞ്ചായത്തു ദിനാഘോഷം - 2014**

**11**
**ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് പഞ്ചായത്തിൽ സാധ്യമോ?**
ഡോ. ജെ.ബി. രാജൻ & ബിജു.എസ്.കെ.





**14**
**തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണ സംവിധാനം**
പി.കെ. ഡാഷ്





**16**
**ഗ്രാമപഞ്ചായത്തുകളിലൂടെ**
പ:ന്യൂ:സർവ്വീസ്

**18**
**ഇലക്ട്രോണിക് വോട്ടിംങ് യന്ത്രം**
പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ
തിരുവനന്തപുരം





**25**
**സമ്പൂർണ കമ്പ്യൂട്ടർസാക്ഷരതയുടെ പ്രസക്തി**
റസാഖ് പയമ്പ്രോട്ട്

**28**
**പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി പരിഷ്ക്കരിച്ച മാർഗ്ഗരേഖ**
വി.ജി. ശശിധരൻ

**30**
**താമസ സർട്ടിഫിക്കറ്റ്**
വിനോദ് ഓലശ്ശേരി- കഥ

**32**
**പെരുമാറ്റച്ചട്ടം വന്ന വഴി**
ഫീച്ചർ





**35**
**അന്താരാഷ്ട്ര വനിതാദിനം**
കെ.എ. ബീന




**പഞ്ചായത്തു ദിനാഘോഷം - 2014**
**മണർകാട്, കോട്ടയം**

# അധികാര വികേന്ദ്രീകരണം: സാർക്ക് രാഷ്ട്രങ്ങൾ കേരള മാതൃക സ്വീകരിക്കുന്നു




അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് കേരളത്തിന്റെ മാതൃക സ്വീകരിക്കാൻ സാർക്ക് രാഷ്ട്രങ്ങൾ തീരുമാനിച്ചു. ഇതിനായി കില തയ്യാറാക്കിയ ഇരുപതിന പരിപാടി കാഠ്മണ്ഡുവിൽ സമാപിച്ച ദ്വിദിന ശിൽപ്പശാല അംഗീകരിച്ചതായി കില ഡയറക്ടർ ഡോ. പി.പി ബാലൻ അറിയിച്ചു. കില ഡയറക്ടറാണ് ഇരുപതി പരിപാടി ശിൽപ്പശാലയിൽ അവതരിപ്പിച്ചത്. രാജ്യാന്തര സന്നദ്ധ സംഘടനയായ പ്രാക്ടിക്കൽ ഏഷ്യന്റെ സഹകരണത്തോടെയാണ് പരിപാടി തയ്യാറാക്കിയത്.

മന്ത്രിമാരും നയതന്ത്രപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും സംബന്ധിച്ച ശിൽപ്പശാലയിൽ നേപ്പാൾ, ശ്രീലങ്ക, ബംഗ്ലാദേശ്, പാക്കിസ്ഥാൻ ഇന്ത്യ എന്നിവടങ്ങളിൽ നിന്നുള്ള പ്രതിനിധികളും സംബന്ധിച്ചു. നേപ്പാൾ ഉപപ്രധാനമന്ത്രി പ്രകാശ്സിംഗ്, വിദേശകാര്യ സെക്രട്ടറി ഷാന്ത ബി ശ്രേഷ്ഠ, സാർക്ക് സെക്രട്ടറിയേറ്റ് ഡയറക്ടർ രബീന്ദ്ര കേസിംഗ്, പ്രാക്ടിക്കൽ ഏഷ്യൻ ഡയറക്ടർ ഡോ. വൈശാഖ ഷിഡിംഗം തുടങ്ങിയ പ്രമുഖർ ശിൽപ്പശാലയിൽ പങ്കെടുത്തവരിൽപെടും.

ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കായി ശ്രീലങ്ക, ഇന്ത്യ, ബംഗ്ലാദേശ് എന്നീ രാഷ്ട്രങ്ങളിൽ മേഖലാ ശില്പശാലകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് കില ഡയറക്ടർ പറഞ്ഞു.

# പുര പദ്ധതിയുടെ ദേശീയ നോഡൽ ഏജൻസിയായി കിലയെ നിയമിച്ചു

ഗ്രാമങ്ങളിൽ നഗരസൗകര്യങ്ങളേർപ്പെടുത്തുന്ന പുര പദ്ധതിയുടെ ദേശീയ നോഡൽ ഏജൻസിയായി കിലയെ നിയമിച്ചു. മുൻ രാഷ്ട്രപതി അബ്ദുൽ കലാമിന്റെ ഈ സ്വപ്നപദ്ധതി കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിലാണ്. നഗരങ്ങളിലേതുപോലെ വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഗ്രാമത്തിൽ ഏർപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ആന്ധ്രപ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, കേരളം, തുടങ്ങിയ സംസ്ഥാനങ്ങളിലാണ് പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. വിവിധ ഭാഷകളിൽ പരിശീലനമൊഡ്യൂളുകൾ തയ്യാറാക്കി വിപുലമായ പരിശീലനപരിപാടി തയ്യാറാക്കുക എന്നത് കിലയുടെ ഉത്തരവാദിത്വമാണ്. 3 കോടി രൂപയാണ് പരിശീലന പരിപാടികൾക്കായി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന ചർച്ചയിൽ കേന്ദ്ര ഗ്രാമവികസനവകുപ്പ് അഡീഷണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, ജോ.സെക്രട്ടറി അപരാജിത തുടങ്ങിയ മുതിർന്ന ഉദ്യോഗസ്ഥരും കില ഡയറക്ടർ ഡോ. പി.പി ബാലൻ അസി. പ്രൊഫ. ഡോ. ജെ. ബി. രാജൻ എന്നിവരും പങ്കെടുത്തു. കേരളത്തിൽ തിരുങ്ങാടിയിലും തളിക്കുളത്തുമാണ് പുര പദ്ധതി നടപ്പിലാക്കുന്നത്. ■

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2014
പുസ്തകം 53
ലക്കം 12
വാർഷിക വരിസംഖ്യ: ₹ 120
*www.lsgkerala.gov.in*



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**മിത്ര. റ്റി** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**മിത്ര. റ്റി**, ഐ.എ.എസ്.
*e-mail: directorofpanchayat@gmail.com*
*Ph: 0471-2323286*

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
*e-mail: prodp12@gmail.com*
*Ph: 0471-2321280*



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


# എഡിറ്റോറിയൽ

എല്ലാ വർഷവും മാർച്ചുമാസം ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് തിരക്കുപിടിച്ച കാലമാണ്. ഇത്തവണയും സ്ഥിതി അതിൽ നിന്നും വ്യത്യസ്തമല്ല. സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പദ്ധതി നിവ്വഹണത്തിനുവേണ്ടി ആവശ്യമായ സമയം നമുക്ക് ലഭിച്ചിരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം ഇതുവരെ 59% ചെലവാണ് സംസ്ഥാന ശരാശരി. സാഹചര്യങ്ങൾ ഒത്തുവന്നിട്ടും പദ്ധതി ചെലവ് മാർച്ചുമാസ തിരക്കിൽ മാത്രമേ പൂർത്തീകരിക്കൂ എന്നുള്ളത് അഭികാമ്യമല്ല. ഈ സ്ഥിതി മാറ്റുന്ന കാര്യത്തിൽ ബന്ധപ്പെട്ടവരെല്ലാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതോടൊപ്പം 2014-15 വർഷത്തേക്കുള്ള പദ്ധതിക്ക് ഡി.പി.സി യുടെ അംഗീകാരം വാങ്ങേണ്ടതുമുണ്ട്. 778ൽ അധികം പഞ്ചായത്തുകൾ പ്രാജക്ട് എൻട്രി ആരംഭിച്ചിട്ടുണ്ട്. 103ൽ അധികം പഞ്ചായത്തുകളാണ് ഡി.പി.സി ക്ക് അംഗീകാരത്തിനായി സമർപ്പിച്ചത്. 92 ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി ഇതിനകം അംഗീകാരം നേടിയിട്ടുണ്ട്. പദ്ധതി അംഗീകാരം നേടിയ ഗ്രാമ പഞ്ചായത്തുകളെ അഭിനന്ദിക്കുന്നതോടൊപ്പം നിർവ്വഹണവും ഇതേപോലെ സമയബന്ധിതമായി പൂർത്തീകരിക്കാനും ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രാദേശിക സർക്കാരുകളായി മാറിക്കഴിഞ്ഞ നമ്മുടെ ഗ്രാമ പഞ്ചായത്തുകൾ പദ്ധതി പ്രവർത്തനം മാത്രം നടത്തിയാൽ പോരാ. ലഭിക്കേണ്ട തനതു വരുമാനം പിരിച്ചെടുക്കാനുള്ള ഊർജിത ശ്രമം നടത്തേണ്ടതാണ്. വസ്തു നികുതി, തൊഴിൽക്കരം, ലൈസൻസ് ഫീസ്, പരസ്യനികുതി, മറ്റ് നികുതിയേതര വരുവുകൾ എന്നിവ കൃത്യമായി പിരിച്ചെടുക്കാൻ പഞ്ചായത്തു സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യവും പഞ്ചായത്തിന്റെ അഭിവൃദ്ധിക്ക് പ്രധാനമാണ്.

പാർലമെന്റ് തെരഞ്ഞെടുപ്പ് കാലമായതിനാൽ പല ജീവനക്കാരേയും തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കാറുണ്ട്. അങ്ങനെ നിയോഗിക്കപ്പെടുന്ന ജീവനക്കാർ നിർബ്ബന്ധമായും ഉത്തരവാദിത്വത്തോടെ ആ ജോലികൾ നിർവ്വഹിക്കേണ്ടതാണ്. അതോടൊപ്പം പഞ്ചായത്തിലെ ജോലികളും തടസ്സമില്ലാതെ നടക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കേണ്ടതാണ്. ഇനിയുള്ള അവധി ദിവസങ്ങളും പ്രവൃത്തി ദിവസങ്ങളാക്കി മാറ്റാവുന്നതാണ്. പഞ്ചായത്തു സെക്രട്ടറിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വേനൽക്കാലത്തിലേക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ കുടിവെള്ള വിതരണം ആവശ്യമാകുമ്പോൾ പരാതിക്ക് ഇടംവരാതെ അതാതു സമയത്തെ നിർദ്ദേശങ്ങൾ പ്രകാരം ഇത്തരം പ്രവർത്തികൾ ഏകോപിപ്പിക്കേണ്ടതാണ്. വേനൽ കഴിഞ്ഞാൽ മഴക്കാലമാണ് വരുന്നത് എന്നുള്ള കാര്യം നാം വിസ്മരിക്കരുത്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം കൃത്യമായ ആസൂത്രണത്തോടെ നിർവ്വഹിക്കേണ്ടതാണ്.

മറ്റൊരു പ്രധാന വിഷയം അറവുശാല സംബന്ധിച്ചതാണ്. അനധികൃതമായി അറവുശാലകൾ പ്രവർത്തിക്കുന്നില്ലാ എന്ന് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ഇതു സംബന്ധിച്ച് നിയമം, ചട്ടം എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ സെക്രട്ടറിമാർ വീഴ്ച വരുത്തരുത്.

ചുരുക്കത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് തിരക്കുപിടിച്ച ഒരു സമയമാണ് ഇപ്പോൾ. പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണവും, നികുതികൾ യഥാസമയം പിരിച്ചെടുക്കലും, മഴക്കാല പൂർവ്വ ശുചീകരണവും, വരും വർഷത്തെ പദ്ധതികൾ ഡി.പി.സി ക്കു സമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടതാണ്.

**മിത്ര. റ്റി. ഐ.എ.എസ്.**
(പഞ്ചായത്ത് ഡയറക്ടർ)

# സ്ത്രീ വിമോചനവും മാധ്യമങ്ങളും

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഹാമിദ് അൻസാരി ഒരിക്കൽ നടത്തിയ ഒരു പ്രസ്താവന ഓർക്കുകയാണ്. ജനാധിപത്യത്തിന്റെ നാല് മഹാസ്തൂപങ്ങളിൽ നാലാമത്തേതിന് ഇപ്പോൾ കൂടുതൽ ഉത്തരവാദിത്തമുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. എന്തെന്നാൽ ലാഭം നാലാം എസ്റ്റേറ്റിന്റെ പ്രത്യക്ഷ ലക്ഷ്യമാണ്. ലെജിസ്ലേച്ചറോ, എക്സിക്യൂട്ടീവോ, ജുഡിഷ്യറിയോ പ്രോഫിറ്റ് മോട്ടിവ്ഡ് അല്ല. ലാഭം ലക്ഷ്യമുള്ള ഒരു വ്യവസായത്തിൽ നിന്നുണ്ടാവേണ്ട ഉത്തരവാദിത്തങ്ങൾ എന്തൊക്കെ? സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളോടുള്ള ഉത്തരവാദിത്തങ്ങൾ എന്ത്? ഹിന്ദുസ്ഥാൻ ടൈംസിന്റെ പൊളിറ്റിക്കൽ എഡിറ്റർ വിനോദ്ശർമ്മ അഭിപ്രായപ്പെട്ടപോലെ Journalism is not about martyrdom. It is about surviving in a pernicious environment to fight another battle another day ഈ പശ്ചാത്തലത്തിൽ വേണം സ്ത്രീകളോടുള്ള ഉത്തരവാദിത്തത്തെപറ്റി ചിന്തിക്കാൻ. സോഷ്യൽ മീഡിയ അല്ലെങ്കിൽ ഫിഫ്ത് എസ്റ്റേറ്റ് കൂടി ശക്തമായ സാന്നിധ്യമായതിനാൽ ഈ വിഷയത്തിന്റെ വ്യാപ്തി വർദ്ധിക്കുകയാണ്. എപ്പോഴും ആക്സസ് ചെയ്യാമെന്നതും കറക്ഷനും എഡിറ്റിംഗും സാധ്യമാകുമെന്നതും ഫിഫ്ത് എസ്റ്റേറ്റിനെ വ്യത്യസ്തമാക്കുന്നു. ഫിഫ്ത് എസ്റ്റേറ്റിൽ സ്ത്രീ പദവിയും കൂടി കണക്കിലെത്തുവേണം ഈ ചർച്ച പുരോഗമിക്കേണ്ടത്. വനിതാ പ്രസ്ഥാനങ്ങൾ മാധ്യമങ്ങളെ നിരന്തരം വിമർശനപരമായി കണ്ടുവരുന്നു എന്നതാണ് ചരിത്രം. മാധ്യമങ്ങളിലെ നിസ്സാരമായ സ്ത്രീസാന്നിധ്യം, സ്ത്രീ പ്രശ്നങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകായ്ക ഇവയൊക്കെ ഈ വിമർശനപരമായ നിലപാടിന് കാരണമായിട്ടുണ്ടാവാം. മാധ്യമങ്ങളിൽ സ്ത്രീ അദൃശ്യയാകുന്നതുമായി ബന്ധപ്പെട്ട് George Gerbner 1972-ൽ symbolic annihilation എന്ന് പ്രയോഗിക്കേണ്ടി വന്നത് ഈ ഘട്ടത്തിലാണ്. ലിംഗ അസമത്വം നിലനിൽക്കുന്നതും സ്ത്രീ പ്രശ്നങ്ങളിൽ ഏറെ ചായ്‌വു പ്രകടിപ്പിക്കാത്തതുമായ മേഖലയായും മീഡിയ ചിത്രീകരിക്കപ്പെട്ടു. ഇപ്പോഴും മാധ്യമങ്ങളിലെ അജൻഡ നിർവഹിക്കപ്പെടുന്നത് ഏറെക്കുറെ പുരുഷകേന്ദ്രീകൃതമായ സംവിധാനത്തിലാണ്.

> **സ്ത്രീകൾക്കെതിരായ അതിക്രമം, നീതി നിഷേധം, വിലക്കയറ്റം എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങളിൽ സ്ത്രീകൾ ശക്തമായി പ്രതികരിക്കുകയുണ്ടായി. ഒരു പക്ഷേ സ്ത്രീ ശബ്ദത്തിന്റെ ശക്തി, ഇന്ത്യൻ മാധ്യമങ്ങളിൽ അതിശക്തമായി പ്രതിഫലിച്ച അവസരങ്ങളായിരുന്നു അവ. ജൻഡർ സെൻസിറ്റിവിറ്റി, ജൻഡർ പോളിസി വിഷയങ്ങളിൽ മാധ്യമ ശ്രദ്ധ കൂടുതൽ പതിയുകയുണ്ടായി. അതേ സമയം തന്നെ ഗ്ലോബലൈസേഷന്റെ പരിണിതഫലങ്ങളും സ്ത്രീയുടെ വളർച്ചയ്ക്ക് തടയിടുന്നതുമായ ദാരിദ്ര്യം, ലഹരി ഉപഭോഗം, പ്രോസ്റ്റിറ്റ്യൂഷൻ, കുട്ടികളുടെയും സ്ത്രീകളുടെയും സെക്സ് ട്രാഫിക്കിംഗ് എന്നിവ തടയുന്നതിൽ വ്യാപകമായും തുടർച്ചയായും campaign വന്നില്ലെങ്കിലും മാധ്യമങ്ങൾ ഫലപ്രദമായി പല അവസരങ്ങളിലും ഇടപെടുകയുണ്ടായി.**

സ്ത്രീകൾക്കെതിരായ അതിക്രമം, നീതി നിഷേധം, വിലക്കയറ്റം എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങളിൽ സ്ത്രീകൾ ശക്തമായി പ്രതികരിക്കുകയുണ്ടായി. ഒരു പക്ഷേ സ്ത്രീ ശബ്ദത്തിന്റെ ശക്തി, ഇന്ത്യൻ മാധ്യമങ്ങളിൽ അതിശക്തമായി പ്രതിഫലിച്ച അവസരങ്ങളായിരുന്നു അവ. ജൻഡർ സെൻസിറ്റിവിറ്റി, ജൻഡർ പോളിസി വിഷയങ്ങളിൽ മാധ്യമ ശ്രദ്ധ കൂടുതൽ പതിയുകയുണ്ടായി. അതേ സമയം തന്നെ ഗ്ലോബലൈസേഷന്റെ പരിണിതഫലങ്ങളും സ്ത്രീയുടെ വളർച്ചയ്ക്ക് തടയിടുന്നതുമായ ദാരിദ്ര്യം, ലഹരി ഉപഭോഗം, പ്രോസ്റ്റിറ്റ്യൂഷൻ, കുട്ടികളുടെയും സ്ത്രീകളുടെയും സെക്സ് ട്രാഫിക്കിംഗ് എന്നിവ തടയുന്നതിൽ വ്യാപകമായും തുടർച്ചയായും campaign വന്നില്ലെങ്കിലും മാധ്യമങ്ങൾ ഫലപ്രദമായി പല അവസരങ്ങളിലും ഇടപെടുകയുണ്ടായി. സ്ത്രീ അല്ലെങ്കിൽ പെൺകുട്ടി സമൂഹത്തിന്റെ അമൂല്യ സമ്പത്തും വിലമതിക്കപ്പെടേണ്ടവളും ആണെന്ന യാഥാർത്ഥ്യം അംഗീകരിക്കപ്പെട്ടു. ഈ സാഹചര്യത്തിലും സ്ത്രീയുടെ ആത്മാഭിമാനം, ആരോഗ്യം, പരസ്പര തുല്യതയും, ബഹുമാന്യതയും, ഗാർഹികവും ഗാർഹികേതരവുമായ പീഡനങ്ങളിൽ നിന്നുള്ള മോചനം, സാമ്പത്തിക ഭദ്രത, ഗവൺമെന്റിലും ജനാധിപത്യത്തിലുള്ള പങ്കാളിത്തം എന്നീ രംഗങ്ങളിൽ ഇന്ത്യൻ വനിത ഇനിയും പൊരുതിക്കൊണ്ടേയിരിക്കണം എന്നതാണ് അവസ്ഥ.



**ചാനലുകളിൽ കേരളത്തിൽപ്പോലും സ്ത്രീകൾ മുൻനിര കയ്യടക്കി. പുരുഷാധിപത്യം മിക്കവാറും ടെലിവിഷൻ ചാനലുകളിൽ ഒഴിവായി എന്നു പറയാം. അർത്ഥവത്തായ രാഷ്ട്രീയ - സാമൂഹ്യ - സാംസ്കാരിക ചർച്ചകൾ മാധ്യമങ്ങളിൽ നയിക്കാൻ ഇന്ന് സ്ത്രീക്ക് കഴിയുന്നു.**

കഴിഞ്ഞ രണ്ട് ദശകങ്ങളിൽ വനിതാ മാധ്യമ പ്രവർത്തകർ ശക്തമായ മുന്നേറ്റം നടത്തിയതായി നമുക്കറിയാം. ദേശീയവും പ്രാദേശീയവുമായ മാധ്യമങ്ങളിൽ ഇത് സംഭവിച്ചു. ഫാഷൻ, കുക്കറി, വിനോദം എന്നിവ മാത്രമല്ലാതായി അവരുടെ മേഖലകൾ. യുദ്ധരംഗത്തു നിന്നുള്ള സ്ത്രീകളുടെ റിപ്പോർട്ടിംഗ് നമ്മൾ കണ്ടു. സ്റ്റോക്ക് മാർക്കറ്റ് റിപ്പോർട്ടിംഗുകൾ കണ്ടു. പാർലമെന്റ് നിയമസഭാ ഗ്യാലറികളിൽ അവരുടെ സാന്നിദ്ധ്യമുണ്ടായി. പുരുഷ കേന്ദ്രീകൃതമായ വ്യവസ്ഥിതിയിൽ സ്ത്രീയുടെ അർഹമായ ഇടം നേടിയെടുക്കുന്നതിൽ അവൾ തന്നെ മുന്നോട്ടു വരേണ്ടതുണ്ട്. സമഗ്രമായ നിരവധി സാമൂഹ്യ സന്തുലന നടപടികളിലൂടെ മാത്രമേ ഇത് സാധ്യമാവൂ. ഒരു പക്ഷേ ഇന്ത്യയിലും കേരളത്തിലും ഇന്ന് സ്ത്രീ സാന്നിദ്ധ്യം വേണ്ടത്ര ഇല്ലാത്തത് അച്ചടി മാധ്യമത്തിലായിരിക്കും. ചാനലുകളിൽ കേരളത്തിൽപ്പോലും സ്ത്രീകൾ മുൻനിര കയ്യടക്കി. പുരുഷാധിപത്യം മിക്കവാറും ടെലിവിഷൻ ചാനലുകളിൽ ഒഴിവായി എന്നു പറയാം. അർത്ഥവത്തായ രാഷ്ട്രീയ - സാമൂഹ്യ - സാംസ്കാരിക ചർച്ചകൾ മാധ്യമങ്ങളിൽ നയിക്കാൻ ഇന്ന് സ്ത്രീക്ക് കഴിയുന്നു.

എന്നാൽ സോഷ്യൽ മീഡിയ ഇരുതലമൂർച്ചയുള്ള ഖഡ്ഗമായി പലപ്പോഴും സ്ത്രീ പ്രശ്നങ്ങളിൽ പരിണമിക്കുന്നുണ്ട്. സ്വയം ബിൽഡ് അപ് ചെയ്യാൻ അവസരം ഉണ്ടാവുമ്പോൾ തന്നെ, അപകീർത്തികരമായ പ്രോപ്പഗാൻഡയ്ക്കും പലപ്പോഴും അവ നിമിത്തമാകുന്നുണ്ട്. മിതത്വവും എത്തിക്സും പാലിക്കേണ്ട മേഖലയായി ഫിഫ്ത്ത് എസ്റ്റേറ്റിനെ കാണണം.

ജനാധിപത്യവും മതേതരത്വവും അവസരസമത്വവും ലിംഗ വിവേചനമില്ലായ്മയും പുലരുമ്പോൾ സ്ത്രീ വിമോചിതയാവും. സ്ത്രീയുടെ അവകാശങ്ങളെയും സ്ഥാനത്തെയും പറ്റി അവൾ തന്നെ ബോധവതിയാവണം. എല്ലാ മേഖലകളിലും അവൾ സാക്ഷരയാവണം. സാക്ഷരത അല്ലെങ്കിൽ അറിവ് അവളുടെ ശക്തിയാണ്. ഏത് വ്യവസ്ഥയോടും പൊരുതാനുള്ള ധീരത അവൾക്ക് കൈവരണം. സ്ത്രീ വിമോചന പ്രസ്ഥാനങ്ങളിലൂടെ ഇതര വനിതാ പ്രസ്ഥാനങ്ങളിലൂടെയും അവൾ സ്വയം കരുത്താർജ്ജിക്കുമ്പോൾ, മാധ്യമങ്ങൾക്ക് അതിന് ഉത്തേജകമായി നിലകൊള്ളാൻ കഴിയും. മാധ്യമങ്ങളോട് ജനാധിപത്യപരമായ രീതിയിൽ പ്രതികരിക്കാൻ ഇന്ന് സ്ത്രീകൾ ഉൾപ്പെടെയുള്ള സമൂഹത്തിന് കഴിയും.

സ്ത്രീകൾ എന്ത് ചെയ്യണം, എന്ത് ചെയ്യാൻ പാടില്ല, അല്ലെങ്കിൽ എന്ത് ചെയ്യാൻ കഴിയും എന്ന അജൻഡ പലപ്പോഴും സ്ത്രീ മനോഭാവത്തിൽ വൈരുദ്ധ്യങ്ങൾ കടത്തിവിടും. സ്ത്രീയുടെ ആത്മസത്ത ഏതെന്ന് തിരിച്ചറിയാൻ കഴിയാത്തവണ്ണം അവളെ ചിത്രീകരിക്കുന്ന സീരിയലുകളും സീരിയൽ ലേഖനങ്ങളും ഇതര വിനോദോപാധികളും ഉണ്ട്. എന്നാൽ വിഭിന്ന വ്യക്തി ഭാവങ്ങൾ ഉൾച്ചേർന്നതും വ്യത്യസ്ത ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടതുമായ പങ്കാണ് സ്ത്രീക്ക് സമൂഹത്തിൽ ഉള്ളത്. ഇത് കൃത്യമായി തിരിച്ചറിയാൻ മാധ്യമ ദു:സ്വാധീനം അവളെ പലപ്പോഴും അപ്രാപ്തയാക്കും. അതുകൊണ്ടുതന്നെ സമൂഹത്തിലെ അധികാര ഘടനയിൽ സ്വന്തം സ്ഥാനം പിടിച്ചുവാങ്ങുന്നതിൽ സ്ത്രീകൾ മാധ്യമ സാക്ഷരത - media literacy കൂടി നേടേണ്ടതായിരിക്കുന്നു. ■





# സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2014




ഈ വർഷത്തെ പഞ്ചായത്തു ദിനാഘോഷം ഫെബ്രുവരി 18,19 തീയതികളിൽ കോട്ടയം - മണർകാട് വച്ച് - പ്രൗഢഗംഭീരമായി നടന്നു. മണർകാട് പള്ളി ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ദ്വിദിന ആഘോഷപരിപാടി പ്രതിനിധികളുടെ ആദ്യാവസാനം വരെയുള്ള സജീവ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി. 18.2.2014 രാവിലെ ഗ്രാമ പഞ്ചായത്തു അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു പതാക ഉയർത്തിയതോടെ ആഘോഷങ്ങൾക്ക് തുടക്കമായി.

രാവിലെ10 മണിക്ക് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം





ചെയ്തു. ഗ്രാമവികസനവകുപ്പ് മന്ത്രി കെ.സി. ജോസഫ് മുഖ്യപ്രഭാഷണം നടത്തി സി.എഫ്. തോമസ് എം.എൽ.എ,മോൻസ് ജോസഫ് എം.എൽ.എ., ഡോ, എൻ. ജയരാജ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, മുൻസിപ്പൽ ചെയർമാൻസ് ചേമ്പർ ചെർമാൻ ജമാൽ മണക്കാടൻ, പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഫിൽസൺ മാത്യൂസ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം. മണികണ്ഠൻ, മണർകാട് പഞ്ചായത്ത് പ്രസിഡന്റ് ബാബു.കെ. കോര എന്നിവർ പങ്കെടുത്ത ഉദ്ഘാടന സമ്മേളനത്തിൽ പഞ്ചായത്തു അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതവും പഞ്ചായത്ത് ഡയറക്ടർ മിത്ര.റ്റി. ഐ.എ.എസ്. നന്ദിയും പറഞ്ഞു.













# സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2014



ഉച്ചയ്ക്ക് 2 മണി മുതൽ ചർച്ചാവേദി; ത്രിതല പഞ്ചായത്ത് സംവിധാനവും അനുബന്ധ വകുപ്പുകളും - ചർച്ചകളും സംശയദൂരീകരണവും നടന്നു. പഞ്ചായത്ത് ഡയറക്ടർ മിത്ര.റ്റി ഐ.എ.എസ് സ്വാഗതം പറഞ്ഞ ചടങ്ങിൽ കേരളഗ്രാമപഞ്ചായത്തു അസോസിയേഷൻ സെക്രട്ടറി എം. നസീർ അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ. പി.പി. ബാലന്റെ പ്രസീഡിയത്തിൽ ആരംഭിച്ച ചർച്ചാവേദിയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രോജക്ട് ഡയറക്ടർ കെ.ബി.ശിവദാസ്, ശുചിത്വമിഷൻ ഡയറക്ടർ എം. ദിലീപ് കുമാർ, ഗ്രാമ പഞ്ചായത്തു അസോസിയേഷൻ വൈസ് പ്രസിഡന്റ് സ്നേഹജൻ തുടങ്ങിയവർ പങ്കെടുത്തു. സദസ്സിൽ നിന്നും പഞ്ചായത്തു പ്രസിഡന്റ്മാർ ഉന്നയിച്ച ചോദ്യങ്ങൾക്കും, സംശയങ്ങൾക്കും മറുപടി ലഭ്യമാക്കികൊണ്ട് ചർച്ചാ വേദി സജീവമാക്കി. തുടർന്ന് 4 മണി മുതൽ മികച്ച പ്രകടനം കാഴ്ചവെച്ച പഞ്ചായത്തുകളുടെ അനുഭവങ്ങൾ പങ്കുവെക്കൽ എന്ന

*ശേഷം 36–ാം പേജിൽ*











**ഡോ. ജെ.ബി. രാജൻ**
*(അസി: പ്രൊഫസർ, കില)*
**&**
**ബിജു. എസ്.കെ.**
*(അസി. പ്രൊഫസർ, ഗവ: കോളേജ്, കാഞ്ഞിരംകുളം)*




# ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് പഞ്ചായത്തിൽ സാധ്യമോ?

**കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് 2007-ൽ നടപ്പിലാക്കിയ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (Total Quality Management) അഥവാ TQM, മെച്ചപ്പെട്ട ഓഫീസ് മാനേജ്മെന്റും ഗുണമേന്മയുള്ള സേവനപ്രദാന സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധ്യമാക്കാനുള്ള പ്രായോഗിക മാനേജ്മെന്റ് തന്ത്രമാണെന്നു തെളിയിച്ചു.**

പഞ്ചായത്തിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ പ്രതിപാദിച്ചുവല്ലോ? എന്നാൽ ഇവയെല്ലാം പഞ്ചായത്തിൽ സാധ്യമാണോയെന്ന് തോന്നിയേക്കാം. വിവിധ പഞ്ചായത്തുകളുടെ സദ്ഭരണ ഉദ്യമങ്ങളും ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റും പഞ്ചായത്ത് ശ്രമിച്ചാൽ ഇവയൊക്കെ സാധ്യമാണെന്ന് വ്യക്തമാക്കുന്നു.

**1. ചില സദ്ഭരണ ഉദ്യമങ്ങൾ**

സദ്ഭരണ തത്വങ്ങൾ നടപ്പിലാക്കുന്നതിന് ഒറ്റപ്പെട്ടതെങ്കിലും ശ്രദ്ധേയമായ ചില ഉദ്യമങ്ങൾ - പ്രത്യേകിച്ചും ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമമാക്കുവാൻ - കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. ബി.എൻ.സുരേഷ് കാസർകോട് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിൽ 2006-ൽ സെക്രട്ടറി ആയിരിക്കെ മെച്ചപ്പെട്ട ഓഫീസ് മാനേജ്മെന്റിനായി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമാണ്. തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തും, നെല്ലനാട് ഗ്രാമപഞ്ചായത്തും ചേർന്ന് പഞ്ചായത്ത് ഓഫീസിന്റേയും ഘടക സ്ഥാപനങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മാർഗരേഖ തയ്യാറാക്കി പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ഓഫീസ് മാനേജ്മെന്റിനുള്ള അനുകരണീയ മാതൃകയാണ്. കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് 2007 -ൽ നടപ്പിലാക്കിയ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (Total Quality Management) അഥവാ TQM, മെച്ചപ്പെട്ട ഓഫീസ് മാനേജ്മെന്റും ഗുണമേന്മയുള്ള സേവനപ്രദാന സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധ്യമാക്കാനുള്ള പ്രായോഗിക മാനേജ്മെന്റ് തന്ത്രമാണെന്നു തെളിയിച്ചു. കാസറഗോഡ് ജില്ലയിൽ 2007 കാലയളവിലെ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഓഫീസുകളുടെ കാര്യക്ഷമതയ്ക്കായി

**കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്ത് 2010 ൽ കരസ്ഥമാക്കിയ ISO 9001: 2008 പഞ്ചായത്ത് തലത്തിലെ ഗുണമേന്മാ സംവിധാനത്തിനുള്ള അതുല്യമാതൃകയാണ്. തൃശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്ത് 2011-ൽ നടപ്പിലാക്കിയ വൺ മിനിറ്റ് സർട്ടിഫിക്കറ്റ് സംവിധാനം ഒരു ഇ-ഗവേർണൻസ് മാതൃകയാണ്.**

പുറപ്പെടുവിച്ച മാതൃകാ ഓഫീസ് ഉത്തരവ് (നമ്പർ ബി.4-1359/2007; തിയ്യതി 19/07/2007) ഓഫീസ് മാനേജ്മെന്റിൽ കാര്യക്ഷമത കൈവരിക്കാനുള്ള മാർഗരേഖയാണ്. കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്ത് 2010 ൽ കരസ്ഥമാക്കിയ ISO 9001: 2008 പഞ്ചായത്ത് തലത്തിലെ ഗുണമേന്മാ സംവിധാനത്തിനുള്ള അതുല്യമാതൃകയാണ്. തൃശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്ത് 2011 ൽ നടപ്പിലാക്കിയ വൺ മിനിറ്റ് സർട്ടിഫിക്കറ്റ് സംവിധാനം ഒരു ഇ-ഗവേർണൻസ് മാതൃകയാണ്. ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് 2013 ൽ ISO സർട്ടിഫിക്കറ്റ് നേടിയതും തദ്ദേശ ഭരണ സംവിധാനങ്ങളിൽ സേവനപ്രദാന സംവിധാനം മെച്ചപ്പെടുത്തിയതിന് ഉത്തമ ഉദാഹരണമാണ്.




കാര്യക്ഷമമായ ഓഫീസ് മാനേജ്മെന്റ് എന്ന ചിന്തയിലേക്ക് ഇത്തരം ഉദ്യമങ്ങൾ ഉളവാക്കുന്ന സ്വാധീനം ചെറുതല്ല. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ അനുഭവപാഠം ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് 2009-ൽ നടപ്പിലാക്കിയത്.

**2.ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് : അതുല്യ മാതൃക**

ജനപ്രതിനിധികൾക്കായി 2005-06 ൽ കില സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് കോഴ്സിൽ പ്രാദേശിക ഭരണസംവിധാനത്തിന്റെ പ്രവർത്തന ഗുണമേന്മ ഉറപ്പുവരുത്തുന്നതിലേക്കായി TQM ന്റെ സാധ്യതകൾ സംബന്ധിച്ച് പരിശീലനം നൽകുകയുണ്ടായി. TQM സങ്കൽപ്പത്തിന്റെ പ്രചോദനം ഉൾക്കൊണ്ട അന്നത്തെ പരിശീലനാർത്ഥിയും ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ കെ.പി.എ. ഹാഷിം അതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി. ചെറുവണ്ണൂർ-നല്ലളം പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ TQM എന്ന ആശയം ബോധ്യപ്പെടുത്തി. സ്റ്റാന്റിംഗ് കമ്മിറ്റികൾ, സ്റ്റിയറിംഗ് കമ്മിറ്റി, പഞ്ചായത്ത് സമിതി, ജീവനക്കാർ എന്നീ തലങ്ങളിലെ ചർച്ചകളിലൂടെ TQM നടപ്പിലാക്കാൻ പഞ്ചായത്ത് തീരുമാനിച്ചു. ജീവനക്കാരുടെ യോഗങ്ങളിലും പഞ്ചായത്ത് യോഗങ്ങളിലും ഗുണനിലവാരത്തിന്റെ സ്ഥായിയായ നിലനില്പിനായി നേതൃത്വ പിന്തുണ കൊടുക്കുവാനും, നിരന്തര പരിശീലനം നടത്തുവാനും, ഉദ്യോഗ കൂട്ടായ്മ രൂപീകരിക്കുവാനും പഞ്ചായത്ത് തീരുമാനിച്ചു. ഭൗതിക സൗകര്യങ്ങൾ ഒരുക്കിയും, ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിച്ചും സേവനം മെച്ചപ്പെടുത്തുന്നതിന് ഉതകുന്നരീതിയിൽ ഓഫീസ് ചിട്ടയായി ക്രമീകരിച്ചും ഗുണനിലവാരം ഉറപ്പുവരുത്താൻ പര്യാപ്തമായ സജ്ജീകരണങ്ങൾ ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി. പഞ്ചായത്തിൽ TQM ന്റെ ഭാഗമായി 2007 ൽ നടപ്പിലാക്കിയ കാര്യങ്ങളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

**2.1 സേവന കേന്ദ്രം**

പൊതുജനങ്ങളുടെ അപേക്ഷകളും പരാതികളും തപാലുകളും സ്വീകരിക്കാനായി പഞ്ചായത്താഫീസിനു മുന്നിൽ സേവന കേന്ദ്രം എന്ന പേരിൽ ഒരു കൗണ്ടർ സ്ഥാപിച്ചു. സേവന കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള അടിയന്തിര ആവശ്യം പരിഹരിക്കുന്നതിന് സാക്ഷരതാ പ്രേരക്മാരെ നിയോഗിച്ചു. സേവന കേന്ദ്രത്തിൽ ജനങ്ങളുടെ അപേക്ഷ സ്വീകരിക്കുക, സേവനം/വിവരം നൽകുക എന്നിവയ്ക്കാണ് പ്രേരക്മാരെ നിയോഗിച്ചത്. സ്വീകരിക്കുന്ന അപേക്ഷകൾക്ക് സേവനം ലഭിക്കുന്ന തീയതി രേഖപ്പെടുത്തി കൈപ്പറ്റു രസീത് കൊടുക്കുകയും, എല്ലാ അപേക്ഷകൾക്കും രേഖയുണ്ടാക്കുകയും ചെയ്തു. അവ നൽകുവാനുള്ള ഉദ്യോഗസ്ഥ ഉത്തരവാദിത്തവും ഉറപ്പാക്കി. സ്വീകരിക്കുന്ന അപേക്ഷകൾ പോരായ്മകൾ പരിഹരിച്ച് അതത് സെക്ഷനുകളിലേക്ക് കൊടുക്കുക, സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ സെക്ഷനുകളിൽ നിന്നും കൃത്യസമയത്ത് തന്നെ ശേഖരിച്ച് ജനങ്ങൾക്ക് കൈമാറുക തുടങ്ങിയവയ്ക്കായി എർപ്പെടുത്തിയ സേവന കേന്ദ്രം എന്ന ആശയമാണ് 2009ൽ ഫ്രണ്ട് ഓഫീസായി രൂപാന്തരപ്പെട്ടത്.

**2.2 ഭൗതിക സൗകര്യങ്ങൾ**

പൊതുജനങ്ങൾക്ക് എഴുതുവാനും, അപേക്ഷ തയ്യാറാക്കാനും ഉള്ള സൗകര്യങ്ങൾക്കായി ഇരിപ്പിടങ്ങളും മേശയും മറ്റു സൗകര്യങ്ങളും സജ്ജീകരിച്ചു. കൂടാതെ പേന, പേപ്പർ, അപേക്ഷാ ഫോറം, പശ, പിൻ, ക്ലിപ്പുകൾ, ടാഗ് എന്നിവയും; കുടിവെള്ളം, ടിവി കാണുവാനുള്ള സൗകര്യം, ഓഫീസ് സമയത്തല്ലാതെ വരുന്ന പരാതികൾ ഇടാൻ പരാതിപ്പെട്ടി, മുതിർന്നവർക്കും കുട്ടികൾക്കുമുള്ള വായന കോർണർ; സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക സൗകര്യങ്ങളോടുകൂടിയതും വൃത്തിയുള്ളതുമായ ടോയ്‌ലറ്റുകൾ, പ്രഥമ ചികിത്സാ കിറ്റ് എന്നിവയും പഞ്ചായത്തിൽ ഏർപ്പെടുത്തി.

**2.3 ഓഫീസ് ക്രമീകരണങ്ങൾ**

ഓഫീസിനകത്ത് എല്ലാ ജീവനക്കാർക്കും പരസ്പരം കാണാൻ പാകത്തിന് ഇരിപ്പിടങ്ങൾ പുന:ക്രമീകരിച്ചു. ആവശ്യമായ സ്റ്റേഷനറിയും സൗകര്യങ്ങളും സജ്ജീകരിച്ചു. സേവന കേന്ദ്രത്തിൽ ആവശ്യമായ അപേക്ഷാ ഫോറങ്ങൾ വിതരണത്തിനായി ക്രമീകരിച്ചു. ജനപ്രതിനിധികൾ, ഘടകസ്ഥാപനങ്ങൾ, കുടുംബശ്രീ ഭാരവാഹികൾ, മറ്റു പ്രധാനപ്പെട്ടവർ എന്നിവരുടെ ഫോൺ നമ്പറുകളും വിലാസങ്ങളും, കൂടാതെ പൗരാവകാശരേഖയും പൊതുജനങ്ങൾക്ക്

**ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും പഞ്ചായത്ത്‌രാജ് നിയമം, ചട്ടങ്ങൾ, വ്യക്തിത്വ വികസനം, നൂതനസാങ്കേതിക വിദ്യകൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച ഉച്ചക്കുശേഷം ക്ലാസ്സുകൾ സംഘടിപ്പിച്ചു.**

ലഭ്യമാകത്തക്കരീതിയിൽ തയ്യാറാക്കി വച്ചു. വരുന്ന അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വേഗത്തിൽ സെക്ഷനുകളിലേക്ക് എത്തിക്കാനും, തൻപതിവേടിൽ രേഖപ്പെടുത്തി ഫയലുകളുടെ ചലനം മനസ്സിലാക്കാനും സംവിധാനമുണ്ടാക്കി. കൂടാതെ ജീവനക്കാർ ഓഫീസിൽ എത്തിക്കഴിഞ്ഞാൽ അതിനുശേഷം പുറത്തോ, മറ്റ് ഓഫീസുകളിലേക്കോ ഫീൽഡിലേക്കോ പോകുന്ന വിവരം രേഖപ്പെടുത്താൻ മൂവ്മെന്റ് രജിസ്റ്ററും (Movement Register) ഏർപ്പെടുത്തി.

**2.4 ഓഫീസ് നവീകരണം**

പഞ്ചായത്ത് കെട്ടിടം പെയിന്റടിച്ച് വൃത്തിയാക്കി. ഓഫീസ് ഫർണിച്ചറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി. ഓഫീസ് പരിസരം ശുചീകരിച്ചു. കമ്പ്യൂട്ടർ സംവിധാനം മെച്ചപ്പെടുത്തി. ജീവനക്കാരുടെ പേരുവിവരം, സെക്ഷൻ എന്നിവ എഴുതിയ ബോർഡ് ഇരിപ്പിടങ്ങളിൽ പ്രദർശിപ്പിച്ചു.

**2.5 റെക്കാർഡ് റൂം**

റെക്കാർഡ് റൂം സജ്ജീകരിച്ച് എല്ലാ പ്രമാണങ്ങളും രേഖകളും ഞൊടിയിടയിൽ കിട്ടത്തക്കരീതിയിൽ ക്രമീകരിച്ചു. അതിന്റെ സൂക്ഷിപ്പും വിതരണവും ജീവനക്കാരെ ഏല്പിച്ചു.

**2.6 പൗരാവകാശരേഖയുടെ പരിഷ്ക്കരണവും പ്രദർശനവും**

പൗരാവകാശരേഖ ജനങ്ങളുടെ കൂടി ആശയങ്ങൾ ഉൾച്ചേർത്ത് പുന:രാവിഷ്ക്കരിച്ചു. സേവനങ്ങൾ ലഭിക്കുവാൻ വേണ്ട പരമാവധി സമയം, ഫീസ്, അപേക്ഷയോടൊപ്പം വയ്ക്കേണ്ട മറ്റു രേഖകൾ എന്നിവ രേഖപ്പെടുത്തിയ വലിയ ബോർഡ് പഞ്ചായത്ത് ഓഫീസിനു മുമ്പിൽ പ്രദർശിപ്പിച്ചു. ഘടകസ്ഥാപനങ്ങൾ, രാഷ്ട്രീയപാർട്ടി ഓഫീസുകൾ, തൊഴിലാളി സങ്കേതങ്ങൾ, വീടുകൾ, ഗ്രാമസഭ, എന്നിവിടങ്ങളിലും ജനങ്ങൾ വന്നുചേരുന്ന മറ്റ് ഓഫീസുകളിലും പൗരാവകാശരേഖ വ്യാപകമായി വിതരണം ചെയ്തു.

**2.7 പ്രദർശന ബോർഡുകൾ**

പഞ്ചായത്ത് ഓഫീസിനുപുറത്ത് നോട്ടീസ് ബോർഡ്, മീറ്റിംഗ് ബോർഡുകൾ (ഗ്രാമസഭാ യോഗം, പഞ്ചായത്ത് യോഗം, സ്റ്റാന്റിംഗ് കമ്മിറ്റി യോഗം, സ്റ്റിയറിംഗ് കമ്മിറ്റി യോഗം, സ്റ്റാഫ് യോഗം), ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രൈബ്യൂണൽ, ജാഗ്രതാസമിതി, ജനന-മരണ രജിസ്ട്രേഷൻ, വിവരാവകാശ നിയമം, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുതലായവ സംബന്ധിച്ച വിവരങ്ങൾ, ഓഫീസ് പ്രവർത്തന സമയം, സെക്ഷനുകളുടെ ചുമതല, ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും ഹാജർ എന്നിവ പ്രദർശിപ്പിച്ചു. ഇതിലൂടെ പൊതുജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസിൽ വന്നാൽ ഓരോ സെക്ഷന്റെയും ചുമതലപ്പെട്ട ജീവനക്കാർ, അവരുടെ ഹാജർ എന്നിവ വേഗത്തിൽ മനസ്സിലാക്കാൻ സാധിച്ചു. ഇവ പുതുക്കുന്ന ഉത്തരവാദിത്തം നിർണ്ണയിക്കുകയും തുടർച്ചയായ വിലയിരുത്തൽ നടത്തുകയും ചെയ്തു.

**2.8 ക്വാളിറ്റി സർക്കിൾ**

പഞ്ചായത്തിലെ വിവിധ ദൗത്യങ്ങളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ക്വാളിറ്റി സർക്കിൾ (Quality Circle) രൂപീകരിച്ചു. പഞ്ചായത്ത് ഓഫീസിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും ഉള്ള വേദിയായും, തുടർച്ചയായ പരിശീലന വിഷയങ്ങൾ നിശ്ചയിക്കുക, സംഘടിപ്പിക്കുക എന്നീ ഉത്തരവാദിത്തങ്ങൾ നിറവേറ്റാനുള്ള സംവിധാനമായും, പരസ്പര സൗഹൃദം ഉറപ്പിക്കുവാനുള്ള വഴികാട്ടിയായും ജീവനക്കാരുടെ ക്വാളിറ്റി സർക്കിൾ സംവിധാനം ഉപകരിച്ചു.

**2.9 പരാതി പരിഹാരം**

ഭരണ-വികസന-ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൗരന്മാർക്കുണ്ടാകുന്ന പരാതികൾ പഞ്ചായത്ത് ഭരണസമിതി സമയബന്ധിതമായി തീർപ്പാക്കി. അവയുടെ റെക്കോർഡും സൂക്ഷിച്ചു. ജീവനക്കാരും ജനപ്രതിനിധികളും തമ്മിലുള്ള പരാതികളും/പ്രശ്നങ്ങളും സംയുക്ത സമിതി രൂപീകരിച്ച് പരിഹരിച്ചു. ജീവനക്കാരും പൊതുജനങ്ങളുമായുള്ള പ്രശ്നങ്ങൾ ക്വാളിറ്റി സർക്കിൾ വഴി പരിഹരിച്ചു; കഴിയാത്തവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പഞ്ചായത്ത് സമിതി നടപ്പിലാക്കി. കൂടാതെ പൊതുജനങ്ങൾ, ജീവനക്കാർ, ജനപ്രതിനിധികൾ എന്നിവരുടെ പരാതികൾ പരിഹരിക്കാൻ പഞ്ചായത്ത് സമിതി കർമ്മനിരതരായി. സമയബന്ധിതമായ തീർപ്പാക്കലിനും ജനപ്രതിനിധികളും ജീവനക്കാരും തമ്മിലുള്ള പരസ്പര ഇടപെടൽ ഹൃദ്യമാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിയുടെ നിരന്തര പരിശ്രമത്തിലൂടെയും വിലയിരുത്തൽ യോഗങ്ങളിലൂടെയും കഴിഞ്ഞു.

**2.10 നിരന്തര പരിശീലനവും അംഗീകാരവും**

ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും കാര്യപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും പഞ്ചായത്ത്‌രാജ് നിയമം, ചട്ടങ്ങൾ, വ്യക്തിത്വ വികസനം, നൂതനസാങ്കേതിക വിദ്യകൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച ഉച്ചക്കുശേഷം ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥരെ ഭരണസമിതി സമ്മാനങ്ങൾ നൽകി അഭിനന്ദിക്കുകയും ചെയ്തു.

ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിലെ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ വിജയപാഠം ഉൾക്കൊണ്ട് അവിടെ നടപ്പിലാക്കിയ ഭൗതികസൗകര്യങ്ങളാണ് ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് എന്ന പേരിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 2009-ൽ നടപ്പിലാക്കിയത്. ■

*അടുത്ത ലക്കത്തിൽ*
*ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്*

**പി.കെ. ഡാഷ്**

ഫീച്ചർ



# തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണ സംവിധാനം

ഇന്ത്യയുടെ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പാർലമെന്റ്, സംസ്ഥാന നിയമസഭകൾ എന്നീ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പുകൾ നടത്തുന്നത് തെരഞ്ഞെടുപ്പു കമ്മിഷനാണ്. ഭരണ ഘടനയുടെ 324-ാം വകുപ്പു പ്രകാരം തെരഞ്ഞെടുപ്പുകളുടെ നിയന്ത്രണം മേൽനോട്ടം തുടങ്ങിയ അധികാരങ്ങളെല്ലാം കമ്മിഷനിൽ നിക്ഷിപ്തമാണ്.

ബഹുപാർട്ടി ജനാധിപത്യ പ്രവർത്തനത്തിലെ അവിഭാജ്യ ഘടകമാണ് പണം. പക്ഷെ പണാധികാരത്തിൽ ചില അപകടങ്ങളും പതിയിരിക്കുന്നു.

1. നിരപ്പല്ലാത്ത കളിസ്ഥലം, ചട്ടങ്ങൾ പാലിക്കുന്ന നല്ല കളിയുടെ അഭാവം,
2. രാഷ്ട്രിയമായി ഒറ്റപ്പെടൽ അതായത്ചില വിഭാഗങ്ങൾ അവഗണന നേരിടുന്നു,
3. രാഷ്ട്രിയക്കാർ പ്രചാരണം മൂലം കടക്കെണിയിലാകുന്നു.
4. ഭരണം ദുഷിക്കുന്നു, നിയമവാഴ്ച്ച ഇല്ലാതാകുന്നു.

ഈ വക കാരണങ്ങളാൽ നിയമസഭാ, പാർലമെന്റ് മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പുകാലത്ത് പണത്തിന്റെ അധികാര വാഴ്ച്ച ഇല്ലാതാക്കാൻ കമ്മിഷൻ ജാഗ്രതയോടെ പ്രവർത്തിക്കുന്നു. തെരഞ്ഞെടുപ്പു ചെലവുകൾ നിരീക്ഷിക്കാനുള്ള ശക്തമായ സംവിധാനമാണ് കമ്മിഷൻ ഏർപ്പെടുത്തിയിരിക്കുന്നത്. ഇത് ആദ്യം നടപ്പാക്കിയത് 2010-ൽ ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിലാണ്. തുടർന്ന് 2010 മുതൽ 2013 വരെ നടന്ന പശ്ചിമ ബംഗാൾ, ആസാം, കേരളം, തമിഴ്നാട്, പുതുച്ചേരി, ഉത്തർ പ്രദേശ്, പഞ്ചാബ്, ഉത്തരഖണ്ഡ്, മണിപ്പൂർ, ഗോവ, ആന്ധ്ര, ജാർഖണ്ഡ്, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, മേഘാലയ, ത്രിപുര,കർണാടക, രാജസ്ഥാൻ,ഡൽഹി, മധ്യപ്രദേശ്, ഛത്തിസ്ഗഡ്, മിസോറാം തുടങ്ങിയ നിയമസഭാ തെരഞ്ഞെടുപ്പുകളിലും ഉപ തെരഞ്ഞെടുപ്പുകളിലും ഈ സംവിധാനം വളരെ ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിൽ നടപ്പിലാക്കി. മേൽപറഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് മണ്ഡലങ്ങളിൽ ചെലവഴിക്കുന്നതിനു കൊണ്ടുവന്ന ഏകദേശം 215 കോടിയുടെ അനധികൃത പണമാണ് കമ്മിഷൻ പിടിച്ചെടുത്തത്.

**തെരഞ്ഞെടുപ്പിനു മുമ്പായി ഓരോ സ്ഥാനർത്ഥിയും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. തെരഞ്ഞെടുപ്പിന് ചെലവാകുന്ന പണം ഈ അക്കൗണ്ട് മുഖേന ചെക്കുകളും ഡ്രാഫ്റ്റുകളുമായി മാത്രം നല്കണം.**



**തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണ സംവിധാനത്തിന്റെ പ്രത്യേകതകൾ**

1. തെരഞ്ഞെടുപ്പിനു മുമ്പായി ഓരോ സ്ഥാനർത്ഥിയും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. തെരഞ്ഞെടുപ്പിന് ചെലവാകുന്ന പണം ഈ അക്കൗണ്ട് മുഖേന ചെക്കുകളും ഡ്രാഫ്റ്റുകളുമായി മാത്രം നല്കണം.
2. ഓരോ ജില്ലകളിലും പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കാനായി ടോൾ ഫ്രീ നമ്പരോടു കൂടി 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിഹാര സെൽ.
3. തെരഞ്ഞെടുപ്പ് ചെലവുകൾ സംബന്ധിച്ച പൊതു ജന പരാതി പരിഹരിക്കുന്നതിനും വോട്ടർമാരെ സ്വാധീനിക്കാൻ അനധികൃത പണക്കൈമാറ്റം, മദ്യം- കൈക്കൂലി വിതരണം എന്നിവ തടയുന്നതിനും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മാരുടെ നേതൃത്വത്തിൽ ഓരോ മണ്ഡലത്തിലും ഫ്ളൈയിംങ് സ്ക്വാഡ്, ദ്രുതകർമ സേനവിഭാഗങ്ങൾ.
4. സംസ്ഥാനത്തെ വിമാനത്താവളങ്ങൾ, പ്രധാന റെയിൽവേ സ്റ്റേഷനുകൾ, ഹോട്ടലുകൾ, ഫാം ഹൗസുകൾ, ഹവാല ഏജന്റുമാർ, പണ ദല്ലാൾമാർ, പണ കൈമാറ്റക്കാർ തുടങ്ങി പണമിടപാടുമായി ബന്ധപ്പെട്ട് സംശയമുള്ള എല്ലാവരെയും ആദായ നികുതി വിഭാഗം സൂക്ഷ്മമായി നിരീക്ഷിക്കും. ആവശ്യമെങ്കിൽ നടപടികളും സ്വീകരിക്കും.
5. തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ബാങ്കുകളിലെ സംശയാസ്പദമായ എല്ലാ പണമിടപാടുകളും നിരീക്ഷിക്കും.
6. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ആദായ നികുതി, കസ്റ്റംസ്, സെൻട്രൽ എക്സൈസ് വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരെ ചെലവു നിരീക്ഷകരായി ഓരോ ജില്ലയിലും നിയമിക്കും.
7. ചെലവ് നിരീക്ഷകരെ സഹായിക്കാൻ നിയോജകമണ്ഡലങ്ങൾ തോറും അസിസ്റ്റന്റ് എക്സ്പന്റീച്ചർ ഒബ്സർവർമാരെയും നിയമിക്കും.
8. ഓരോ നിയോജകമണ്ഡലത്തിലും രഹസ്യ നിരീക്ഷണ രജിസ്റ്റർ സൂക്ഷിക്കും. ഓരോ സ്ഥാനാർത്ഥിയുടെയും ചെലവുകൾ രേഖപ്പെടുത്തി വയ്ക്കും.
9. സ്ഥാനാർത്ഥികൾ മണ്ഡലത്തിൽ നടത്തുന്ന പ്രചാരണപരിപാടികൾ വിഡിയോ ക്യാമറയിൽ പകർത്തി സൂക്ഷിക്കും.
10. രഹസ്യ നിരീക്ഷണ രജിസ്റ്റർ സൂക്ഷിക്കുന്നതിന് പ്രത്യേക അക്കൗണ്ടിംങ് ഉദ്യോഗസ്ഥരെ നിയോഗിക്കും.
11. സ്ഥാനാർത്ഥികൾ അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പരസ്യങ്ങളും പണം നല്കി വാർത്തകളും പ്രസിദ്ധീകരിക്കുന്നത് നിരീക്ഷിക്കാൻ മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മീഡിയ എക്സ്പന്റീച്ചർ കമ്മിറ്റികൾ രൂപീകരിക്കും.

*ശേഷം 21-ാം പേജിൽ*

# ഗ്രാമ പഞ്ചായത്ത്

## ടി. കുഞ്ഞാന് അനുമോദനം



കേരള സംസ്ഥാന സിവിൽ സർവ്വീസ് ടൂർണ മെന്റിൽ അത്‌ലറ്റിക്സ് മീറ്റിൽ 5000മീറ്ററിൽ 2–ാം സ്ഥാനവും വെറ്ററൻസ് മീറ്റിൽ 1500, 5000, 10000 മീറ്ററിലെ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ കണ്ണൂർ പെർഫോർമൻസ് യൂണിറ്റ് 2ലെ സീനിയർ ക്ലാർക്ക് ടി കുഞ്ഞാനെ അനുമോദിച്ചു. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് സ്റ്റാഫ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നൽകിയ അനുമോദനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എം.എസ്.നാരായണൻ നമ്പൂതിരി ഉപഹാര സമർപ്പണം നടത്തി. സ്റ്റാഫ് കൗൺസിൽ പ്രസിഡന്റ് എൻ. പ്രദീപ് കുമാർ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എബ്രഹാം പീറ്റർ, സീനിയർ സൂപ്രണ്ടുമാരായ എ ഗോവിന്ദ പൊതുവാൾ കെ. നാരായണൻകുട്ടി, പ്രീജിത്ത് എൻ, ഇ പി അബ്ദുള്ള, കെ ബി ഗണേശൻ, പ്രസാദ് പി പി, രാഗേഷ് എലിയൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. ടി കുഞ്ഞാൻ മറുപടി പ്രസംഗം നടത്തി. പി.കെ മോഹനൻ സ്വാഗതവും എൻ.എൻ. പ്രസന്നകുമാർ നന്ദിയും പ്രകാശിപ്പിച്ചു.

## ജനപ്രതിനിധി മാതൃകയാകുന്നു



എറണാകുളം ജില്ലയിലെ തീരദേശ മേഖലയായ ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിലെ നീണ്ടൂർ വാർഡ് മെമ്പറും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായ വി.എ.താജുദ്ദീനാണ് തന്റെ വേറിട്ട പ്രവർത്തന ശൈലിയിലൂടെ മാതൃകയായി മാറുന്നത്. ജനപ്രതിനിധി എന്ന നിലയിൽ തനിക്ക് ലഭിക്കുന്ന ഹോണറേറിയം തുക ഉപയോഗിച്ച് തന്നെ തിരഞ്ഞെടുത്ത വാർഡിലെ വൃദ്ധർക്കും - ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന ഹതഭാഗ്യർക്കും കാരുണ്യം എന്ന പേരിൽ പ്രതിവാര പോഷകാഹാര വിതരണ പരിപാടിയാണ് താജുദ്ദീനെ ശ്രദ്ധേയനാക്കുന്നത്. വെളിച്ചം എന്ന പേരിൽ സൗജന്യ പഠനോപകരണങ്ങൾ-നൽകുന്നതും, എസ് എസ് എൽ സി ജയിക്കുന്ന എല്ലാ കുട്ടികൾക്കും പതിവായി സമ്മാനങ്ങൾ നൽകുന്നതും ഈ ജനപ്രതിനിധിയുടെ മറ്റൊരു മാതൃകാ പ്രവർത്തനമാണ്. ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ ഒരു രൂപ പോലും പിരിവെടുക്കാതെ നടത്തുന്ന പ്രവൃത്തി കൊണ്ടാണ് താജുദ്ദീൻ മാതൃകയാകുന്നത്. ഇദ്ദേഹത്തിന്റെ മറ്റൊരു പദ്ധതിയാണ് തന്റെ വാർഡിനെ പൂർണ്ണമായും പ്ലാസ്റ്റിക് രഹിത ഗ്രാമമാക്കി മാറ്റുക എന്നത്. കടകളിൽ നിന്നും വീടുകളിലെത്തുന്ന പ്ലാസ്റ്റിക് കിറ്റുകൾ അലക്ഷ്യമായി വലിച്ചെറിയാതെ വൃത്തിയാക്കി വാർഡു മെമ്പറെ ഏൽപ്പിച്ചാൽ ഉടനടി തൂക്കത്തിനനുസരിച്ച് പണം നൽകുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. താജുദ്ദീന്റെ ഇത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ പരിസ്ഥിതി സംഘടന ഈ വർഷം അദ്ദേഹത്തെ മാതൃകാ മെമ്പറായി തെരെഞ്ഞെടുത്തിരുന്നു.

# അതുകളിലൂടെ

## പള്ളിച്ചൽ സംസ്ഥാനത്തെ ആദ്യ ഇ- സാക്ഷരതാ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

വിവര സാങ്കേതിക വിദ്യ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി പള്ളിച്ചലിലെ മുഴുവൻ കുടുംബങ്ങളെയും കമ്പ്യൂട്ടർ സാക്ഷരരാക്കുന്നതിലൂടെ വിവര സാങ്കേതിക വിദ്യയുടെ ജനാധിപത്യവത്ക്കരണമാണ് ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഇ-സാക്ഷരതാ യജ്ഞത്തിലൂടെ ലക്ഷ്യമിടുന്നത്.



ഇ- സാക്ഷരതാ പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായി പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ആഭിമുഖ്യത്തിലാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള നാഷണൽ സർവ്വീസ് സ്കീം ടെക്നിക്കൽ സെൽ, മിത്രം റൂറൽ ഇൻഫർമേഷൻ ആന്റ് ഡെവലപ്പ്മെന്റ് സെന്റർ എന്നീ ഏജൻസികളാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകിയത്.

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടുകൂടി ഇരുപത്തി മൂന്ന് (23) വാർഡുകളിലും ഇ-സാക്ഷരതാ സർവ്വേയിലൂടെ കമ്പ്യൂട്ടർ നിരക്ഷരരെ കണ്ടെത്തുകയും ഒന്നാം ഘട്ടമായി ഓരോ കുടുംബത്തിലെയും അംഗങ്ങളെ കമ്പ്യൂട്ടർ സാക്ഷരരാക്കുവാനും കഴിഞ്ഞു.

നാഷണൽ സർവ്വീസ് സ്കീം ടെക്നിക്കൽ സെല്ലിനു കീഴിലുള്ള പന്ത്രണ്ട് എഞ്ചിനീയറിംഗ് കോളേജിൽ നിന്നായി 1172 വിദ്യാർത്ഥികൾ ഇൻസ്ട്രക്ടർമാരായി 54 ദിവസം പ്രവർത്തിച്ചു.

ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയായ 52,562 പേരിൽ 18672 കമ്പ്യൂട്ടർ നിരക്ഷരരാണെന്ന് കണ്ടെത്തുകയുണ്ടായി. ഇവരെ കഴിഞ്ഞ 54 ദിവസത്തെ തീവ്രയജ്ഞത്തിലൂടെ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ 16,784 പേർക്ക് (ഏതാണ്ട് 90 ശതമാനം) കമ്പ്യൂട്ടർ പരിജ്ഞാനം നൽകിയ സമ്പൂർണ്ണ ഇ-സാക്ഷരത പദ്ധതിയുടെ ഒന്നാംഘട്ടം മാർച്ച് ഒന്നാം തീയതി പൂർത്തീകരിച്ചു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിവര സാങ്കേതിക വിദ്യയുടെ മുഖമായ വീഡിയോ കോൺഫറൻസിലൂടെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിനെ കേരളത്തിലെ ആദ്യസമ്പൂർണ്ണ ഇ-സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിച്ചു. ആയിരങ്ങൾ സാക്ഷിയായ ചടങ്ങിൽ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യൻ, ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ പഞ്ചായത്തു ഡെപ്പ്യൂട്ടി ഡയറക്ടർ മധുസൂദനക്കുറുപ്പ് പഞ്ചായത്തു പ്രസിഡന്റ് കെ. രാജേഷ്, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. പദ്ധതിയുടെ തുടർച്ചയായി ഇനിയും ഇ-സാക്ഷരരാകേണ്ട വ്യക്തികളെ കണ്ടെത്തി അവരേയും പുതുതായി ഇ-സാക്ഷരത നേടിയവരേയും ഇ-മെയിൽ അയക്കാനും സ്വീകരിക്കുവാനും അഭ്യസിപ്പിച്ച് ഓൺലൈൻ പരീക്ഷയിലൂടെ മൂല്യ നിർണ്ണയം നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതോടെ ഇ- സാക്ഷരതയ്ക്ക് പൂർണത കൈവരിക്കും.

## പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സാബുക്കുട്ടൻ നായർക്കു സദ്സേവന രേഖ



ജില്ലയിലെ പഞ്ചായത്തുകളെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനെയും പ്രവർത്തനമികവിലേക്കു നയിക്കുകയും ആലപ്പുഴയെ സംസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ പെൻഷൻ ജില്ലയാക്കി മാറ്റുന്നതിൽ മികച്ച സംഭാവന നൽകുകയും ചെയ്ത കെ.പി സാബുക്കുട്ടൻ നായരെ സംസ്ഥാന സർക്കാർ സദ്സേവന രേഖ നൽകി ആദരിച്ചു. 2011 ഏപ്രിൽ മുതൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരികയാണ് ഇദ്ദേഹം. ■

ഉദയഭാനു കണ്ടേത്ത്

# പഞ്ചായത്ത് അക്കൗണ്ട്
## സംശയങ്ങളും മറുപടികളും

ഓഡിറ്റ് സർട്ടിഫിക്കറ്റിനെപ്പറ്റി കഴിഞ്ഞ ലക്കത്തിൽ എഴുതിയിരുന്നു. ധാരാളം സംശയങ്ങളും തെറ്റിദ്ധാരണകളും ഇപ്പോഴും നിലനില്ക്കുന്നുണ്ട്. അതിനാൽ ചില കാര്യങ്ങൾ കൂടുതൽ വ്യക്തതയോടെ വിശദീകരിക്കാൻ ശ്രമിക്കട്ടെ.

**അൺക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റും ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റും ക്ലീൻ ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ തന്നെയാണ്. ക്വാളിഫൈഡ് സർട്ടിഫിക്കറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചു കഴിഞ്ഞാൽ അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റിന്റെ ഫലം തന്നെയാണ് അതിനുള്ളത്.**

**ആധാരത്തിൽ തിരുത്തുണ്ടെങ്കിൽ അതേ ആധാരം തന്നെ തിരുത്തി എഴുതാറില്ല. ഒരു പുതിയ തിരുത്താധാരം രജിസ്റ്റർ ചെയ്യുകയാണ് ചെയ്യുന്നത്.**

**ഓഡിറ്റ് കഴിഞ്ഞ് ഓഡിറ്റ് സർട്ടിഫിക്കറ്റു ലഭിച്ചു കഴിഞ്ഞാൽ പിന്നെ, പഴയവർഷത്തെ കണക്കുകളിൽ പുതിയ എൻട്രി വരുത്തുന്ന കാര്യം ചിന്തിക്കരുത്. പഴയ വർഷത്തെ തെറ്റു തിരുത്തുന്നതിന് പുതിയ എൻട്രി വരുത്താം; പക്ഷേ അത് ഇന്നത്തെ ദിവസത്തെ കണക്കിൽ ആയിരിക്കണമെന്നു മാത്രം.**





**മൂന്നു തരം ഓഡിറ്റ്**

1971 -ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സി.എ.ജി) നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനാവശ്യമായ റഗുലേഷനുകൾ നിർമ്മിക്കാനുള്ള അധികാരം സി.എ.ജിക്കു തന്നെയാണ്. ഇവ എല്ലാ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ബാധകമാണ്. നിയമത്തിന്റെ 23-ാം വകുപ്പാണ് ഈ അധികാരം നൽകുന്നത്. ഓഡിറ്റ് സംബന്ധിച്ചും അക്കൗണ്ടിന്റെ പൊതുതത്വങ്ങൾ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളാണ് റഗുലേഷനിൽ ഉൾക്കൊള്ളിക്കേണ്ടത്. ഇതുപ്രകാരം പുറപ്പെടുവിച്ച 2007-ലെ റഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് (Regulations on Audit and Accounts, 2007) പ്രകാരം സർക്കാർ മേഖലയിലെ സ്ഥാപനങ്ങളിൽ മൂന്നുതരം ഓഡിറ്റാണ് നടത്തേണ്ടത്.

**താഴെപറയുന്നവയാണ് അവ:**

(1) ധനകാര്യ ഓഡിറ്റ് (Financial Audit): സ്ഥാപനത്തിന്റെ ധനകാര്യസ്റ്റേറ്റ്മെന്റുകൾ വർഷാവസാനം പരിശോധിക്കുന്നു. അവയിൽ തെറ്റുകളില്ലെന്നും, നടന്ന ഇടപാടുകളുടെ യഥാർത്ഥ ചിത്രം അവയിൽ നിന്നു ലഭ്യമാണെന്നുമുള്ള ഉറപ്പു നൽകാൻ പര്യാപ്തമായ രീതിയിലുള്ള പരിശോധനയാണ് നടത്തുന്നത്. പരിശോധനയുടെ ഫലം ഓഡിറ്റ് സർട്ടിഫിക്കറ്റ് ആയി പുറപ്പെടുവിക്കുന്നു.

(2) നിയമങ്ങളും ചട്ടങ്ങളും പാലിച്ചോ എന്ന ഓഡിറ്റ് (Compliance Audit): സ്ഥാപനത്തിന്റെ വരുമാനം, ചെലവ്, ആസ്തി, ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച ഇടപാടുകൾ പരിശോധിക്കുന്നു, നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ പര്യാപ്തമായ പരിശോധന നടത്തുന്നു. പരിശോധനയ്ക്കു ശേഷം വാർഷിക ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു.

(3) പ്രവർത്തനാവലോകന ഓഡിറ്റ് (Performance Audit): സ്ഥാപനത്തിന്റെ ഏതെങ്കിലുമൊരു പ്രോഗ്രാം ചുമതല, സംവിധാനം തുടങ്ങിയവയുടെ നടത്തിപ്പ് ആഴത്തിൽ പരിശോധിക്കുന്നു. മിതവ്യയം, കാര്യക്ഷമത, ലക്ഷ്യപ്രാപ്തി (Economy Efficiency and Effectiveness) എന്നിവ കൈവരിച്ചുവെന്ന് ഉറപ്പുവരുത്താനാണ് പരിശോധന. പരിശോധനാ ഫലം

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടായി പ്രസിദ്ധീകരിക്കുന്നു.

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

ഭരണഘടനയുടെ 149-ാം അനുച്ഛേദ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും വിവധ സ്ഥാപനങ്ങളുടെയും അതോറിറ്റികളുടെയും ഓഡിറ്റ് ചുമതല സി.എ.ജിക്കാണ്. 1971-ലെ സി.എ.ജി. നിയമപ്രകാരമാണ് ഈ ചുമതല നിർവഹിക്കുന്നത്. മേല്പറഞ്ഞവയുടെയൊക്കെ വാർഷിക കണക്കുകൾ പ്രസിദ്ധീകരിക്കുന്നത്. സി.എ.ജിയുടെ ഓഡിറ്റ് സർട്ടിഫിക്കറ്റ് സഹിതമാണ്.

**വാർഷിക ഓഡിറ്റ് റിപ്പോർട്ട്**

കേന്ദ്രസർക്കാരിന്റെയും സർക്കാർ സ്ഥാപനങ്ങൾ കമ്പനികൾ എന്നിവയുടെ ധനകാര്യ ഇടപാടുകൾ സംബന്ധിച്ച വാർഷിക റിപ്പോർട്ട് സി.എ.ജി പ്രസിഡന്റിനു സമർപ്പിക്കുന്നത്. സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഗവർണർക്കാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. ഇവ യഥാക്രമം പാർലമെന്റിന്റേയും നിയമസഭയുടെയും മേശപ്പുറത്തു വെക്കുന്നു.

**പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സ്ഥാപനങ്ങൾ കമ്പനികൾ എന്നിവയുടെയും പ്രവർത്തനാവലോകന ഓഡിറ്റ് നടത്തി പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് പ്രസിഡന്റിന്/ഗവർണർക്കു സമർപ്പിക്കുന്നു. ഇവ പാർലമെന്റിന്റെ/നിയമസഭയുടെ മേശപ്പുറത്തു വെക്കുന്നു. പെർഫോമൻസ് ഓഡിറ്റ് പ്രതിവർഷം എന്ന പരിമിതിയൊന്നുമില്ല. എപ്പോഴാണോ പ്രസക്തം അപ്പോൾ ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കുന്നു. 2-ജി, 3-ജി അഴിമതി, മുങ്ങിക്കപ്പൽ അഴിമതി എന്നിവ സംബന്ധിച്ച സി.എ.ജി. റിപ്പോർട്ടുകൾ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകളാണ്.

**ഓഡിറ്റിംഗ് സ്റ്റാൻ ഡേഡുകൾ (Auditing Standards):**

ഓഡിറ്റ് നടത്തുന്നതിന്റേയും റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന്റേയും മാനദണ്ഡം, നിലവാരം എന്നിവ സുതാര്യമായിരിക്കണം. ഇവയെപ്പറ്റി ഓഡിറ്റർമാർക്കും, ഓഡിറ്റിനു വിധേയമാകുന്ന സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ബോദ്ധ്യവും വിശ്വാസവും ഉണ്ടായിരിക്കണം. ഇവ ഉൾക്കൊള്ളുന്ന ഓഡിറ്റ് സ്റ്റാൻഡേഡുകൾ പ്രഖ്യാപിക്കുന്നത് ഓഡിറ്റർമാർക്ക് മാർഗദർശകമായിട്ടാണ്. പ്രഖ്യാപിച്ച മാനദണ്ഡവും നിലവാരവും ഓഡിറ്റിന് ഉണ്ടോ എന്ന് നിരീക്ഷിക്കാൻ ഓഡിറ്റിന് വിധേയമായ സ്ഥാപനങ്ങളേയും പൊതുജനങ്ങളേയും പ്രാപ്തരാക്കാനും ഓഡിറ്റ് സ്റ്റാൻഡേഡുകൾക്ക് കഴിയും.

അന്താരാഷ്ട്രതലത്തിൽ സർക്കാർ സംവിധാനങ്ങൾക്ക് ബാധകമായ ഓഡിറ്റിംഗ് സ്റ്റാർഡേഡ്സ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത് ഇന്റോസായി (INTOSAI) ആണ്. ഇന്ത്യയിലെ സി.എ.ജിക്കു തുല്യമായ ഒരു പരമോന്നത ഓഡിറ്റ് സ്ഥാപനം (Supreme Audit Institution) എല്ലാ രാജ്യങ്ങളിലുമുണ്ട്. എല്ലാരാജ്യങ്ങളിലേയും പരമോന്നത ഓഡിറ്റ് സ്ഥാപനങ്ങൾ അടങ്ങുന്ന സംഘടനയാണ് വിയന്ന ആസ്ഥാനമായ INTOSAI (International Organisation of Supreme Audit Institutions www.intosai.org)

ഇന്ത്യയിലെ സാഹചര്യങ്ങൾക്ക് അനുസൃതമായി ഇന്ത്യയിൽ സി.എ.ജിയുടെ ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന് മാർഗ ദർശകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സും സി.എ.ജി.പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് ലോക്കൽഫണ്ട് ഓഡിറ്റിന് ബാധകമാക്കിക്കൊണ്ട് കേരളസർക്കാർ ഉത്തരവും പ്രവർത്തന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർക്കുലറും പുറപ്പെടുവിച്ചിട്ടുമുണ്ട്.

ഈ ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്നത്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സി.എ.ജി.യുടെ ഓഡിറ്റിംഗ് സ്റ്റാൻഡേഡുകളും റഗുലേഷൻസ് ഓൺ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സും പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നേരത്തേ സൂചിപ്പിച്ച മൂന്ന് തരം ഓഡിറ്റും നടത്തുന്നു.

ഇവയിൽ ധനകാര്യ ഓഡിറ്റ് നടത്തി പുറപ്പെടുവിക്കുന്നതാണ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

**നാലുതരം ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ**

ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ നാല് തരമാണ്:

(1) അൺക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ്:

നടന്ന ഇടപാടുകളെല്ലാം ശരിയായ രീതിയിൽ ഈ ധനകാര്യ സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു വിശേഷണവുമില്ല. ഇത് ക്ലീൻ സർട്ടിഫിക്കറ്റാണ്.

(2) ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഞാൻ ഇതോടൊപ്പം ചൂണ്ടിക്കാണിക്കുന്ന ചില പിശകുകൾ ഒഴിച്ചാൽ നടന്ന ഇടപാടുകളെല്ലാം ശരിയായ രീതിയിൽ ഈ ധനകാര്യ സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതും ക്ലീൻ സർട്ടിഫിക്കറ്റ് തന്നെയാണ്. ചൂണ്ടിക്കാണിച്ച പിശകുകൾ തുടർന്നുള്ള വർഷത്തെ കണക്കിൽ ആവശ്യമായ എൻട്രി



വരുത്തി തിരുത്തി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയാൽ മതി. പുതുതായി ഒരു അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ആവശ്യമില്ല; ലഭിക്കുകയുമില്ല. തെറ്റുകൾ ഇപ്പോൾ തിരുത്തിയതായി ബോദ്ധ്യപ്പെട്ടു എന്ന മറുപടി ഓഡിറ്റിൽ നിന്നു ലഭിക്കും.

(3) ഡിസ്ക്ലെയ്മർ ഓഡിറ്റ് സർട്ടിഫിക്കറ്റ്: ഈ ധനകാര്യ സ്റ്റേറ്റ്മെന്റിൽ കാര്യങ്ങൾ വ്യക്തമല്ല; അതിനാൽ ഈ കണക്കുകളുടെ കൃത്യത സംബന്ധിച്ച് ഉറപ്പു നൽകാൻ എനിക്കാവില്ല. ഇപ്രകാരം പ്രഖ്യാപിക്കുന്ന ഡിസ്ക്ലെയ്മർ ഓഡിറ്റ് സർട്ടിഫിക്കറ്റ് വെച്ച് ഒന്നും നേടാനാവില്ല. പുതിയ വർഷത്തെ കണക്കിൽ ഒട്ടേറെ എൻട്രികൾ തിരുത്തലിനു വേണ്ടി നടത്തിയശേഷം അപാകതകൾ പരിഹരിച്ചതായി ഓഡിറ്റിനു റിപ്പോർട്ട് ചെയ്യാം. തെറ്റുകൾ ഇപ്പോൾ തിരുത്തിയിട്ടുണ്ട് എന്ന മറുപടി ഓഡിറ്റ് നൽകും

(4) അഡ്വേഴ്സ് ഓഡിറ്റ് സർട്ടിഫിക്കറ്റ്: ഈ ധനകാര്യ സ്റ്റേറ്റ് മെന്റിലെ കണക്കുകൾ അപ്പാടെ തെറ്റാണ്. സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ ഗ്രാന്റ് ലഭിക്കുകയില്ല. പുതിയ വർഷത്തെ കണക്കിൽ അടിമുടി തിരുത്തലുകൾ വരുത്തുന്നതിനുള്ള എൻട്രി വരുത്തണം. ഇപ്പോഴത്തെ കണക്ക് ശരിയായി എന്ന് ഓഡിറ്റിനു ബോദ്ധ്യപ്പെട്ടാൽ അനുകൂല മറുപടി ലഭിക്കും.

**ധാരണകൾ - ശരിയോ, തെറ്റോ?**

(1) അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് മാത്രമാണ് ക്ലീൻ സർട്ടിഫിക്കറ്റ് - തെറ്റ്.

(2) അൺക്വാളിഫൈഡും ക്വാളിഫൈഡും സർട്ടിഫിക്കറ്റുകൾ ക്ലീൻ സർട്ടിഫിക്കറ്റുകളാണ് - ശരി

(3) അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചെങ്കിൽ മാത്രമേ ലോകബാങ്ക് സഹായമായ പെർഫോമൻസ് ഗ്രാന്റ് ലഭിക്കൂ - തെറ്റ്

(4) ക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചവർക്കും പെർഫോമൻസ് ഗ്രാന്റ് ലഭിക്കും - ശരി (നിബന്ധന: ചൂണ്ടികാണിച്ച പിശകുകൾ ഗുരുതരമായിരിക്കരുത്.)



(5) ക്വാളിഫൈഡ് സർട്ടിഫിക്കറ്റിൽ ഗുരുതരമായ പിശകുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ പെർഫോമൻസ് ഗ്രാന്റിന് അർഹതയില്ല - ശരി (എന്നാൽ ഓഡിറ്റിനേയും KLGSDP - PMU വിനേയും തെറ്റ് തിരുത്തി ബോദ്ധ്യപ്പെടുത്തിയാൽ ഗ്രാന്റ് ലഭിക്കും).

(6) പെർഫോമൻസ് ഗ്രാന്റിന് അർഹത നേടണമെങ്കിൽ ലഭിച്ച ക്വാളിഫൈഡ് സർട്ടിഫിക്കറ്റിനു പകരം അതേ വർഷത്തെ അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് നേടിയെടുക്കണം - തെറ്റ് (തെറ്റ് തിരുത്തി പുതിയ വർഷത്തെ കണക്കിൽ എൻട്രി വരുത്തി ഓഡിറ്റിനേയും PMU വിനേയും ബോദ്ധ്യപ്പെടുത്തിയാൽ മതി.)

(7) ക്വാളിഫൈഡ് സർട്ടിഫിക്കറ്റിൽ ചൂണ്ടിക്കാണിച്ച പിശകുകൾ അതേ വർഷത്തെ കണക്കിൽ തന്നെയാണ് തിരുത്തി എൻട്രി വരുത്തേണ്ടത് - തെറ്റ് (പുതിയ വർഷത്തെ കണക്കിൽ എൻട്രി വരുത്തി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണം).

പോയവർഷത്തെ കണക്കുകളിൽ തെറ്റുണ്ടെങ്കിൽ:

ക്ലോസ് ചെയ്തു പോയ മുൻവർഷങ്ങളിലെ കണക്കുകളിൽ പിശകുണ്ടെന്ന് പിന്നീട് സ്വന്തമായോ ഓഡിറ്റ് ചൂണ്ടിക്കാട്ടിയതു വഴിയോ ബോദ്ധ്യമായാൽ തിരുത്തലുകൾ വരുത്തേണ്ടത് "ഇന്നത്തെ ദിവസത്തെ" കണക്കിലാണ്. ക്ലോസ് ചെയ്ത കണക്കുകൾ വീണ്ടും തുറന്ന് തിരുത്തൽ വരുത്തുന്നത് കണക്കുകളുടെയും ഓഡിറ്റിന്റേയും വിശ്വാസ്യതയെ നശിപ്പിക്കും. അതുകൊണ്ട് എല്ലാ തിരുത്തൽ എൻട്രി ''ഇന്നത്തെ ദിവസത്തെ'' കണക്കിൽ ഉൾപ്പെടുത്തുക. "ഇന്നു" മുതൽ കണക്ക് ശരിയായിത്തീരും.

**ഉയരുന്ന ചോദ്യം:**

ഇപ്പോൾ ഉയരുന്ന ഒരു ചോദ്യമുണ്ട്: ''മുൻവർഷത്തെ കണക്കിലെ തെറ്റ് ഇന്നാണ് കണ്ടുപിടിച്ചതെങ്കിലും പഴയ തീയതി വെച്ച് ഒരു പുതിയ എൻട്രി വരുത്തിയാൽ പണ്ടേക്കുപണ്ടേ ഒരു തെറ്റുമില്ലെന്ന് സ്ഥാപിക്കാനാവില്ലേ?"

സ്ഥാപിക്കാനാവും; പക്ഷേ അതിന്റെ ആവശ്യമുണ്ടോ? മാത്രമല്ല, അതിൽ ഒരു വഞ്ചന അടങ്ങിയിരിപ്പില്ലേ?

"അതിനർത്ഥം, കുറേക്കാലം പഞ്ചായത്ത് കണക്കിൽ തെറ്റുകൾ നിലനിന്നതായി എല്ലാവരും കാണും; ഇന്നുമുതൽ മാത്രമാണ് ശരിയായതെന്നും എല്ലാവരും മനസ്സിലാക്കും."

അതല്ലേയാഥാർത്ഥ്യം? കുറേക്കാലം തെറ്റുകൾ കണക്കുകൾ തെറ്റായി കിടക്കുകയായിരുന്നല്ലോ. ഇപ്പോൾ ശരിയായിട്ടുമുണ്ട്. പഞ്ചായത്തിന്റെ കണക്ക് ഇപ്പോൾ ശരിയാണ് എന്ന് അഭിമാനത്തോടെ പറയാനാവും. പണ്ട് കുറേ തകരാറുകൾ ഉണ്ടായിരുന്നു; ഇപ്പോൾ ശരിയാക്കി എന്നുപറയുന്നതിൽ സത്യസന്ധതയും അഭിമാനവും ഒരുപോലെയുണ്ട്.

**ഒരു കഥ**

ഒരാൾ പഴത്തൊലിയിൽ ചവിട്ടി ടാറിട്ട റോഡിൽ തെന്നിവീണു. വാഹനങ്ങളൊന്നും വരാത്തതിനാൽ കൂടുതൽ അപകടമൊന്നുമുണ്ടായില്ല. വേദന തോന്നാതിരുന്നതിനാൽ എഴുന്നേറ്റു നടന്നു. ഒരു മാസം കഴിഞ്ഞ് കാലിൽ സഹിക്കാൻ വയ്യാത്ത വേദന ഉണ്ടായപ്പോഴാണ് ഡോക്ടറെ കണ്ടത്. എക്സ്റേ എടുത്തപ്പോൾ കാലിൽ "ഹെയർ ലൈൻ ക്രാക്ക്" ഉണ്ടെന്നു കണ്ടു.

ഡോക്ടർ: സാരമില്ല ഉടനെ സർജറി നടത്തി ശരിയാക്കിത്തരാം.

രോഗി: സർജറി നടത്തിയാൽ ഇന്നു മുതലല്ലേ കാല് ശരിയാവുകയുള്ളൂ?

ഡോക്ടർ: "അതെ".

രോഗി: "ഡോക്ടർ ദയവുചെയ്ത് ഞാൻ റോഡിൽ വീണ ദിവസത്തെ തീയതി വച്ച് സർജറി നടത്തിത്തരമോ? എങ്കിലല്ലേ, എന്റെ കാലിന് ഒരു തകരാറും പറ്റിയില്ല എന്ന് എനിക്ക് അഭിമാനത്തോടെ പറയാനാവൂ?" ■


Statement about ownership and other particulars about the Panchayat Raj (Monthly) to be published in the first issue every year after the last day of February - From IV (See Rule 8)

| | | |
|---|---|---|
| 1. Place of publication | : | Thiruvananthapuram |
| 2. Periodicity of the Publication | : | Monthly |
| 3. Printer's Name<br>Nationality<br>Address | :<br>:<br>: | Mithra.T. IAS<br>Indian<br>Director of Panchayats, Thiruvananthapuram -33 |
| 4. Publisher's Name | : | Mithra.T. IAS |
| 5. Editor's Name<br>Nationality<br>Address | :<br>:<br>: | Mithra.T. IAS<br>Indian<br>Director of Panchayat, Thiruvananthapuram -33 |
| 6. Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital | : | Government of Kerala |

Mithra.T. IAS hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
01.03.2014

Sd/-
Director of Panchayats

പേജ് 15-ന്റെ തുടർച്ച







**നിയമസഭാ, പാർലമെന്റ് മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പുകാലത്ത് പണത്തിന്റെ അധികാര വാഴ്ച്ച ഇല്ലാതാക്കാൻ കമ്മിഷൻ ജാഗ്രതയോടെ പ്രവർത്തിക്കുന്നു. തെരഞ്ഞെടുപ്പു ചെലവുകൾ നിരീക്ഷിക്കാനുള്ള ശക്തമായ സംവിധാനമാണ് കമ്മിഷൻ ഏർപ്പെടുത്തിയിരിക്കുന്നത്.**


12. ധാർമികവും മനഃസാക്ഷിക്കുനിരക്കുന്നതുമായ രീതിയിൽ വോട്ട് ചെയ്യുന്നതിനുള്ള പ്രചാരണവും, വോട്ടിന് പ്രതിഫലം വാങ്ങുന്നത് തടയാൻ ബോധവത്ക്കരണവും നടത്തും.

പണാധികാര വാഴ്ച്ച തടഞ്ഞ് സ്വതന്ത്രവും നിഷ്പക്ഷമായ തെരഞ്ഞെടുപ്പ് നടക്കുന്നതിന്, തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണ സംവിധാനം വളരെ വിജയകരമായി ചില തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അവ –

1. അനധികൃത പണം കൊണ്ടുവരുന്നതും മറ്റും കണ്ടെത്തുന്നതിന് സംസ്ഥാന – കേന്ദ്ര ഗവൺമെന്റുകളുടെ ഇൻകം ടാക്സ്, റവന്യു ഇന്റലിജന്റ്സ് വിഭാഗങ്ങളും, മയക്കുമരുന്ന് കൊണ്ടു വരുന്നതു പിടികൂടാൻ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും, വിദേശനാണ്യം കൊണ്ടു വരുന്നതു കണ്ടു പിടിക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും, പോലീസും, എക്സൈസും തമ്മിൽ പരസ്പര ധാരണയോടെ വിവരങ്ങൾ കൈമാറി പ്രവർത്തിക്കും. സ്ഥാനാർത്ഥിയോ അയാളുടെ പ്രതിനിധിയോ കോഴ, ഭീഷണി, കവർച്ച, മയക്കുമരുന്ന്, വ്യാജമദ്യം, പണം എന്നിവ വഴി വോട്ടർമാരെ സ്വാധീനിക്കാനുള്ള എല്ലാ ശ്രമവും തടയും.
2. വിമാനത്താവളങ്ങൾ, ഹെലിപാഡുകൾ,തുടങ്ങിയ സ്ഥലങ്ങളിലൂടെയുള്ള പണത്തിന്റെ വരവ് തടയുന്നതിന് തെരഞ്ഞെടുപ്പ് കമ്മിഷനുമായി ആലോചിച്ച് ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ, കേന്ദ്ര വ്യവസായ സുരക്ഷാ സേന വഴി കർശനമായ പരിശോധനകൾ നടത്തും.
3. തെരഞ്ഞെടുപ്പു നടക്കുന്ന സംസ്ഥാനങ്ങളിലെ എല്ലാ വിമാനത്താവളങ്ങളിലും പണത്തിന്റെ അനധികൃത കൈമാറ്റം തടയുന്നതിന് എയർ ഇന്റലിജന്റ്സ് യൂണിറ്റുകൾ നിതാന്ത ജാഗ്രത പുലർത്തും. ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കാൻ വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.
4. ഇന്ത്യാ ഗവൺമെന്റിന്റെ ഫിനാൻഷ്യൽ ഇന്റലിജന്റ്സ് യൂണിറ്റിനോട് തെരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനത്തെ സംശയം തോന്നുന്ന എല്ലാ ബാങ്ക് പണമിടപാടുകളും വളരെ സൂക്ഷിച്ച് നിരീക്ഷിക്കാനും അക്കൗണ്ടിൽ നിന്ന് പരിധിയിൽ കവിഞ്ഞ പണം പിൻവലിക്കുന്നതു സംബന്ധിച്ച വിവരങ്ങൾ അറിയിക്കാനും കമ്മിഷന്റെ കർശന നിർദ്ദേശങ്ങളുണ്ട്.
5. തെരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലേയ്ക്ക്, വോട്ടർമാരെ സ്വാധീനിക്കുന്നതിന് അന്താരാഷ്ട്ര അതിർത്തി വഴി പണവും മറ്റ് അനധികൃത സാധനങ്ങളും കടത്തികൊണ്ടു വരുന്നത് തടയുന്നതിന് അതിർത്തി സംരക്ഷണ സേനയോടും മറ്റ് അർദ്ധസൈനിക വിഭാഗങ്ങളോടും നിർദ്ദേശിക്കുന്നുണ്ട്.
6. കൃത്യമായ തെരഞ്ഞെടുപ്പ് ചെലവുകൾ ഹാജരാക്കാത്ത സ്ഥാനാർത്ഥികളെ അവർ തെരഞ്ഞെടുപ്പിൽ ജയിച്ചാലും ആർപി ആക്ട് 1951 വകുപ്പ് 10 എ പ്രകാരം അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

മേൽ പറഞ്ഞ നടപടികൾ വഴി കഴിഞ്ഞ നാലു വർഷമായി പൊതുതെരഞ്ഞെടുപ്പിലെ പണാധികാര വാഴ്ചയെ ഒരു പരിധി വരെ തടയുന്നതിന് തെരഞ്ഞെടുപ്പ് കമ്മിഷന് സാധിക്കുന്നുണ്ട്. എങ്കിലും ഈ വഴിയിൽ പിന്നിടാൻ ഇനിയും ദൂരം ഏറെയുണ്ട്. മാധ്യമങ്ങൾ, പൊതു സമൂഹം എന്നിവ തെരഞ്ഞെടുപ്പു കമ്മിഷനുമായി കൈകോർത്ത് നീങ്ങിയാൽ ഇന്ത്യയിലെ തെരഞ്ഞെടുപ്പു രംഗത്തെ പണാധികാര വാഴ്ച്ച അവസാനിപ്പിക്കാൻ സാധിക്കും. ■

*തയ്യാറാക്കിയത്: പി.കെ ഡാഷ്, ഡയറക്ടർ ജനറൽ, ഇലക്ഷൻ കമ്മിഷൻ ഓഫ് ഇന്ത്യ*




*പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം*




ഏതൊരു രാജ്യത്തിന്റെയും ജനാധിപത്യത്തിന്റെ മൂലക്കല്ല് എന്നു പറയുന്നത് സ്വതന്ത്രവും നിക്ഷ്പക്ഷവുമായ തെരഞ്ഞെടുപ്പാണ്. എന്നുവച്ചാൽ, സ്വതന്ത്രമായി ബോധ്യപ്പെടുത്താവുന്ന നീതിയുക്തവും, കൃത്യവും, സുതാര്യവുമായ ഫലപ്രഖ്യാപനത്തോടു കൂടിയ തെരഞ്ഞെടുപ്പ് പ്രക്രിയ. പരമ്പരാഗതമായ തെരഞ്ഞെടുപ്പ് പ്രക്രിയ വഴി നാം ഈ ലക്ഷ്യങ്ങൾ പലതും നേടിയിരുന്നു. എന്നാൽ വ്യാജവോട്ട്, ബൂത്ത് പിടുത്തം തുടങ്ങിയ അധാർമിക പ്രവർത്തനങ്ങൾ സമ്മതിദാന ജനാധിപത്യത്തിന്റെ ചൈതന്യത്തിന് വലിയ ഭീഷണിയായി. ഇതേ തുടർന്ന് സ്വതന്ത്രവും നിക്ഷ്പക്ഷവുമായ തെരഞ്ഞെടുപ്പ് ഉറപ്പു വരുത്തുന്നതിന് തെരഞ്ഞെടുപ്പ് കമ്മിഷൻ തെരഞ്ഞെടുപ്പ് പ്രക്രിയ പരിഷ്കരിച്ചു. അതിന്റെ ഭാഗമായാണ് തെരഞ്ഞെടുപ്പു കമ്മിഷൻ ഇലക്ട്രോണിക് വോട്ടിംങ് യന്ത്രം രൂപകല്പന ചെയ്ത് പ്രാബല്യത്തിലാക്കിയത്. ഈ ഉദ്യമത്തിൽ ബാംഗളൂരിലെ ഭാരത് ഇലക്ട്രേണിക്സ് ലിമിറ്റഡ്, ഹൈദരാബാദിലെ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്നീ പൊതു മേഖലാ സ്ഥാപനങ്ങളുടെ സഹകരണം വലിയ പങ്കു വഹിച്ചു. 1999 –ൽ ഭാഗികമായും, 2004 –ൽ പൂർണമായും ഇല്ട്രോണിക് വോട്ടിംങ് യന്ത്രങ്ങളാണ് ഇന്ത്യയിലെ ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഉപയോഗിച്ചത്. പഴയ ബാലറ്റ് പേപ്പർ സംവിധാനത്തെ അപേക്ഷിച്ച് തെരഞ്ഞെടുപ്പ് സമയം, ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം വിപ്ലവകരമായ സമയലാഭം ഉണ്ടാക്കി. യന്ത്രം ഉപയോഗിച്ചു തുടങ്ങിയതോടെ ബൂത്തുപിടുത്തവും, വ്യാജവോട്ടും ഒരു പരിധി വരെ നിയന്ത്രണവിധേയമാവുകയും

# ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം



**1998 നവംബർ മുതൽ എല്ലാ മണ്ഡലങ്ങളിലെയും പൊതു തെരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചു വരുന്നു. അങ്ങനെ, രാജ്യമെമ്പാടുമുള്ള എല്ലാ പോളിംങ് സ്റ്റേഷനുകളിലുമായി മൊത്തം 10.75 ലക്ഷം ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിച്ച 2004 ലെ പൊതു തെരഞ്ഞെടുപ്പു മുതൽ ഇന്ത്യ ഒരു ഇലക്ട്രോണിക് ജനാധിപത്യ രാഷ്ട്രമായി.**



ചെയ്തു. നിരക്ഷരരായ വോട്ടർമാർക്ക് വോട്ടിംഗ് യന്ത്രം, ബാലറ്റ് പേപ്പർ സംവിധാനത്തെക്കാൾ എളുപ്പമായി. തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും ഇത് വലിയ അനുഗ്രഹമായി. പഴയ ബാലറ്റു പെട്ടികളെ അപേക്ഷിച്ച് ഭാരം കുറവായതിനാൽ പോളിംങ് ബൂത്തുകളിലേയ്ക്കും തിരിച്ചുമുള്ള ഗതാഗതവും എളുപ്പമായി. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ആവർത്തിച്ചു പറയുന്ന പേരാണ് വോട്ടിംങ് യന്ത്രത്തിന്റെത്.

**വോട്ടിംഗ് യന്ത്രത്തിന്റെ വികാസ- പരിണാമ നാൾവഴി:**

നമുക്ക് തെരഞ്ഞെടുപ്പ് യന്ത്രത്തിന്റെ നാൾവഴി ഒന്നു പരിശോധിച്ചു നോക്കാം.

- കേരളത്തിലെ പറവൂർ നിയമസഭാമണ്ഡലത്തിൽ 1982 -ൽ നടന്ന തെരഞ്ഞെടുപ്പിൽ 50 ബൂത്തുകളിലാണ് ഇലക്ട്രോണിക് വോട്ടിംങ് യന്ത്രം ആദ്യമായി ഉപയോഗിച്ചത്.
- എന്നാൽ സുപ്രിം കോടതി റൂളിങ്ങിനെ തുടർന്ന് 1983 നു ശേഷം നടന്ന തെരഞ്ഞെടുപ്പുകളിൽ യന്ത്രം ഉപയോഗിച്ചില്ല. 1988 ഡിസംബറിൽ പാർലമെന്റ് ജനപ്രാതിനിധ്യനിയമം 1951 ഭേദഗതി ചെയ്ത് വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നതിന് കമ്മിഷനെ അധികാരപ്പെടുത്തുകയും ചെയ്തു. ഭേദഗതി വരുത്തിയ നിയമം 1989 മാർച്ച് 15 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു.
- 1990 ഫെബ്രുവരിയിൽ ഇന്ത്യാ ഗവൺമെന്റ് ഇലക്ട്രോണിക് വോട്ടിംങ് യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ച് പഠിക്കാൻ രാഷ്ട്രിയ പാർട്ടികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് പരിഷ്കരണ കമ്മിറ്റിയെ നിയോഗിച്ചു.
- ഡിഫൻസ് റിസേർച്ച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷൻ ചെയർമാൻ പ്രൊഫ.എസ് സമ്പത്ത്, ഡെൽഹി ഐഐടി യിലെ പ്രൊഫ.പിവി.ഇന്ദിരേശൻ, തിരുവനന്തപുരത്തെ ഇലക്ട്രോണിക്സ് റിസേർച്ച് ആൻഡ് ഡവലപ്മെന്റ് സെന്റർ ഡയറക്ടർ ഡോ.സി.റാവു എന്നിവർ ഉൾപ്പെട്ട ഒരു വിദഗ്ധ സമിതിയെയും ഇന്ത്യ ഗവൺമെന്റ് ഇതിനായി നിയമിക്കുകയുണ്ടായി. ഈ കമ്മിറ്റി പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ, വോട്ടിംഗ് യന്ത്രം കുറ്റമറ്റതും കേടുവരുത്താൻ സാധിക്കാത്തതും ആണെന്നു സാക്ഷ്യപ്പെടുത്തി.






- 1992 മാർച്ച് 24 ന് തെരഞ്ഞെടുപ്പ് ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുകയും നിയമ മന്ത്രാലയം ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയുംചെയ്തു.
- 2005 ഡിസംബറിൽ തെരഞ്ഞെടുപ്പ് കമ്മിഷൻ വീണ്ടും ഒരു വിദഗ്ധ സമിതിയെ നിയമിച്ചു. ഡെൽഹി ഐഐടി യിലെ പ്രൊഫ.പിവി.ഇന്ദിരേശൻ, പ്രൊഫ. ഡി.ടി സഹാനി, പ്രൊഫ.എ.കെ.അഗർവാൾ എന്നിവരായിരുന്നു ഈ കമ്മിറ്റി അംഗങ്ങൾ. യന്ത്രത്തിന്റെ പുതിയ മാതൃക തെരഞ്ഞെടുപ്പിൽ വ്യാപകമായി പ്രചാരത്തിലാക്കുന്നതിനു മുമ്പായി പഠിച്ച് വിലയിരുത്താനായിരുന്നു ഇവർ നിയോഗിക്കപ്പെട്ടത്.
- മുൻ കമ്മിറ്റിയിലെ പ്രൊഫ.പിവി.ഇന്ദിരേശൻ, പ്രൊഫ. ഡി.ടി സഹാനി, പ്രൊഫ.എ.കെ.അഗർവാൾ തന്നെ അംഗങ്ങളാക്കി വീണ്ടും യന്ത്രത്തിന്റെ സാങ്കേതിക പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചു. 2010 നവംബറിൽ രണ്ടു വിദഗ്ധരെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിച്ചു മുംബൈ ഐഐടിയിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ പ്രൊഫ.ഡി.കെ ശർമ, കാൺപൂർ ഐഐടി കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംങ് വിഭാഗത്തിലെ പ്രൊഫ. രജത് മൂണ (ഇപ്പോൾ സി-ഡാക് ഡയറക്ടർ ജനറൽ) എന്നിവരാണ് പുതുതായി വന്നത്.
- 1998 നവംബർ മുതൽ എല്ലാ മണ്ഡലങ്ങളിലെയും പൊതു തെരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചു വരുന്നു. അങ്ങനെ, രാജ്യമെമ്പാടുമുള്ള എല്ലാ പോളിംങ് സ്റ്റേഷനുകളിലുമായി മൊത്തം 10.75 ലക്ഷം ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിച്ച 2004 ലെ പൊതു തെരഞ്ഞെടുപ്പു മുതൽ ഇന്ത്യ ഒരു ഇലക്ട്രോണിക് ജനാധിപത്യ രാഷ്ട്രമായി.

**ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിന്റെ സവിശേഷതകൾ-**

1. ലളിതം, അതേസമയം ആർക്കും പെട്ടെന്ന് കേടുവരുത്താൻ സാധിക്കില്ല.
2. ഒരു തവണ ഒറ്റപ്രാവശ്യം മാത്രം ഉപയോഗിക്കാവുന്ന രീതിയിലാണ് രൂകല്പന. ബട്ടൺ ഒന്ന് അമർത്തിയാൽ പിന്നീട് അതു മാറ്റാൻ ആവില്ല.
3. അസാധുവോട്ടുകൾക്കുള്ള സാധ്യത ഇല്ലാതായി. വോട്ടിംങ് പ്രക്രിയ വേഗത്തിലും ചെലവു കുറഞ്ഞതുമാക്കുന്നു.
4. ഇല്ക്ട്രിസിറ്റിയുടെ ആവശ്യമില്ല. ആൽക്കലൈൻ ബാറ്ററിയിൽ പ്രവർത്തിക്കുന്നു.
5. ഒരു യന്ത്രത്തിൽ 64 സ്ഥാനാർത്ഥികളുടെ വരെ പേരും ചിഹ്നവും സൂക്ഷിക്കാം.
6. 3840 വോട്ടുകൾ വരെ രേഖപ്പെടുത്താൻ ഒരു യന്ത്രത്തിനു സാധിക്കും. ■

*പി.ഐ.ബി ഇലക്ഷൻ സെൽ ടീം*

**വ്യാജവോട്ട്, ബൂത്ത് പിടുത്തം തുടങ്ങിയ അധാർമിക പ്രവർത്തനങ്ങൾ സമ്മതിദാന ജനാധിപത്യത്തിന്റെ ചൈതന്യത്തിന് വലിയ ഭീഷണിയായി. ഇതേ തുടർന്ന് സ്വതന്ത്രവും നിക്ഷ്പക്ഷവുമായ തെരഞ്ഞെടുപ്പ് ഉറപ്പു വരുത്തുന്നതിന് തെരഞ്ഞെടുപ്പ് കമ്മിഷൻ തെരഞ്ഞെടുപ്പ് പ്രക്രിയ പരിഷ്കരിച്ചു. അതിന്റെ ഭാഗമായാണ് തെരഞ്ഞെടുപ്പു കമ്മിഷൻ ഇലക്ട്രോണിക് വോട്ടിംങ് യന്ത്രം രൂപകല്പന ചെയ്ത് പ്രാബല്യത്തിലാക്കിയത്.**





റസാഖ് പയമ്പ്രോട്ട്

**കേരളത്തിലെ സമ്പൂർണസാക്ഷരതാ യജ്ഞത്തിന് കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ ആധുനിക വിവരസാങ്കേതിക യുഗത്തിൽ സാക്ഷരത എന്നത് കേവലമായ അക്ഷരജ്ഞാനത്തിൽ നിന്നും കമ്പ്യൂട്ടർസാക്ഷരത എന്ന നിലയിലേക്ക് വളർന്നിരിക്കുന്നു.**

# സമ്പൂർണ കമ്പ്യൂട്ടർസാക്ഷരതയുടെ പ്രസക്തി



ഇ- ഗവേണൻസ് സേവനങ്ങളുമായി സർക്കാർ ജനങ്ങളിലേക്കെത്തുന്ന കാലമാണിത്. ഇക്കഴിഞ്ഞ ജനുവരി 30,31 തിയ്യതികളിലായി കൊച്ചിയിൽ നടന്ന ദേശീയ ഇ- ഗവേണൻസ് കോൺഫ്രൻസ്, ഈ രംഗത്തെക്കുറിച്ച് വർത്തമാനകാലത്ത് ലഭ്യമായ ആശയങ്ങളും അനുഭവങ്ങളും വിജയകരമായ മാതൃകകളും സംബന്ധിച്ച് വിശദമാക്കുന്നതായിരുന്നു. രാജ്യത്തെ പ്രഗത്ഭരായ നയരൂപീകരണ വിദഗ്ധരും വിദ്യാഭ്യാസ വിചക്ഷണരും വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിച്ച ഉന്നതശീർഷരും ഒത്തുചേർന്നുള്ള സംവാദങ്ങളും വിസ്മയകരമായ ഇടപെടലുകളും വഴി സർക്കാരിന്റെ.യും പൊതുസമൂഹത്തിന്റെ ആകെയും ഉന്നമനത്തിനായുള്ള പുതിയ പാന്ഥാവ് തുറക്കാൻ വിഭാവനം ചെയ്യപ്പെട്ട മേളകൂടിയായിരുന്നു അത്. രാജ്യത്തെ ഇ-ഗവേണൻസ് പ്രക്രിയയെ കുറിച്ച് ഏറ്റവും മികച്ച പാനലിസ്റ്റുകളും പ്രാസംഗികരും പൊതുചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും എല്ലാം വിശദീകരിച്ചെങ്കിലും നമ്മുടെ നാട്ടിലെ സാധാരണക്കാരിൽ സാധാരണക്കാരായവരുടെ ജീവിതം വിവര സാങ്കേതികവിദ്യ(ഐ ടി)യുടെ വ്യാപനം വഴി എത്രഗുണകരമായി മാറിയെന്ന് അവലോകനം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സമസ്ത മേഖലകളിലും കമ്പ്യൂട്ടർവത്ക്കരണം സാധിതമായിരുക്കുകയാണ്. അതേസമയം സാമാന്യജനങ്ങളിൽ എത്രശതമാനത്തിന് കമ്പ്യൂട്ടറിൽ അവബോധമുണ്ടെന്ന കണക്കെടുപ്പ് ഇവിടെ നടന്നിട്ടില്ല. അക്ഷരാഭ്യാസത്തിന്റെ കാര്യത്തിലും കേരളം ഒരു കാലത്ത് ഇങ്ങനെയൊക്കെതന്നെയായിരുന്നു. നിരക്ഷരർ നിരന്തരം ചൂഷണങ്ങൾക്ക് വിധേയമാകുന്നസ്ഥിതിയായിരുന്നു കേരളത്തിൽ പോലും.

1981-ലെ കാനേഷുമാരി അനുസരിച്ച് ഇന്ത്യയിലെ സാക്ഷരത 36.2 ശതമാനമായിരുന്നപ്പോൾ കേരളത്തിലേത് 70.42 ശമാനമായിരുന്നു. സ്ത്രീസാക്ഷരത 65.7 ശതമാനവും പുരുഷസാക്ഷരത 75.3 ശതമാനവും. 1956 നവംബർ ഒന്നിന് ഐക്യകേരളം നിലവിൽ വന്നീട്ടും മൂന്നരപതിറ്റാണ്ടോട് അടുക്കുമ്പോഴായിരുന്നു കേരളത്തിലെ ജനങ്ങളെ സമ്പൂർണ സാക്ഷരരാക്കണം എന്ന ചിന്തയുണർന്നത്. 1990-ൽ



സർക്കാർ "സാക്ഷരകേരളം സുന്ദരകേരളം" എന്ന മുഖവാക്യത്തോടെ സംഘടിപ്പിച്ച സമ്പൂർണ സാകഷരതായജ്ഞം ഈ മേഖലയിലെ ആദ്യത്തെ ജനകീയ ഇടപെടലായിരുന്നു. 1991 ഏപ്രിലിൽ ഇന്ത്യയിലെ സമ്പൂർണ സാക്ഷരത നേടിയ ആദ്യത്തെ സംസ്ഥാനമെന്ന സ്ഥാനവും കേരളം അങ്ങനെ കൈവരിച്ചു. ആ വർഷം നടന്ന സെൻസസിൽ കേരളത്തിന്റെ സാക്ഷരത 90.59 ശതമാനം എന്ന് അടയാളപ്പെടുത്തപ്പെട്ടു. പുരുഷന്മാരിൽ 94.45 ശതമാനവും സ്ത്രീകളിൽ 86.93 ശതമാനവും സാക്ഷരരായി. ഇന്ത്യൻ സാക്ഷരത അതേസമയം 52.11 ശതമാനമായിരുന്നു. ഈ അർത്ഥത്തിൽ സാംസ്കാരിക കേരളത്തിന് ഏറെ അഭിമാനിക്കാൻ വകനൽകിയ




ഒന്നായിരുന്നു സമ്പൂർണ സാക്ഷരതാ യജ്ഞം. 2011ലെ കാനേഷുമാരി അനുസരിച്ച് കേരളത്തിലെ സാക്ഷരതാ ശതമാനം 93.91 ആണ്. സ്ത്രീ സാക്ഷരത 91.98 ശതമാനവും പുരുഷ സാക്ഷരത 96.02 ശതമാനവും. ഇന്ത്യയിലെ സാക്ഷരത 74.04 ശതമാനമായിരിക്കുമ്പോഴാണിത്.

കേരളത്തിലെ സമ്പൂർണസാക്ഷരതായജ്ഞത്തിന് കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ ആധുനിക വിവരസാങ്കേതിക യുഗത്തിൽ സാക്ഷരത എന്നത് കേവലമായ അക്ഷരജ്ഞാനത്തിൽ നിന്നും കമ്പ്യൂട്ടർസാക്ഷരത എന്ന നിലയിലേക്ക് വളർന്നിരിക്കുന്നു. കമ്പ്യൂട്ടറിന് ലോകാടിസ്ഥാനത്തിൽ ലഭിച്ച അംഗീകാരത്താൽ എല്ലാതലങ്ങളിലും കമ്പ്യൂട്ടർ വ്യാപകമാണിന്ന്. കേരളത്തിൽ ഇ-ജില്ലയും ഇ-വില്ലേജും പോലെ ഇ-വിദ്യാഭ്യാസവും ഇ-ആരോഗ്യവും മാത്രമല്ല, ഇ-കൃഷിയും വ്യാപകമായിരിക്കുന്നു. ഇ-ഗവേണൻസ് സേവനങ്ങളുമായി സർക്കാർ ജനങ്ങളിലേക്കെത്തുമ്പോൾ കമ്പ്യൂട്ടർ ജ്ഞാനമില്ലാത്തവരെ, 1990നുമുമ്പേ നിരക്ഷർ എന്നുരേഖപ്പെടുത്തിയ തലത്തിലേക്കാണ് ആധുനിക ലോകം വീക്ഷിക്കുന്നത്.


മനുഷ്യരുടെ ജീവിത ശൈലിയിലും ചിന്താമണ്ഡലത്തിലും ഐടി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇൻഫർമേഷൻ ടെക്നോളജി വലിയ സ്വാധീനമാണ് ചെലുത്തിക്കൊണ്ടിരിക്കുന്നത്.

ഈ ഘട്ടത്തിൽ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ പ്രായഭേദമന്യേ എല്ലാവരും സ്വായത്തമാക്കേണ്ടതുണ്ട്. പ്രൈമറിതലം മുതൽ പാഠ്യപദ്ധതിയിൽ ഐ ടി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ വിദ്യാർത്ഥികൾ കമ്പ്യൂട്ടർ മേഖലയിൽ സാമാന്യജ്ഞാനം നേടുന്നുണ്ടെന്നുറപ്പിക്കാം. ഒരു പഠനോപകരണം എന്ന നിലയിൽ വീടുകളിൽ പേഴ്സണൽ കമ്പ്യൂട്ടറോ (പി സി) ലാപ്ടോപ്പോ ഇതു രണ്ടുമോ ലഭ്യമാണെങ്കിലും ബഹുഭൂരിപക്ഷം സാധാരണക്കാരായ രക്ഷിതാക്കളും കമ്പ്യൂട്ടർ ഉപയോഗിക്കാൻ ശീലിക്കുന്നുപോലുമില്ല. ആയിരക്കണക്കിന് രൂപ വിലകൊടുത്തു വാങ്ങിയ കമ്പ്യൂട്ടർ ആരാലും ഉപയോഗിക്കാതെ കിടക്കുന്ന അവസ്ഥയും വീടുകളിലുണ്ട്. ഇന്റർനെറ്റ് കണക്ഷന്റെ സ്ഥിതിയും ഇതുതന്നെ. വിദ്യാർത്ഥി ഒഴികെ വീട്ടിലെ മുതിർന്നവർ ഇത് ഉപയോഗിക്കാൻ പരിശീലിക്കാത്തതിനാൽ കുട്ടികൾ ഇത് ദുരുപയോഗിക്കുന്നതും സർവ്വസാധാരണമാണ്. ഏതൊന്നിന്റെയും തെറ്റായവശം സ്വയത്തമാക്കാൻ ചിലരെങ്കിലും കാണിക്കുന്ന അമിതതാല്പര്യം കമ്പ്യൂട്ടറുകളുടെ കാര്യത്തിലും സംഭവിക്കുന്നുണ്ട്. കമ്പ്യൂട്ടറിന്റെ ഉപയോഗം മിക്കപ്പോഴും അത് അർഹിക്കുന്ന വിധത്തിലോ വിദ്യാർത്ഥികളുടെ ഈ മേഖലയിലെ അറിവ് മെച്ചപ്പെടുത്തുന്ന തരത്തിലോ അല്ലെന്നതാണ് വാസ്തവം. വീട്ടിലെ കുട്ടികൾ കളിക്കാനും സിനിമ ഡൗൺലോഡ് ചെയ്ത് കാണുന്നതിനും മാത്രമായി ഇതിന്റെ ഉപയോഗത്തെ പരിമിതപ്പെടുത്തുകയാണ്. ഇന്റർനെറ്റിലൂടെ നവസാമൂഹ്യമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതുപോലും സാമൂഹിക പ്രതിബദ്ധതയോടെയല്ല.

**കേരളത്തിൽ സമ്പൂർണസാക്ഷരത കൈവരിക്കാൻ രൂപീകരിച്ച 'അക്ഷര കേരളം' പരിപാടിയുടെ മാതൃകയിൽ 'സമ്പൂർണ കമ്പ്യൂട്ടർസാക്ഷരത' എന്ന ലക്ഷ്യത്തിലേക്കായി പദ്ധതി ആവിഷ്ക്കരിക്കുവാൻ സംസ്ഥാന ഐ ടി മിഷൻ തയ്യാറെടുക്കട്ടെ. സംസ്ഥാന, ജില്ലാ തുടർ സാക്ഷരതാ മിഷനുകീഴിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തുടർ സാകഷരതാ സംവിധാനവും ഐ ടി മിഷനും സംയുക്തമായി ശ്രമിച്ചാൽ സമയബന്ധിതമായി കേരളത്തെ സമ്പൂർണ കമ്പ്യൂട്ടർ സാക്ഷരതാ സംസ്ഥാനമാക്കുവാൻ സാധിക്കും.**

**ഒരു പഠനോപകരണം എന്ന നിലയിൽ വീടുകളിൽ പേഴ്സണൽ കമ്പ്യൂട്ടറോ (പിസി) ലാപ്ടോപ്പോ ഇതു രണ്ടുമോ ലഭ്യമാണെങ്കിലും ബഹുഭൂരിപക്ഷം സാധാരണക്കാരായ രക്ഷിതാക്കളും കമ്പ്യൂട്ടർ ഉപയോഗിക്കാൻ ശീലിക്കുന്നു പോലുമില്ല.**

രക്ഷിതാക്കളിൽ തങ്ങളുടെ കുട്ടികൾ കമ്പ്യൂട്ടർ ദുരുപയോഗിക്കുന്നത് മനസ്സിലാക്കാൻപോലുമുള്ള ശേഷിയില്ലാത്തവരുമുണ്ട്. ഇന്റർനെറ്റ് തടസ്സപ്പെടുത്തി തങ്ങളുടെ കുട്ടികളെ അശ്ലീല, ആഭാസ കാഴ്ചകളിൽ നിന്നും വിലക്കാം എന്നു കരുതിയാലും കുട്ടിയുടെ ചങ്ങാതിമാരിൽ നിന്നും പെൻഡ്രൈവുകളിലൂടെയോ മറ്റോ ശേഖരിക്കുന്നവ കമ്പ്യൂട്ടറിൽ ഏതെങ്കിലും ഫോൾഡറിൽ സ്റ്റോർചെയ്താലും കമ്പ്യൂട്ടർ നിരക്ഷരരായ രക്ഷിതാക്കൾക്ക് ഇത് കണ്ടെത്താനാവില്ല. കുട്ടികൾ വിഷാദരോഗത്തിന് അടിപ്പെടുകയോ വഴിപിഴക്കുകയോ ചെയ്യുമ്പോഴായിരിക്കും അപകടം ബോധ്യപ്പെടുക. അപ്പോഴേക്കും ഏറെ വൈകിയുമിരിക്കും. ഇതൊഴിവാക്കാൻ എല്ലാരക്ഷിതാക്കളെയും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുകയാണ് അഭികാമ്യം.



കമ്പ്യൂട്ടറിനെ ഭയവിഹ്വലതയോടെ സമീപിക്കുന്നവർ ഇപ്പോഴുമുണ്ട്. സമ്പൂർണ സാക്ഷരതാ പ്രവർത്തനഘട്ടത്തിലും മുതിർന്നവരുടെ സമീപനം പഠനകാര്യത്തിൽ ഇതുതന്നെയായിരുന്നു. 'കുഴിയിലേക്ക് കാലും നീട്ടിയിരിക്കുന്ന ഞങ്ങളെന്തിനാണ് ഇനി അക്ഷരം പഠിക്കുന്നത്?' എന്നായിരുന്നു അത്തരക്കാരുടെ ചോദ്യം. നിരന്തരമായ ബോധവത്ക്കരണത്തിലൂടെ വയോവൃദ്ധരെയടക്കം എല്ലാവരേയും സമ്പൂർണസാക്ഷരതയിൽ പങ്കാളികളാക്കാൻ സാധിച്ചു. സംസ്ഥാനതലത്തിൽ സമ്പൂർണസാക്ഷരതാ പ്രഖ്യാപനം നിർവ്വഹിച്ചതും മലപ്പുറം ജില്ലയിലെ ഒരു ഗ്രാമീണവൃദ്ധയായ ചോലക്കാടൻ ആയിഷയായിരുന്നു. സമ്പൂർണ കമ്പ്യൂട്ടർ സാക്ഷരതയുടെ കാര്യത്തിലും ഈ സമീപനം തന്നെയാണ് ആവർത്തിക്കപ്പെടേണ്ടത്.

'മുതിർന്നപ്രായത്തിൽ കമ്പ്യൂട്ടർ പഠിക്കേണ്ടതുണ്ടോ?' എന്നു ചോദിക്കുന്നവരോട് 'തീർച്ചയായും പഠിക്കണം' എന്ന ഉത്തരമാണ് പറയേണ്ടത്. ഇത് പഴയ കാലമല്ല. എല്ലാരംഗത്തും കമ്പ്യൂട്ടറാണ്. പഞ്ചായത്തിലും വില്ലേജിലും ആശുപത്രിയിലും വരെ കമ്പ്യൂട്ടറാണ് കാര്യങ്ങൾ നിർവഹിക്കുന്നത് എന്ന് അവരെ ബോധ്യപ്പെടുത്തണം. വികസിത രാജ്യങ്ങളിലേതു പോലെ എല്ലാ കാര്യങ്ങളും ഓൺലൈനിൽ നിവൃത്തിക്കുന്ന കാലമാണ് വരുന്നത്. ആധാർ നിർബന്ധമാക്കുന്നതുപോലും ഇതിന്റെ തുടക്കമാണ്. ഓൺലൈനിൽ ആധാർനമ്പർ ടൈപ്പ് ചെയ്യുന്നതോടെ ആ വ്യക്തിയെ സംബന്ധിക്കുന്ന വിവരങ്ങളും ഫോട്ടോയും സ്ക്രീനിൽ തെളിയുന്ന കാലം. നിരക്ഷരതയുടെ കാലത്ത് എഴുത്തറിയാത്തവർ അനുഭവിച്ചിരുന്ന പ്രയാസങ്ങൾ കമ്പ്യൂട്ടറിന്റെ കാര്യത്തിലേക്കും വരികയാണ്. അതിനാൽ ഏറ്റവും എളുപ്പത്തിൽ കമ്പ്യൂട്ടർ സാക്ഷരരാകാം. പ്രായം ഒരു തടസ്സമേ അല്ല എന്ന വിശദീകരണവുമാണ് നൽകേണ്ടത്.

കേരളത്തിൽ സമ്പൂർണസാക്ഷരത കൈവരിക്കാൻ രൂപീകരിച്ച 'അക്ഷരകേരളം' പരിപാടിയുടെ മാതൃകയിൽ 'സമ്പൂർണ കമ്പ്യൂട്ടർസാക്ഷരത' എന്ന ലക്ഷ്യത്തിലേക്കായി പദ്ധതി ആവിഷ്ക്കരിക്കുവാൻ സംസ്ഥാന ഐ ടി മിഷൻ തയ്യാറെടുക്കട്ടെ. സംസ്ഥാന, ജില്ലാ തുടർ സാക്ഷരതാ മിഷനുകീഴിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തുടർ സാകഷരതാ സംവിധാനവും ഐ ടി മിഷനും സംയുക്തമായി ശ്രമിച്ചാൽ സമയബന്ധിതമായി കേരളത്തെ സമ്പൂർണ കമ്പ്യൂട്ടർ സാക്ഷരതാ സംസ്ഥാനമാക്കുവാൻ സാധിക്കും. സമ്പൂർണ കമ്പ്യൂട്ടർ സാക്ഷരതയുടെ പ്രസക്തിയും പ്രാധാന്യവും ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. ■

*(ബംഗളൂരു ആസ്ഥാനമായുള്ള 'ഫിറ്റാക്ട് ഐ ടി അക്കാദമി'യുടെ അഡ്മിനിസ്ട്രേറ്ററാണ് ലേഖകൻ)*



**വി.ജി. ശശിധരൻ**

# പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്ക്കരിച്ച മാർഗ്ഗരേഖ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ വീണ്ടും പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. 16.11.2013 -ാം തീയതി സ.ഉ (എം.എസ്) 362/2013 തസ്വഭവ. നമ്പരായി പുറത്തിറക്കിയ മാർഗ്ഗരേഖയിൽ വന്ന കാതലായ പരിഷ്കരണങ്ങൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

2012-17 വർഷത്തെ പന്ത്രണ്ടാം പദ്ധതിയ്ക്ക് വേണ്ടി 18.8.2012 ൽ പുറത്തിറക്കിയ സ.ഉ. (എം.എസ്) 25/12 തസ്വഭവ മാർഗ്ഗരേഖയ്ക്കു 29.9.2012 ൽ പുറത്തിറക്കിയ സബ്സിഡി സംബന്ധിച്ച സ.ഉ. (എം.എസ്) 248/12 തസ്വഭവ നമ്പർ മാർഗ്ഗരേഖയും ചേർത്ത് പരിഷ്ക്കരിച്ച് ഒരൊറ്റ ഉത്തര വായാണ് പുതുക്കിയ മാർഗ്ഗരേഖയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

പരിഷ്ക്കരിച്ച മാർഗ്ഗരേഖയിൽ മുൻഗണനയിൽപ്പെടുത്തി മാലിന്യ പരിപാലനത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കർമ്മ പദ്ധതി തയ്യാറാക്കണം എന്ന നിർദ്ദേശമുണ്ട്. പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ള ആസ്തികളുടെ സംരക്ഷണവും പരിപാലനവും ഗുണനിലവാരമുയർത്തന്നതിനും മുന്തിയ പരിഗണന നൽകണമെന്നും വ്യവസ്ഥയുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്തു നടത്തുന്നതിനും നിർദ്ദേശമുണ്ട്.

വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന നിർബന്ധ വകയിരുത്തലുകൾ പ്രധാനപ്പെട്ടവ താഴെ താഴെ കൊടുക്കുന്നു. (ഖണ്ഡിക 8)

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നതിന്

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ബത്ത 50:25:25 എന്ന അനുപാതത്തിൽ

ഐ.എ.വൈ പദ്ധതിയ്ക്ക് വിഹിതം (25:40:35 എന്ന അനുപാതത്തിൽ)

എസ്.എസ്. എ പുറമെ ആർ.എം.എസ്. എ പദ്ധതിയ്ക്ക് വിഹിതം

വിഭവസമാഹരണം (ഖണ്ഡിക 7.IV)

തനത് ഫണ്ട് മുൻവർഷം ചെലവു ചെയ്തതിന്റെ 15% കൂടി.

ഡാറ്റാ എൻട്രി നടത്താൻ സാക്ഷ്യപത്രം നൽകണം.

കൃഷിഭവൻ, മൃഗാശുപത്രി, മത്സ്യഭവൻ, ആശുപത്രി, സ്കൂൾ കെട്ടിടം മുതലായ പൊതു കെട്ടിടങ്ങൾക്ക് എം.എൽ.എ/ എം.പി. ഫണ്ട് സമാഹരിക്കാൻ ശ്രമിക്കണം. (ഖണ്ഡിക. 9.1(സി. കുറിപ്പ്)

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ

പരിസ്ഥിതി സംരക്ഷണം

ജൈവവളം ഉൽപ്പാദനം

അഴുക്കു ചാൽ നവീകരണം

ശുചീകരണ പ്രവർത്തനം ( ശുചീകരണ തൊഴിലാളികൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ )

അനധികൃത ബോർഡുകൾ / ബാനർ നീക്കം ചെയ്യൽ

തൊഴുത്ത്/ കൂട് നിർമ്മാണം

കുളങ്ങൾ നിർമ്മാണം, നവീകരണം.

എസ്.സി.പി. /ടി.എസ്.പി. ഫണ്ട് വിനിയോഗം

10% തുക യുവജന വികസനപദ്ധതികൾക്ക് നീക്കി വയ്ക്കണം



കുടിവെള്ളം, കക്കൂസ് സൗകര്യം ലഭ്യമാക്കുന്നതിന് മുൻഗണന നൽകം

പട്ടിവർഗ്ഗ കോളനിയിൽ നടപ്പാത (പരമാവധി 3 മീറ്റർ വീതി. 50% ത്തിലധികം പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന സ്ഥലങ്ങൾ)

വിദ്യാർത്ഥികൾക്ക് മേശയും കസേരയും

പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ

എസ്.സി./എസ്. റ്റി ഫണ്ട് വിനിയോഗത്തിന് നിരീക്ഷണ കമ്മറ്റികൾ

ചെലവഴിക്കാൻ കഴിയാത്ത തുക തിരിച്ചടയ്ക്കാം

പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവനനിർമ്മാണത്തിന് തലച്ചുമടായി അസംസ്കൃത വസ്തുക്കൾ എത്തിക്കേണ്ടി വന്നാൽ 10% അധികതുക നൽകാം.

**സംയുക്ത പ്രോജക്ടുകൾ**

താഴെപ്പറയുന്ന കാര്യങ്ങളിൽ മാത്രമേ സംയുക്ത പ്രോജക്ടുകൾ പാടുള്ളു.

ഐ.എ.വൈ ഭവന പദ്ധതി. (നടപ്പാക്കുന്നത് ബ്ലോക്ക് പഞ്ചായത്ത്)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബത്ത/ സ്കോളർഷിപ്പ്, ഉപകരണങ്ങൾ നൽകൽ.

നെൽകൃഷിക്കാർക്ക് കൂലി ചെലവ് സബ്സിഡി

കാർഷിക യന്ത്രങ്ങൾ വാങ്ങൽ

കാലീതീറ്റ സബ്സിഡി

പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം

ഭവനരഹിതർക്ക് വീടു വയ്ക്കുന്നതിന് നേരിട്ട് സ്ഥലം വാങ്ങാൻ

അങ്കണ വാടിക്ക് സ്ഥലം വാങ്ങൽ

ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ- ഭൗതിക സൗകര്യങ്ങൾ -സ്ഥലം വാങ്ങൽ

പാലിയേറ്റീവ് കെയർ

ഗ്രാമപഞ്ചായത്തിന് കളിസ്ഥലം വാങ്ങൽ

പൊതുശ്മശാനം, പൊതു അറവ് ശാലകൾ, ആധുനികരീതിയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ

ഐ.എ.വൈ ഒഴിച്ച് മറ്റുള്ളവ എല്ലാം നിർവ്വഹണം ഗ്രാമപഞ്ചായത്തിന്

പ്രോജക്ട് തയ്യാറാക്കുന്നതിന് മുൻപ് ജില്ലാപഞ്ചായത്ത് സംയുക്ത യോഗം വിളിച്ചുകൂട്ടി തീരുമാനം എടുത്തിരിക്കണം.

മെയിന്റനൻസ് പ്ലാൻ

റോഡിതര മെയിന്റനൻസ് ഫണ്ട് സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ടിയായിരിക്കണം.

പന്ത്രണ്ടാം പദ്ധതിക്കാലത്ത് സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തി / ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിക്കത്തക്ക വിധത്തിലാക്കണം.

പൊതുകാര്യങ്ങൾ

സ്പിൽ ഓവർ പ്രോജക്ടുകൾ സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തിയാക്കണം. കെട്ടിടനിർമ്മാണ പ്രോജക്ടുകളിൽ അനുബന്ധ സൗകര്യങ്ങൾ കൂടി ചേർത്തിരിക്കണം.

കുടിവെള്ള പ്രോജക്ടിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയിരിക്കണം.

പന്ത്രണ്ടാം പദ്ധതിക്കാലത്തു തന്നെ എല്ലാ പ്രദേശത്തും ഗ്രാമകേന്ദ്രങ്ങൾ/ വാർഡ് കേന്ദ്രങ്ങൾ സ്ഥാപിക്കണം.

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിററി ചെയർമാന്റെ അഭാവത്തിൽ അദ്ധ്യക്ഷൻ തീരുമാനിക്കുന്ന മറ്റൊരു അംഗം പദ്ധതി അവതരിപ്പിക്കാം.

സ്റ്റാന്റിംഗ് കമ്മിറ്റികൾ യഥാസമയം തീരുമാനമെടുക്കാത്ത പക്ഷം ഭരണസമിതിക്ക് പ്രോജക്ടുകളിൽ തീരുമാനം എടുക്കാം.

ലക്ഷംവീട് ഒറ്റവീടാക്കാം.



മൃഗാശുപത്രിയിലേയ്ക്കു മരുന്നുവാങ്ങാം.

ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്ക്, അങ്കൺവാടി കെട്ടിടനിർമ്മാണം ഏറ്റെടുക്കാം.

മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷമേ പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ.

അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് തല പരിശോധന നടത്തി ഗ്രാമസഭകൾക്ക് മുമ്പ് സാക്ഷ്യപ്പെടുത്തണം.

വിദേശത്ത് ജോലിചെയ്യുന്നവർക്ക് കുടുംബത്തിന് 100 ച. മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള വീട് ഉണ്ടെങ്കിൽ മാത്രം അയോഗ്യത കല്പിക്കാവൂ.

ഗുണഭോക്തൃലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം.

ജില്ലാ ആസൂത്രണ സമിതിയുടെ ചുമതലകൾ

പദ്ധതി ആസൂത്രണത്തിന് നേതൃത്വം വഹിക്കണം. നിരീക്ഷണം നടത്തണം

മുൻഗണന നിശ്ചയിക്കാൻ സഹായിക്കണം

വിലയിരുത്തൽ നടത്തണം.

ബ്ലോക്ക് തല/ ജില്ലാതലയോഗങ്ങൾ വിളിച്ചുകൂട്ടണം

പദ്ധതിരേഖയ്ക്ക് അംഗീകാരം 15 ദിവസത്തിനകം നൽകണം

പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനം/ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം കളക്ടർ (മെമ്പർ സെക്രട്ടറി) വഴി ഉറപ്പാക്കണം.

പുതുക്കിയ മാർഗ്ഗരേഖയ്ക്ക് 2014-15 വർഷത്തെ പദ്ധതി പ്രവർത്തനം മുതലാണ് പ്രാബല്യം ഉണ്ടായിരിക്കുക. ■

*ഹെൽപ് ഡസ്ക്, കില*

കഥ

വിനോദ് ഓലശ്ശേരി



# താമസ സർട്ടിഫിക്കറ്റ്

കാഞ്ഞിര കണ്ടത്തിൽ കദീജ താത്ത നേരെ എന്റെ അടുക്കലേക്കാണ് വന്നത്. ഉണ്ണിത്താൻ സാർ ഏൽപിച്ച ബിൽഡിംഗ് പെർമ്മിറ്റുകൾ അയക്കുന്നതിനായി സ്റ്റാമ്പ് ഒട്ടിക്കുകയായിരുന്നു ഞാൻ. വസുമതി സാറിനെയാണ് കദീജ താത്തക്ക് കാണേണ്ടത്. നികുതി പിരിവിന്റെ ക്യാമ്പുകൾ നടക്കുന്നതിനാൽ ഒരാഴ്ചയായി വസുമതി സാർ ഓഫീസിൽ ഇല്ലായിരുന്നു.

ന്റെ സർട്ടിഫിക്കറ്റ് ആയോ മോനെ?

താമസ സർട്ടിഫിക്കറ്റിനായി കഴിഞ്ഞയാഴ്ചയാണ് കദീജ താത്ത ഫ്രണ്ട് ഓഫീസിൽ അപേക്ഷ നൽകിയത്. ഏതാണ്ട് അറുപത്തഞ്ചോളം വയസ്സുണ്ടാവണമവർക്ക്. ഹജ്ജിന് പോകാൻ പാസ്പോർട്ട് എടുക്കുന്നതിനു വേണ്ടിയാണ് താമസ സർട്ടിഫിക്കറ്റ്. അപേക്ഷ നൽകി പിറ്റേന്നു മുതൽ സർട്ടിഫിക്കറ്റിനായി അവർ വരാൻ തുടങ്ങിയിട്ടുണ്ട്.

വസുമതി സാർ ഇൻസ്പെക്ഷൻ നടത്തേണ്ട വാർഡിലാണ് അവർ താമസിക്കുന്നത്. അതുകൊണ്ട് തന്നെ താമസ സർട്ടിഫിക്കറ്റ് നൽകുന്നതിന് സാറിന്റെ അന്വേഷണ റിപ്പോർട്ട് നിർബന്ധമായിരുന്നു.

കദീജ താത്തയെ ഞാൻ വസുമതി സാറിന്റെ അടുക്കലേക്ക് കൊണ്ടുപോയി. അവരുടെ അപേക്ഷയെടുത്ത് വസുമതി സാർ പറഞ്ഞു.

നിങ്ങൾ ഈ പഞ്ചായത്തിലാണ് താമസിക്കുന്നതെന്ന് തെളിയിക്കുന്ന രേഖകൾ വേണം.റേഷൻ കാർഡോ, തിരിച്ചറിയൽ രേഖകളോ വേണം. അതൊന്നും കിട്ടിയില്ലെങ്കിൽ വാർഡു മെമ്പറുടെ സാക്ഷ്യപത്രവും കെട്ടിട ഉടമസ്ഥന്റെ സമ്മത പത്രവും വേണം

മോളെ  ഞാനിവിടെ താമസിക്കാൻ തുടങ്ങിയിട്ട് ആറു മാസമെ ആയിട്ടുള്ളൂ. സത്യത്തിൽ ചേലക്കര പഞ്ചായത്തിലാ യിരുന്നു എന്റെ വീട്. എല്ലാ രേഖകളും ആ പഞ്ചായത്തിലേ താണ്. അഞ്ചുസെന്റ് സ്ഥലമുണ്ടായിരുന്നു.ഭർത്താവും മക്കളു മില്ല. ഹജ്ജ് ചെയ്യാനുള്ള പൂതികൊണ്ട് വീടും സ്ഥലവും വിറ്റു. ഇവിടെ അകന്ന ബന്ധത്തിൽപ്പെട്ട ഒരാളുടെ പരിചയത്തിലാണ് വാടകക്ക് വന്നു താമസിക്കുന്നത്. ഇവിടുത്തെ മെമ്പറെയൊന്നും എനിക്കറിയില്ല. എങ്ങനെയെങ്കിലും മോള് എനിക്ക് ഈ സർട്ടിഫിക്കറ്റ്  ശരിയാക്കിതരണം.

കദീജ താത്ത വിഷമത്തോടെയാണ് ഇത്രയും പറഞ്ഞത്. പക്ഷേ വസുമതി സാർ റിപ്പോർട്ടെഴുതാൻ  കൂട്ടാക്കിയില്ല.

അറിയാത്ത വാർഡുമെമ്പറെയും  തേടി കദീജ താത്ത പഞ്ചായത്ത് ഓഫീസിന്റെ പടികളിറങ്ങുന്നത് വിഷമത്തോടെ ഞാൻ നോക്കി നിന്നു.

പാസ്പോർട്ട് കിട്ടിയില്ലെങ്കിൽ കദീജ താത്തയുടെ ഹജ്ജ് ചെയ്യാനുള്ള മോഹം തകരും.

പിന്നീട് മൂന്നു ദിവസം കഴിഞ്ഞാണ് കദീജ താത്ത വന്നത്. വാർഡ് മെമ്പറെയോ കെട്ടിട ഉടമസ്ഥനെയോ കാണാൻ അവർക്ക് സാധിച്ചിരുന്നില്ല.

എന്റെയടുത്ത് വന്ന് അവർ സങ്കടം പറഞ്ഞു.

വസുമതി സാർ  രണ്ടു ദിവസമായി കിലയിൽ പരിശീലനത്തിലാണ്.

ഇന്നു കൂടി കിട്ടിയില്ലെങ്കിൽ

അന്നായിരിക്കണം പാസ്പോർട്ട് ഓഫീസിൽ ചെല്ലാനുള്ള അവസാന ദിവസമെന്ന് ഞാൻ കണക്കു കൂട്ടി. സെക്രട്ടറി ലീവിലാണ്. അത്യാവശ്യം

സർട്ടിഫിക്കറ്റുകൾ ഹെഡ്ക്ലാർക്കായ രാജൻ സാറാണ് ഒപ്പിടുന്നത്. അദ്ദേഹം വലിയ  കണിശക്കാരനാണ്. റിപ്പോർട്ടില്ലാതെ ഒന്നും ചെയ്യില്ല.കദീജ താത്തയുടെ കാര്യം ഒരു നിലക്കും നടക്കാൻ പോകുന്നില്ല.

അവരുടെ ഹജ്ജ് മോഹം വിഫലമാകുമെന്ന ചിന്ത വല്ലാത്തൊരു നൊമ്പരമായി മനസ്സിൽ കിടക്കാൻ തുടങ്ങിയിട്ട് ദിവസങ്ങളായിരിക്കുന്നു.

പിന്നീടൊന്നും ചിന്തിച്ചില്ല. ഒരു താമസ സർട്ടിഫിക്കറ്റിന്റെ പകർപ്പെടുത്ത് വൃത്തിയായി കദീജ താത്തയുടെ പേരും വിലാസവും എഴുതി.

ഒപ്പിടുമ്പോൾ കൈ വിറച്ചിരുന്നു.

ഒപ്പിൽ ഒന്നു കൂടി നോക്കി. കൊള്ളാം രാജൻ സാറിന്റെ ഒപ്പു പോലെ തന്നെ!

ആരും കാണാതെ സർട്ടിഫിക്കറ്റ് കദീജ താത്തക്കു നൽകി.

ആ കണ്ണുകളിലെ നന്ദി സ്വന്തമാക്കി അവരെ പറഞ്ഞയച്ചു.

ചെയ്തത് തെറ്റാണെന്ന ചിന്ത കുറച്ചു ദിവസം വല്ലാതെ പേടിപ്പെടുത്തി. എങ്കിലും നല്ലൊരു കാര്യത്തിനാണല്ലോ എന്നോർത്ത് സമാധാനിച്ചു.

കൃത്യം രണ്ടാഴ്ച കഴിഞ്ഞാണ്. അതുണ്ടായത്.

പോലീസ്ഇന്റലിജൻസ് വിംഗിൽ നിന്നും രണ്ടു പേർ സെക്രട്ടറിയെ കാണാനെത്തി. അവരുടെ കയ്യിൽ ദിവസങ്ങൾക്കു മുമ്പ് താൻ രാജൻ സാറിന്റെ വ്യാജ  ഒപ്പിട്ടു കദീജ താത്തക്കു നൽകിയ താമസ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഉണ്ടായിരുന്നു!

രാജൻ സാർ വിളിപ്പിക്കപ്പെട്ടു. കൂടെ കദീജ താത്തയുടെ ഫയലും.

അടുത്ത വിളിക്ക് കാതോർത്ത് സെക്രട്ടറിയുടെ മുറിക്കു പുറത്തു വിറയലോടെ നിൽക്കുമ്പോൾ ഞാനറിഞ്ഞു. ഇതു തന്റെ ഔദ്യോഗിക ജീവിതത്തിന്റെ അവസാന മണിക്കൂറുകളാണ്.

വ്യാജ ഒപ്പിട്ട് സർട്ടിഫിക്കറ്റ് നൽകിയതിന് എന്തായിരിക്കും ശിക്ഷ?

സർട്ടിഫിക്കറ്റ് കാണുമ്പോഴെ കാര്യം ബോധ്യമാകും. സർട്ടിഫിക്കറ്റ് പൂരിപ്പിച്ചിരിക്കുന്ന കൈപ്പട എന്റേതാണെന്നും താഴെ വ്യാജ ഒപ്പിട്ടിരിക്കുന്നത് ഞാൻ തന്നെയാണെന്നും രാജൻ സാറിന് മനസ്സിലാകും.

സെക്രട്ടറി എന്റെ പേര് വിളിച്ചു. ഒരു പ്രേതം പോലെയാണ് മുറിയിലേക്ക് കയറിചെന്നത്.

രാജൻ സാർ കുനിഞ്ഞ മുഖവുമായി നിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കാൻ ധൈര്യമുണ്ടായില്ല.

മിസ്റ്റർ രാജൻ നിങ്ങൾ ഇത്ര ലാഘവത്തോടെ കാര്യങ്ങൾ കാണരുത്. ആ കദീജ എന്നവരുടെ ഭർത്താവ് ജീവിച്ചിരിപ്പുണ്ട്. എവിടെയാണെന്നറിയോമോ? പാക്കിസ്ഥാനിൽ! പാക്കിസ്ഥാൻ പൗരനാണയാൾ സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുമ്പോൾ അല്പം കൂടി ഉത്തരവാദിത്തം കാണിക്കണ്ടെ?

ഇന്റലിജൻസ് ഉദ്യോഗസ്ഥന്റെ വാക്കുകൾ തീമഴയായി പതിക്കുകയാണ്.

ആ  രണ്ടു ചായ

ഇടയിൽ സെക്രട്ടറി എന്നെ നോക്കി പറഞ്ഞു.

ഞാൻ ചെയ്ത അപരാധത്തിന്റെ ഫലം അനുഭവിക്കുന്നത് പാവം രാജൻ സാർ.

സത്യം തുറന്നു പറഞ്ഞാലോ. പക്ഷേ രാജൻ സാറ് തന്നെയൊന്ന് നോക്കുന്നുപോലുമില്ല.

ചായയുമായി ചെല്ലുമ്പോഴും വിസ്താരം തീർന്നിരുന്നില്ല.

പക്ഷേ അപ്പോൾ കൂടുതലും സംസാരിച്ചത് രാജൻ സാറായിരുന്നു. അതും നല്ല കിടിലൻ ഇംഗ്ലീഷിൽ!

ഓഫീസിലെങ്ങും മൂകത നിറഞ്ഞിരുന്നു.

ഇന്റലിജൻസുകാർ സെക്രട്ടറിയുടെ മുറിയിൽ നിന്നും പുറത്തേക്കിറങ്ങി. പിന്നാലെ രാജൻ സാറും.

തന്റെ സീറ്റിൽ പരിക്ഷീണനായി വന്നിരുന്ന സാർ കൈകളാൽ മുഖം മറച്ച് മേശപ്പുറത്തേക്ക് ചാഞ്ഞു.

പതുക്കെ ഞാൻ സാറിന്റെ സീറ്റിനരികത്തേക്ക് ചെന്നു. സാറിന്റെ തോളിൽ പതുക്കെ തൊട്ടു വിളിച്ചു.

സാർ

അദ്ദേഹം മുഖമുയർത്തി എന്നെ നോക്കി.


ഞാൻ കുനിഞ്ഞ് സാറിന്റെ വലതുകൈ കൈയ്യിലെടുത്തു.


സാറെന്നോട് ക്ഷമിക്കണം. ഞാനാണ്

മുഴുമിപ്പിക്കാൻ അനുവദിക്കാതെ സാർ സീറ്റിൽ നിന്നും എഴുന്നേറ്റു.

എന്റെ തോളിൽ പിടിച്ച് ശബ്ദം താഴ്ത്തി പറഞ്ഞു.

താൻ വിഷമിക്കേണ്ട. കദീജ താത്ത ഭംഗിയായി ഹജ്ജ് ചെയ്യും. ആ കോടി കോടി പുണ്യത്തിൽ ഒന്ന് നിനക്കുണ്ടാകും തീർച്ച!! ■





# പെരുമാറ്റച്ചട്ടം വന്ന വഴി

സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനം. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികൾക്കും തുല്യമായ വേദിയും എല്ലാ പാർട്ടികൾക്കും അവരുടെ നയപരിപാടികളും പദ്ധതികളും ജനത്തിനു മുന്നിൽ അവതരിപ്പിക്കാൻ തുല്യമായ അവസരങ്ങളും എന്നതാണ് ഇതിന്റെ സങ്കല്പം. ഇവിടെയാണ് മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ പ്രസക്തി. മാതൃകാ പെരുമാറ്റച്ചട്ടം എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഒരേ അവസരം നല്കുന്നു. പാർട്ടികൾ തമ്മിലുള്ള സംഘർഷവും ഏറ്റുമുട്ടലുകളും ഒഴിവാക്കി, ക്രമസമാധാനം ഉറപ്പുവരുത്താനും പ്രചാരണം നിയമാനുസൃതവും ആരോഗ്യപരവുമാക്കാനും ഇതു സഹായിക്കുന്നു. കേന്ദ്രത്തിലെയോ സംസ്ഥാനത്തെയോ ഭരണകക്ഷി ഔദ്യോഗിക പദവികൾ ദുരുപയോഗം ചെയ്ത് തെരഞ്ഞെടുപ്പിൽ അന്യായമായ കാര്യലാഭം ഉണ്ടാക്കാതിരിക്കാനുള്ള മുൻ കരുതലാണ് പെരുമാറ്റച്ചട്ടം. ജനാധിപത്യപ്രക്രിയയ്ക്കു വേണ്ടി ഇന്ത്യൻ തെരഞ്ഞെടുപ്പ് സംവിധാനത്തിനുള്ള മുഖ്യ സംഭാവനയാണ് ഈ നടപടി.

രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും പ്രത്യേകമായി പാലിക്കേണ്ട കൂട്ടം പെരുമാറ്റ സംഹിതകളുടെ നിയമാവലിയാണ് പെരുമാറ്റച്ചട്ടം. ഇതിന്റെ പ്രത്യേകത എന്നു പറയുന്നത് ഈ രേഖയുടെ ഉത്ഭവം തന്നെ രാഷ്ട്രീയ പാർട്ടികളടെ പരസ്പര ധാരണയോടെയാണ്. 1960–ൽ കേരളത്തിലെ നിയമസഭാതെരഞ്ഞെടുപ്പിലാണ് ഇത് ആദ്യമായി നിലവിൽ വരുന്നത്. തെരഞ്ഞെടുപ്പു യോഗങ്ങൾ, പ്രകടനങ്ങൾ, പ്രസംഗങ്ങൾ, മുദ്രാവാക്യങ്ങൾ, പോസ്റ്ററുകൾ, പ്ലക്കാർഡുകൾ എന്നിവയിൽ

**സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞടുപ്പാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനം. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികൾക്കും തുല്യമായ വേദിയും എല്ലാ പാർട്ടികൾക്കും അവരുടെ നയപരി പാടികളും പദ്ധതികളും ജനത്തിനു മുന്നിൽ അവത രിപ്പിക്കാൻ തുല്യമായ അവസരങ്ങളും എന്നതാണ് ഇതിന്റെ സങ്കല്പം.**



പാലിക്കേണ്ട മര്യാദകൾ ആയിരുന്നു അന്ന് പെരുമാറ്റച്ചട്ടമായി മുഖ്യതെരഞ്ഞെടുപ്പു കമ്മിഷണർ ശ്രീ.കെവികെ സുന്ദരം നിർദ്ദേശിച്ചത്. 1962-ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കമ്മിഷൻ ഈ പെരുമാറ്റ സംഹിത എല്ലാ അംഗീകൃത രാഷ്ട്രിയ പാർട്ടികൾക്കും അയച്ചു കൊടുത്തു. ഇത് പാർട്ടി കളെ കൊണ്ട് അംഗീകരിപ്പിക്കണമെന്ന് സംസ്ഥാന ഗ വൺമെന്റുകളോട് അഭ്യർത്ഥിക്കുകയും ചെയ്തു. 1962-ലെ തെര ഞ്ഞെടുപ്പിനു ശേഷം ലഭിച്ച റിപ്പോർട്ടുകൾ വ്യക്തമാക്കിയത് എല്ലാവരും ഈ പെരുമാറ്റച്ചട്ടങ്ങൾ കൃത്യമായി പാലിച്ചു എന്നാ യിരുന്നു. 1967-ൽ ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുക ളിലും ഈ പെരുമാറ്റച്ചട്ടങ്ങൾ തന്നെ തുടർന്നു.

**പെരുമാറ്റച്ചട്ടങ്ങൾ 1976 നു ശേഷം**

1968-ൽ തെരഞ്ഞെടുപ്പു കമ്മിഷൻ സംസ്ഥാനതലത്തിൽ രാഷ്ട്രിയ പാർട്ടികളുടെ ഒരു യോഗം വിളിച്ചുകൂട്ടി. തെരഞ്ഞെ ടുപ്പ് സ്വതന്ത്രമായും നിഷ്പക്ഷമായും നടക്കുന്നതിന് പാർട്ടി കൾ പാലിക്കേണ്ട ഏറ്റവും ചുരുങ്ങിയ പെരുമാറ്റ സംഹിത അ വർക്കിടയിൽ വിതരണം ചെയ്തു. (മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണർ ശ്രീ. എസ്.പി സെൻവർമ)

1971-72 ലോക്സഭയിലേയ്ക്കും സംസ്ഥാന നിയമസഭകളി ലേയ്ക്കും നടന്ന പൊതു തെരഞ്ഞെടുപ്പിൽ കമ്മിഷൻ വീണ്ടും ഈ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തി. (മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണർ ശ്രീ. എസ്.പി സെൻവർമ)

1974-ൽ ചില സംസ്ഥാനനിയമസഭകളിലേയക്കു നടന്ന പൊതു തെരഞ്ഞെടുപ്പിൽ ആ സംസ്ഥാനങ്ങളിലെ രാഷ്ട്രിയ പാർട്ടികൾക്ക് കമ്മിഷൻ പെരുമാറ്റച്ചട്ടം നല്കി. മാത്രവുമല്ല, ജില്ലാ അടിസ്ഥാനത്തിൽ കളക്ടർ അധ്യക്ഷനായി രാഷ്ട്രിയ പാർട്ടി പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരി ക്കാനും ഇതിന്റെ ലംഘനത്തിനെതിരെ ലഭിക്കുന്ന പരാതികൾ പരിഹരിക്കാനും, ഒപ്പം എല്ലാ സ്ഥാനാർത്ഥികളുടെയും പാർട്ടി കളുടെയും സമ്മതം ഇക്കാര്യത്തിൽ ഉറപ്പു വരുത്താനും നിർദ്ദേശം നല്കി.

1977-ലെ ലോക് സഭാ തെരഞ്ഞെടുപ്പിൽ എല്ലാ രാഷ്ട്രിയ പാർട്ടികൾക്കും വീണ്ടും പെരുമാറ്റച്ചട്ടം നല്കി. (മുഖ്യ തെരഞ്ഞെടുപ്പു കമ്മിഷണർ ശ്രീ.ടി.സ്വാമിനാഥൻ).

1979-ൽ രാഷ്ട്രിയ പാർട്ടികളുമായി കൂടിയാലോചിച്ച് പെരു മാറ്റച്ചട്ടങ്ങൾ കൂടുതൽ കർശനമാക്കി. ഭരിക്കുന്ന പാർട്ടി പദ വിയും അധികാരവും ഉപയോഗിച്ച് തെരഞ്ഞെടുപ്പിൽ മറ്റു പാർട്ടികളെയും സ്ഥാനാർത്ഥികളെയും അപേക്ഷിച്ച് അനധി കൃതമായ ആനുകൂല്യങ്ങൾ നേടുന്നത് തടയുന്നതിനുള്ള പുതിയ ഒരു വകുപ്പു കൂടി ഇതിൽ കൂട്ടി ചേർത്തു.(മുഖ്യ തെര ഞ്ഞെടുപ്പു കമ്മിഷണർ ശ്രീ.എസ്.എൽ ശക്തർ)

1991-ൽ പെരുമാറ്റച്ചട്ടം ഇന്നത്തെ രീതിയിൽ പരിഷ്കരിച്ച് കൂടുതൽ ശക്തമാക്കി വീണ്ടും പുറപ്പെടുവിച്ചു. (മുഖ്യതെര ഞ്ഞെടുപ്പ് കമ്മിഷണർ ശ്രീ.ടി.എൻ ശേഷൻ)

നിലവിലുള്ള ചട്ടം രാഷ്ട്രിയ പാർട്ടികൾക്കും സ്ഥാനാർത്ഥി കൾക്കുമുള്ള പൊതു പെരുമാറ്റ മാർഗ്ഗ നിർദ്ദേശങ്ങളാണ് (സ്വകാര്യ വ്യക്തികളെ ആക്രമിക്കരുത്, വർഗ്ഗീയ വികാരങ്ങൾ ഇളക്കരുത്, യോഗങ്ങളിലും പ്രകടനങ്ങളിലും അച്ചടക്കം പാലി ക്കണം, ഔദ്യോഗിക സംവിധാനത്തെയോ സൗകര്യങ്ങളെയോ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഉപയോഗിക്കരുത്, തെര ഞ്ഞെടുപ്പിന്റെ വെളിച്ചത്തിൽ മന്ത്രിമാർ ആനുകൂല്യങ്ങളും മറ്റു ക്ഷേമപദ്ധതികളും പ്രഖ്യാപിക്കരുത് തുടങ്ങി ഭരിക്കുന്ന പാർട്ടി ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഇതിലുൾപ്പെടുന്നു.)

തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കിടയിൽ മന്ത്രിമാരോ മറ്റ് ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവരോ ഔദ്യോഗിക സന്ദർശ നങ്ങൾ നടത്തിക്കൂടാ.

പൊതു ഖജനാവിലെ പണം ഉപയോഗിച്ച പരസ്യങ്ങൾ നല്കാൻ പാടില്ല.

സാമ്പത്തിക സഹായങ്ങൾ, പുതിയ ക്ഷേമപദ്ധതികൾ തുട ങ്ങിയവ പ്രഖ്യാപിക്കാൻ പാടില്ല. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കു ന്നതിനു മുമ്പ് പാസാക്കുകയും എന്നാൽ ആരംഭിക്കാതിരിക്കു കയും ചെയ്തിട്ടുള്ള പദ്ധതികളും തുടങ്ങാൻ പാടില്ല.



ഇത്തരം നിയന്ത്രണങ്ങളിലൂടെയാണ് അധികാരത്തിന്റെ മുനയൊടിച്ച് മത്സരിക്കുന്ന എല്ലാവർക്കും തുല്യ അവസരങ്ങൾ നല്കുന്നത്.

പെരുമാറ്റച്ചട്ടങ്ങൾക്ക് രാജ്യത്തെ പരമോന്നത നീതിപീഠത്തിന്റെ അംഗീകാരവും ഉണ്ട്. മാതൃകാ പെരുമാറ്റച്ചട്ടം പ്രഖ്യാപിച്ച തിയതിയുമായി ബന്ധപ്പെട്ട് ഹർബൻസിംങ് ജലാൽ ഗവൺമെന്റിനെതിരെ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ (നമ്പർ 22724 / 1997) തെരഞ്ഞെടുപ്പ് കമ്മിഷൻ തെരഞ്ഞെടുപ്പ് തിയതി പത്രക്കുറിപ്പ് നല്കി പ്രഖ്യാപിക്കുന്ന അന്നു മുതൽ പെരുമാറ്റച്ചട്ടങ്ങൾ പ്രാബല്യത്തിലാകും എന്ന് കോടതി റൂളിംങ് നല്കി. പെരുമാറ്റച്ചട്ടങ്ങൾ സംബന്ധിച്ച എല്ലാ തർക്കങ്ങളും ഇതോടെ അവസാനിക്കുകയും ചെയ്തു. മാതൃകാ പെരുമാറ്റച്ചട്ടം തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കുന്ന ദിവസം മുതൽ തെരഞ്ഞെടുപ്പ് പ്രക്രിയ അവസാനിക്കുന്ന ദിവസം വരെ പ്രാബല്യത്തിലുണ്ടാകും. എസ്. സുബ്രഹ്മണ്യം ബാലാജിയും തമിഴ്നാട് ഗവണമെന്റുമായുള്ള ഒരു പ്രത്യേകാനുമതി ഹർജിയിൽ 2013 ഫെബ്രുവരി 5-ന് സുപ്രീം കോടതിയിൽ നിന്നുണ്ടായ വിധിയെത്തുടർന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ എട്ടാം അധ്യായമായി തെതരഞ്ഞെടുപ്പ് മാനിഫെസ്റ്റോയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയുണ്ടായി.

**മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ നിയമപദവി**

മാതൃകാ പെരുമാറ്റച്ചട്ടങ്ങൾക്ക് നിയമങ്ങളുടെ പദവി നല്കണമെന്ന് ചില കേന്ദ്രങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ ഉയരുന്നുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് കമ്മിഷൻ അതിനോടു യോജിക്കുന്നില്ല. പെരുമാറ്റച്ചട്ടത്തിന് നിയമ പദവി നല്കിയാൽ അത് വിപരീത ഫലമേ നല്കുകയുള്ളു

**നിലവിലുള്ള ചട്ടം രാഷ്ട്രിയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കുമുള്ള പൊതു പെരുമാറ്റ മാർഗ്ഗ നിർദ്ദേശങ്ങളാണ് (സ്വകാര്യ വ്യക്തികളെ ആക്രമിക്കരുത്, വർഗ്ഗീയ വികാരങ്ങൾ ഇളക്കരുത്, യോഗങ്ങളിലും പ്രകടനങ്ങളിലും അച്ചടക്കം പാലിക്കണം, ഔദ്യോഗിക സംവിധാനത്തെയോ സൗകര്യങ്ങളെയോ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഉപയോഗിക്കരുത്, തെരഞ്ഞെടുപ്പിന്റെ വെളിച്ചത്തിൽ മന്ത്രിമാർ ആനുകൂല്യങ്ങളും മറ്റു ക്ഷേമപദ്ധതികളും പ്രഖ്യാപിക്കരുത് തുടങ്ങി ഭരിക്കുന്ന പാർട്ടിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഇതിലുൾപ്പെടുന്നു.)**



എന്നാണ് തെരഞ്ഞെടുപ്പു കമ്മിഷന്റെ നിലപാട്. നമ്മുടെ രാജ്യത്ത് നിശ്ചിത സമയ പരിധിക്കുള്ളിൽ നടക്കുന്ന ഒരു നടപടിയാണ് തെരഞ്ഞെടുപ്പുകൾ. സാധാരണ ഗതിയിൽ ഒരു സംസ്ഥാന തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ കമ്മിഷൻ അത് പ്രഖ്യാപിച്ച് 45 ദിവസങ്ങൾക്കുള്ളിൽ പൂർത്തിയായിരിക്കും. പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനം സംബന്ധിച്ച കേസുകളും, സമയബന്ധിതമായ ശിക്ഷാനടപടികളും ഈ സമയപരിധിക്കുള്ളിൽ നടക്കണം. അല്ലാത്ത പക്ഷം കുറ്റവാളി അത് ആവർത്തിച്ചുകൊണ്ടിരിക്കും. മാതൃകാ പെരുമാറ്റച്ചട്ടത്തിന് നിയമ പദവി ലഭിച്ചാൽ അതു പിന്നെ പോലീസിന്റെയും മജിസ്ട്രേറ്റിന്റെയും കീഴിലാകും. നടപടിക്രമങ്ങൾ കോടതിയിലാകും. തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായാൽ പോലും ഈ കേസ് തീരണമെന്നില്ല. സ്വാഭാവികമായും നടപടികൾ നീളും എന്നു ചുരുക്കം.

**പെരുമാറ്റച്ചട്ടവും വികസന പ്രവർത്തനങ്ങളം**

പെരുമാറ്റച്ചട്ടങ്ങൾക്കെതിരെ പൊതുവെ ഉയർന്നു കേൾക്കുന്ന ഒരു പരാതിയാണ് അത് വികസനപ്രവർത്തനങ്ങളെ തടസപ്പെടുത്തുന്നു എന്ന്. ഒരിക്കലുമില്ല. പെരുമാറ്റച്ചട്ടങ്ങൾ പ്രാബല്യത്തിലിരിക്കുന്ന ചെറിയ കാലയളവിൽ പോലും നടന്നു കൊണ്ടിരിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും യാതൊരു തടസവും കൂടാതെ തുടർന്നു പോകാം. പുതിയ പദ്ധതികൾ തുടങ്ങാൻ അനുവാദമില്ല എന്നു മാത്രം. തെരഞ്ഞെടുപ്പു കഴിഞ്ഞാലുടൻ അവ തുടങ്ങാവുന്നതാണ്. എന്നാൽ അതുവരെ കാത്തു നില്ക്കാൻ സാധിക്കാത്ത ദുരിതാശ്വാസ പ്രവർത്തനങ്ങളും മറ്റും തെരഞ്ഞെടുപ്പു കമ്മിഷന്റെ അനുവാദത്തോടെ തുടങ്ങാവുന്നതുമാണ്.

അലഹബാദ് ഹൈക്കോടതിയുടെ ഇതു മായി ബന്ധപ്പെട്ട ഒരു വിധിയുണ്ട്. തെരഞ്ഞെടുപ്പു കമ്മിഷനെതിരെ ഡോ. നൂതൻ താക്കൂർ നല്കിയ കേസിലാണ് ഈ വിധി.

തെരഞ്ഞെടുപ്പിനു ശേഷം ജനപ്രതിനിധികൾക്ക് അടുത്ത അഞ്ചു വർഷക്കാലം ജനങ്ങളോടുള്ള അവരുടെ ചുമതലകൾ നിർവഹിക്കുന്നു എന്ന കാര്യം ചൂണ്ടിക്കാണിക്കുന്നത് ഉചിതമെന്നു തോന്നുന്നു. തെരഞ്ഞെടുപ്പുകൾ കൃത്യമായ കാലയളവിൽ സംഭവിച്ചിരിക്കും. അല്ലെങ്കിൽ നിയമസഭയോ ലോക്സഭയോ കാലാവധി തീരും മുമ്പേ പിരിച്ചുവിട്ടിരിക്കണം. ജനപ്രതിനിധികൾ ആ പദവിയിൽ ആയിരിക്കുമ്പോൾ രാജ്യത്തോടുള്ള ഉത്തരവാദിത്വങ്ങളും ആത്മാർത്ഥമായും സത്യസന്ധമായും നിർവഹിക്കണം. അല്ലാതെ അഞ്ചു വർഷക്കാലം ജനപ്രതിനിധി ആയിരുന്നിട്ടും യാതൊരു ഉത്തരവാദിത്വവും നിർവഹിക്കാതെ അടുത്ത തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുമ്പോൾ വീണ്ടും വാഗ്ദാനങ്ങളുമായി ജനങ്ങളെ സമീപിക്കുന്നത് അധാർമ്മികമാണ്, തെറ്റാണ്. ■

*പി.ഐ.ബി. ഇലക്ഷൻ ടീം.*

ഫീച്ചർ

കെ. എ. ബീന

# അന്താരാഷ്ട്ര വനിതാദിനം



'സ്ത്രീകൾക്ക് തുല്യത- എല്ലാവരുടെയും പുരോഗതി' എന്നതാണ് ഇക്കൊല്ലത്തെ വനിതാദിനത്തിന്റെ മുദ്രാവാക്യം.

മനുഷ്യരാശിയുടെ പാതിയോളം വരുന്ന സ്ത്രീകൾക്കായി ലോകമെങ്ങും ആചരിക്കപ്പെടുന്ന ഒരു ദിനം-മാർച്ച് എട്ടിന്റെ പ്രസക്തി ഇത്തരമൊരു സാമാന്യവൽക്കരണത്തിനപ്പുറത്ത് സ്ത്രീകളെ അവർ നേരിടുന്ന പിന്നോക്കാവസ്ഥ മറികടക്കാൻ പ്രേരിപ്പിക്കുക എന്നതു കൂടിയാണ്. കാലമെത്ര കഴിഞ്ഞിട്ടും ദിനാചരണങ്ങൾ ധാരാളം നടത്തിയിട്ടും ലോകത്തെങ്ങും സ്ത്രീ പദവിയും സുരക്ഷയും ഇന്നും ആകുലത ഉയർത്തുന്ന വിഷയങ്ങളാണ്.

ഗർഭത്തിൽ നിന്നു തുടങ്ങുന്നു ശരീരമെന്ന വിവേചനം. പെൺകുഞ്ഞിനെ നശിപ്പിക്കാൻ മടിയില്ലാത്തവരാണ് പലരും. ഗർഭത്തിൽവച്ചും പിറന്നു വീഴുമ്പോഴും പെൺശരീരം പേറുന്ന പല ആത്മാക്കൾക്കും ജീവിതം നിഷേധിക്കുന്നത് സ്വന്തം മാതാപിതാക്കൾ തന്നെയാവുന്നു. വളർച്ചയുടെ പടവുകളിൽ പെൺകുട്ടി തിരിച്ചറിയുന്നു, ഈ ശരീരം അപകടമാണ്, ആക്രമിക്കപ്പെടാൻ സാധ്യതയുള്ളതാണ്. പിന്നെ സ്വയരക്ഷക്കുള്ള മാർഗ്ഗങ്ങൾ തേടലാണ്. ഇക്കാരണം കൊണ്ട് തന്നെയാണ് തലമുറകളായി സ്ത്രീസമൂഹം വീടുകൾക്കുള്ളിൽ തളച്ചിടപ്പെട്ടത്, രണ്ടാംതരം പൗരത്വത്തിന് മാത്രം അവകാശമുള്ളവരെന്ന് ധരിച്ചുപോയത്.

മാനവചരിത്രത്തിന്റെ ആദ്യകാല ഏടുകളിൽ സ്ത്രീപുരുഷ ശരീരങ്ങൾക്ക് ഇത്തരം മേൽക്കോയ്മ, കീഴ്ക്കോയ്മകളൊന്നും ഉണ്ടായിരുന്നില്ലത്രെ. കൃഷി ചെയ്യാനും, സ്വന്തം കുടുംബങ്ങളുണ്ടാക്കാനും തുടങ്ങിയ കാലത്ത് പുരുഷൻ തനിക്ക് പ്രാമുഖ്യം കിട്ടുന്ന വിധത്തിൽ കുടുംബഘടന നിർവ്വചിച്ചെടുത്തപ്പോൾ സ്ത്രീ വീട്ടിനുള്ളിലായി, മനുഷ്യകുലത്തിൽ അടിമയും ഉടമയുമുണ്ടായി, ഉടമയായ പുരുഷന് അടിമയാക്കിയെടുത്ത സ്ത്രീസമൂഹത്തിന്റെ ചിന്താശേഷിയിലും മേൽക്കോയ്മ മനോഭാവമുണ്ടാക്കാൻ കഴിഞ്ഞു. പിന്നീടുള്ള ചരിത്രത്തിൽ സ്ത്രീ നേരിട്ടത് ശരീരത്തിന്റെ മേലുള്ള അധിനിവേശവും ആക്രമണവുമായിരുന്നു. അത് ഇന്നും തുടരുന്നു. ഓരോ 25 മിനിട്ടിലും ഒരു സ്ത്രീ പീഡിപ്പിക്കപ്പെടുന്നുണ്ട്, ഓരോ 40 മിനിട്ടിലും ബലാൽസംഗം ചെയ്യപ്പെടുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. ഒരു മനുഷ്യജീവി മറ്റൊരു മനുഷ്യജീവിയ്ക്ക് നൽകേണ്ട സാമാന്യ പരിഗണനപോലും ലഭിക്കാൻ ശരീരം സ്ത്രീയ്ക്ക് പലപ്പോഴും വിലങ്ങുതടിയാവുന്നു.

*ശേഷം 40–ാം പേജിൽ*



# സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2014

പേജ് 10-ൽ നിന്നും തുടർച്ച

പരിപാടി നടന്നു. തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തു പ്രതിനിധികൾ തങ്ങളുടെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വിജയം വരിച്ച നൂതന പദ്ധതികളെക്കുറിച്ച് വിശദീകരണം നടത്തി. വൈകുന്നേരം 6 മണി മുതൽ കോട്ടയം ഗ്രാമസ്വരാജ് ഓർക്കസ്ട്രയുടെ മിമിക്സ് & ഗാനമേളയും തുടർന്ന് കേരള ഫോക്‌ലോർ അക്കാദമിയുടെ നാടൻ കലാമേളയും അരങ്ങേറി.



രണ്ടാം ദിവസം രാവിലെ 10 മണി മുതൽ സെമിനാർ ആരംഭിച്ചു. അധികാര വികേന്ദ്രീകരണം12-ാം പദ്ധതിയുടെ പങ്ക് - അടുത്ത ചുവടുകൾ എന്നതായിരുന്നു വിഷയം. ഗ്രാമപഞ്ചായത്തു അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതം ആശംസിച്ച സെമിനാറിന് അദ്ധ്യക്ഷം വഹിച്ചത് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മിയായിരുന്നു. എസ്.എം. വിജയാനന്ദ്, ഐ.എ.എസ് വിഷയാവതരണം നടത്തി. പ്ലാനിംഗ് ബോർഡ് അംഗം സി.പി. ജോൺ മോഡറേറ്ററായിരുന്നു. മുൻമന്ത്രിയും MLA യുമായ തോമസ് ഐസക്ക്, മുൻപഞ്ചായത്തു വകുപ്പ് മന്ത്രി കുട്ടി അഹമ്മദ്കുട്ടി, കില ഡയറക്ടർ ഡോ. പി.പി. ബാലൻ, മഹാത്മാഗാന്ധി സർവ്വകലാശാല പ്രോ.വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ തുടങ്ങിയവർ പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്തു അസോസിയേഷൻ പ്രസിഡന്റ് അഡ്വ: എം. മണികണ്ഠൻ കൃതജ്ഞത പറഞ്ഞു.











ഉച്ചക്ക് 2 മണിക്ക് സമാപന സമ്മേളനം ആരംഭിച്ചു. പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം. കെ.മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് ഗ്രാമപഞ്ചയത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു സ്വാഗതം ആശംസിച്ചു. സമാപന സമ്മേളനം പ്രതി പക്ഷനേതാവ് വി.എസ്. അച്ചുതാനന്ദൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി വിതരണവും, മഹാത്മാപുരസ്കാരവിതരണം, സംസ്ഥാന ഫോട്ടോ ഗ്രാഫി മത്സ രവിജയികൾക്കുള്ള സമ്മാന വിതരണം എന്നിവയും നടന്നു. രണ്ടു ദിവസങ്ങളിലായി നടന്ന പഞ്ചായത്തു ദിനാഘോഷ പരിപാടികൾ വിജയകരമാക്കുന്നതിൽ സംഘാടകരുടെ അടുക്കും ചിട്ടയുമുള്ള പ്രവർത്തനങ്ങൾ പ്രകീർത്തിക്കപ്പെട്ടു. ദേശീയ ഗാനാലപനത്തോടെ പഞ്ചായത്തു ദിനാഘോഷം 2014 സമാപിച്ചു.







# സ്വരാജ് ട്രോഫിക്ക് അർഹമായ 2012–13 വർഷത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ



**2012–13 സ്വരാജ് ട്രോഫി സംസ്ഥാനതല അവാർഡുകൾ**
**മികച്ച ഗ്രാമപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി**

| | | സെക്രട്ടറി |
|---|---|---|
| ഒന്നാം സ്ഥാനം | **കവിയൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല** | റ്റി. രാധാകൃഷ്ണൻ നായർ |
| രണ്ടാം സ്ഥാനം | **ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല** | പി. സദാനന്ദൻ |
| മൂന്നാം സ്ഥാനം | **നാദാപുരം ഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ല** | പി.ചന്ദ്രൻ |

**2012–13 സ്വരാജ് ട്രോഫി ജില്ലാതല അവാർഡുകൾ**
**മികച്ച ഗ്രാമപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി**

| ജില്ല | | ഗ്രാമപഞ്ചായത്ത് | സെക്രട്ടറിയുടെ പേര് |
|---|---|---|---|
| തിരുവനന്തപുരം | **ഒന്നാം സ്ഥാനം** | ഇലകമൺ | എസ്. ഉഷ |
| | **രണ്ടാം സ്ഥാനം** | പെരുങ്കടവിള | — |
| **കൊല്ലം** | **ഒന്നാം സ്ഥാനം** | കുലശേഖരപുരം | എ. നാസറുദ്ദീൻ |
| | **രണ്ടാം സ്ഥാനം** | ഇല്ല | — |
| **ആലപ്പുഴ** | **ഒന്നാം സ്ഥാനം** | കൃഷ്ണപുരം | എസ്. ശ്രീകുമാർ |
| | **രണ്ടാം സ്ഥാനം** | വീയപുരം | — |
| **കോട്ടയം** | **ഒന്നാം സ്ഥാനം** | മരങ്ങാട്ടുപിള്ളി | റ്റി.ഡി.ജോസഫ് |
| | **രണ്ടാം സ്ഥാനം** | കരൂർ | — |
| **ഇടുക്കി** | **ഒന്നാം സ്ഥാനം** | ഇരട്ടയാർ | എ.സി മാത്യു |
| | **രണ്ടാം സ്ഥാനം** | ഇല്ല | — |
| **എറണാകുളം** | **ഒന്നാം സ്ഥാനം** | മണീട് | കെ.ജെ ലീലാമ്മ |
| | **രണ്ടാം സ്ഥാനം** | ഇല്ല | — |
| **തൃശൂർ** | **ഒന്നാം സ്ഥാനം** | ഏങ്ങണ്ടിയൂർ | ഇ. എ. രാജൻ |
| | **രണ്ടാം സ്ഥാനം** | അടാട്ട് | — |
| **പാലക്കാട്** | **ഒന്നാം സ്ഥാനം** | ശ്രീകൃഷ്ണപുരം | സി.എൻ. സത്യൻ |
| | **രണ്ടാം സ്ഥാനം** | തിരുവേഗപുറ | — |
| **മലപ്പുറം** | **ഒന്നാം സ്ഥാനം** | പുലാമന്തോൾ | കെ. സിദ്ദിഖ് |
| | **രണ്ടാം സ്ഥാനം** | ഇല്ല | — |
| **കോഴിക്കോട്** | **ഒന്നാം സ്ഥാനം** | കായണ്ണ | പി. നാരായണൻ |
| | **രണ്ടാം സ്ഥാനം** | ബാലുശ്ശേരി | — |









സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും പ്രത്യേക ധനസഹായമായി യഥാക്രമം 25,20,15 ലക്ഷം രൂപയും ലഭിച്ചു. കൂടാതെ ഈ പഞ്ചായത്തുകളിൽ സേവനമനുഷ്ഠിച്ച സെക്രട്ടറിമാർക്ക് പ്രശംസാപത്രവും മൊമെന്റോയും നൽകി.

ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും സാക്ഷ്യ പത്രവും യഥാക്രമം 10,5 ലക്ഷം രൂപയും പ്രത്യേക ധനസഹായമായി ലഭിച്ചു. കൂടാതെ ഒന്നാം സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാർക്ക് പ്രശംസാപത്രവും മൊമെന്റോയും നൽകി.




**2012-13 വർഷത്തെ സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തുകൾ**

***ഒന്നാം സ്ഥാനം*** – മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ല
ട്രോഫിയും, 25 ലക്ഷം രൂപ
പ്രത്യേക ധനസഹായവും

***രണ്ടാം സ്ഥാനം*** – നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല
ട്രോഫിയും, 15 ലക്ഷം രൂപ
പ്രത്യേക ധനസഹായവും

***മൂന്നാം സ്ഥാനം*** – ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത്, തൃശൂർ ജില്ല
ട്രോഫിയും, 10 ലക്ഷം രൂപ
പ്രത്യേക ധനസഹായവും

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**
**മഹാത്മാ പുരസ്കാരം – 2012-13**

സംസ്ഥാനതലം

***ഒന്നാം സ്ഥാനം*** – വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
***രണ്ടാം സ്ഥാനം*** – അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി
***മൂന്നാം സ്ഥാനം*** – ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

സാക്ഷ്യപത്രവും മൊമെന്റോയും









**മഹാത്മാ പുരസ്കാരം 2012-13**
**ജില്ലാതലത്തിലെ അവാർഡിന് അർഹരായവർ**

| ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|
| തിരുവനന്തപുരം | കാട്ടാക്കട | കാരോട് |
| കൊല്ലം | തെന്മല | ഏരൂർ |
| പത്തനംതിട്ട | പള്ളിക്കൽ | ഏനാദിമംഗലം |
| ആലപ്പുഴ | ആറാട്ടുപുഴ | ചേർത്തലതെക്ക് |
| കോട്ടയം | ഉദയനാപുരം | മറവൻതുരുത്ത് |
| ഇടുക്കി | വാത്തിക്കുടി | കൊന്നത്തടി |
| എറണാകുളം | കൂവപ്പടി | അയ്യമ്പുഴ |
| തൃശൂർ | ഏറിയാട് | തെക്കുംകര |
| പാലക്കാട് | അഗളി | പട്ടഞ്ചേരി |
| മലപ്പുറം | വഴിക്കടവ് | പള്ളിക്കൽ |
| കോഴിക്കോട് | പനങ്ങാട് | കോട്ടൂർ |
| വയനാട് | പൂതാടി | മാനന്തവാടി |
| കണ്ണൂർ | ഉളിക്കൽ | ആറളം |
| കാസർഗോഡ് | മടിക്കൈ | ചെമ്മനാട് |









പേജ് 35–ന്റെ തുടർച്ച

സ്ത്രീയെ സംരക്ഷിക്കുന്ന നിയമങ്ങൾ ധാരാളമുള്ള ഒരു രാജ്യമാണ് നമ്മുടേത്. വീട്ടിലും, ജോലിസ്ഥലത്തും, പൊതുസ്ഥലത്തും സ്ത്രീ സംരക്ഷണത്തിന് ധാരാളം നിയമങ്ങൾ ഉണ്ട്. പക്ഷേ, പലപ്പോഴും ഇവയെയൊക്കെ നോക്കുകുത്തികളായി മാറുന്നതാണ് കാണാറുള്ളത്. സ്ത്രീധന നിരോധന നിയമം പോലെ ശക്തമായ നിയമത്തെ പോലും എത്ര നിസ്സാരമായാണ് തള്ളിക്കളയുന്നത് എന്ന് നാം കണ്ടു കഴിഞ്ഞു. നിയമങ്ങളുടെ കുറവു കൊണ്ടല്ല ഉള്ള നിയമം നേരേ ചൊവ്വേ നടപ്പാക്കാൻ വേണ്ട സാഹചര്യവും സന്മനസ്സും ഇല്ലാത്തതിനാലാണ് സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ പെരുകുന്നത്.

തലമുറകളായി സ്ത്രീകൾ അനുഭവിക്കുന്ന അവമതികൾക്ക് പരിഹാരം നിയമങ്ങളിലൂടെ മാത്രം സാധ്യമാവും എന്ന് തോന്നുന്നില്ല; സാമൂഹികവും, സാംസ്കാരികവും, രാഷ്ട്രീയവുമായ അവബോധവും ബോധവൽക്കരണവും ഇക്കാര്യത്തിൽ കൂടിയേ കഴിയൂ. സഹജീവിയായി സ്ത്രീയെ പരിഗണിക്കാൻ കഴിയുന്ന പുരുഷമനസ്സാണ് ഇതിനാവശ്യം. ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ള തുല്യത സ്ത്രീക്ക് ലഭിക്കാൻ കുടുംബ-സമൂഹ ഘടനകളിൽ പൊളിച്ചെഴുത്ത് നടക്കാതെ സാധ്യമല്ല.

സ്ത്രീയുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് കാരണങ്ങൾ പലതും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. പരസ്യങ്ങളിലും സിനിമകളിലും സ്ത്രീയെ ഉപഭോഗവസ്തുവായി ചിത്രീകരിക്കപ്പെടുന്നതിനെതിരെ പലരും ശബ്ദമുയർത്തിക്കഴിഞ്ഞു. മദ്യത്തിന്റെയും പോർണോഗ്രാഫിയുടെയും സ്വാധീനവും തള്ളിക്കളയാനാവില്ല. മാറിയ കാലഘട്ടത്തിൽ വീടിനുള്ളിൽ നിന്ന് പുറത്തെത്തുന്ന സ്ത്രീയെ എങ്ങനെയാണ് പരിഗണിക്കേണ്ടത് എന്ന് പലർക്കും നിശ്ചയമില്ല. നൂറ്റാണ്ടുകളായി പിന്തുടർന്നു പോന്ന പുരുഷാധിപത്യ പ്രവണതകൾ പിന്തുടരുന്ന പല പുരുഷന്മാർക്കും സ്ത്രീയുടെ പുരോഗതി അസഹനീയമായി അനുഭവപ്പെടുന്നുണ്ട് എന്ന് പലരും പറയുന്നു.

സ്ത്രീകളുടെ 'യാത്ര'കളെയും, പ്രകോപനപരമായ വേഷവിധാനങ്ങളെയും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾക്ക് കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നവർ ഏറെയാണ്. പുതിയ സാങ്കേതിക വിദ്യയയാണ് മറ്റൊരു കുറ്റവാളിയായി ഉയർത്തിക്കാണിക്കപ്പെടുന്നത്.

സ്ത്രീകളുടെ വസ്ത്രധാരണം പുരുഷനെ ബലാൽസംഗത്തിന് പ്രേരിപ്പിക്കുന്നു എന്ന വാദഗതി അംഗീകരിക്കാനാവില്ല എന്ന് പല സ്ത്രീ സംഘടനകളും പറഞ്ഞു കഴിഞ്ഞു. അങ്ങനെയാണെങ്കിൽ ഒന്നര വയസ്സുള്ള കുഞ്ഞും, ആംബുലൻസിൽ കിടക്കുന്ന രോഗിണിയും എൺപതു കഴിഞ്ഞ വൃദ്ധയും ഏതുപ്രകാരത്തിലാണ് ബലാൽസംഗത്തിന് ഇരയാകുന്നത് എന്ന് അവർ ചോദിക്കുന്നു.

കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാനാവാത്ത പല പുരുഷന്മാരും സ്ത്രീ ഒരു ചുവട് മുന്നോട്ട് വയ്ക്കുമ്പോൾ പത്ത് ചുവട് പിന്നിലേക്ക് വലിക്കാനാണ് ശ്രമിക്കുന്നത് എന്ന് സ്ത്രീ സമൂഹം കുറ്റപ്പെടുത്തുന്നു. തങ്ങൾ ആവശ്യപ്പെട്ട് ഉണ്ടാക്കിയതല്ലാത്ത തങ്ങളുടെ ശരീരം, ജീവിതത്തിന് വെല്ലുവിളിയായി മാറുന്നു എന്നത് അനീതിയാണെന്ന് വിശ്വസിക്കുന്ന സ്ത്രീകളുടെ സംഖ്യ ഏറുന്നു.

കഴിഞ്ഞ കുറേ കാലങ്ങളായി ഇത്തരം ചോദ്യങ്ങളും മറുചോദ്യങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും കഴിയുമ്പോൾ പ്രശ്നം വഷളാവുന്നതല്ലാതെ പരിഹാരം ഉണ്ടാവുന്നില്ല.

സ്ത്രീയും പുരുഷനും ഒരിക്കലും ശത്രുക്കളായി നിൽക്കേണ്ടവരല്ല, ജൈവികമായും, രാഷ്ട്രീയമായും, സാമൂഹികമായും ഒത്തുചേർന്നു പോകേണ്ടവരാണ്. ഒരു ചക്രം വലുതും മറ്റേ ചക്രം ചെറുതുമായ ഒരു വണ്ടി ഒരിക്കലും ശരിയായി ഓടിക്കാനാവില്ല.

സ്ത്രീ പുരുഷന്മാർക്കിടയിൽ തുല്യതയില്ലാതെ രാഷ്ട്രപുരോഗതി സാധ്യമല്ല. പഠിത്തത്തിലും, ഔദ്യോഗികരംഗത്തും സ്ത്രീകൾ മികവ് തെളിയിക്കുന്ന ഇക്കാലത്ത്, സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ പെരുകുന്നുവെന്നത് വിരോധാഭാസം തന്നെയാണ്. കുടുംബഭാരത്തിനൊപ്പം ഔദ്യോഗിക ഭാരം കൂടി താങ്ങി മുന്നോട്ട് പോകുന്ന സ്ത്രീസമൂഹത്തിന്, ശരീരത്തെ സംരക്ഷിക്കാനുള്ള ഊർജ്ജം കൂടി കണ്ടെത്തേണ്ടി വരുന്ന ദയനീയമായ അവസ്ഥയാണ് ഇന്നുള്ളത്.

മാറ്റം കൂടിയേ തീരൂ – ഇക്കാര്യത്തിൽ കഴിഞ്ഞ നാളുകളിലൊക്കെ നാം സ്വീകരിച്ച വഴി സ്ത്രീകളെ ബോധവൽക്കരിക്കുക എന്നതായിരുന്നു. ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയായിരുന്നു. നമുക്കിനി പുരുഷന്മാരോട് സംസാരിക്കാം, അവരുടെ മാനസിക ഘടനകളിൽ മാറ്റം വരുത്താനുള്ള വഴികൾ തേടാം. സ്ത്രീയെ സഹജീവിയായി കാണാനുള്ള പ്രാപ്തി അവർക്കുണ്ടാക്കാം. ബാല്യകൗമാരഘട്ടങ്ങളിൽ തന്നെ ആൺകുട്ടികളുടെ ഉള്ളിൽ ഉണ്ടാക്കിയെടുക്കപ്പെടുന്ന പുരുഷാധിപത്യ പ്രവണതകൾ അപകടകരമാണെന്ന് തിരിച്ചറിയാം. ആക്രമിക്കപ്പെട്ടാൽ സ്ത്രീയുടെ ശരീരത്തിനും നോവുമെന്നും, അവളുടെ മനസ്സും ചതയുമെന്നും അവൾക്കും പ്രതികാരവും പകയും വളരുമെന്നും പുരുഷന്മാരെ ബോധ്യപ്പെടുത്തേണ്ടി വരുന്നത് ലജ്ജാകരം തന്നെയാണ്. സ്ത്രീയുടെ മേൽ അക്രമം നടത്താൻ തുനിയുന്ന പുരുഷന്മാർക്കെതിരെ നന്മ ബാക്കിയുള്ള സ്ത്രീപുരുഷന്മാരുടെ സമൂഹം ഒറ്റക്കെട്ടായിത്തന്നെ നിൽക്കുമെന്നത് ഉറപ്പാണ്.

മാനസികവൈകല്യം ബാധിച്ച കുറേ പുരുഷന്മാരാണ് സ്ത്രീയുടെ മേൽ ശാരീരികമായും മാനസികമായും ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നത് എന്ന് തിരിച്ചറിയാൻ ഇവിടുത്തെ ഓരോ സ്ത്രീക്കും കഴിയും. അത്തരം കുറച്ച് പുരുഷന്മാരുടെ വൈകല്യങ്ങൾക്ക് പുരുഷ സമൂഹത്തെ മൊത്തമായി കുറ്റക്കാരാക്കാൻ സ്ത്രീകൾ തയ്യാറുമല്ല. അതുകൊണ്ട് തന്നെ സമൂഹത്തിൽ മുളച്ചുവന്ന ചില വിഷച്ചെടികളെ വേരോടെ പറിച്ചെടുത്ത് കളയാൻ പുരുഷന്മാർ ഒപ്പം കാണുമെന്ന് സ്ത്രീകൾ ഉറച്ചു വിശ്വസിക്കുന്നു. 'മനുഷ്യൻ എത്ര മഹത്തായ പദം' എന്ന് പറയാൻ കഴിയുന്ന ഒരു കാലത്തിലേക്ക് ഒരുമിച്ച് യാത്ര ചെയ്യാൻ സ്ത്രീ പുരുഷന്മാർക്ക് കഴിയണം.

(ലേഖനത്തിലെ അഭിപ്രായങ്ങൾ ലേഖികയുടേതു മാത്രം.) ■

*ലേഖിക ഫീൽഡ് പബ്ലിസിറ്റി ഡയറക്ടറേറ്റിലെ (എറണാകുളം) അസിസ്റ്റന്റ് ഡയറക്ടറും ഗ്രന്ഥകാരിയുമാണ്.*

# വാർത്തകളും വിശേഷങ്ങളും

## മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുമ്പോൾ പലിശയും പിഴപ്പലിശയും ഒഴിവാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി നിഷ്കർഷിക്കുന്നത് 2.3.2013 ലെ സ.ഉ. (സാധാ) നം. 540/2013/തസ്വഭവ ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. ലൈസൻസ് പുതുക്കുന്നതിന് പിഴപ്പലിശ ഈടാക്കുന്ന സമ്പ്രദായം വനം വകുപ്പിൽ നിലവിലില്ല. ആയതിനാൽ വനം വകുപ്പിന്റെ എൻ.ഒ.സി. ലഭിച്ചിട്ടുള്ള മരവ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി കിട്ടുന്നതിന് ഫീസിൻമേലുള്ള പലിശയും പിഴപ്പലിശയും അടയ്ക്കേണ്ടതില്ല. ആയതിന്റെ അടിസ്ഥാനത്തിൽ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കി നൽകുമ്പോൾ ലൈസൻസ് ഫീസിന്മേലുള്ള പലിശയും പിഴപ്പലിശയും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ. (സാധാ) നം. 553/2014/തസ്വഭവ തീയതി: 26.2.2014

## നിലം നികത്ത് ഭൂമിയിലെ കെട്ടിടനിർമ്മാണം – സ്പഷ്ടീകരണം

സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും നിബന്ധനകളോടെ നികത്തി വീട് വച്ചശേഷം ആയത് കൈമാറ്റം ചെയ്യപ്പെടുന്നു എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 27.10.2012 ലെ 61519/ആർ.എ1/2011/തസ്വഭവ, 05.2.2013 ലെ 1663/ആർ.എ 1/2013 തസ്വഭവ എന്നീ സർക്കുലറുകളുടെ വെളിച്ചത്തിൽ ചട്ടപ്രകാരം നിലം നികത്തിയ സ്ഥലത്ത് ഇനി മുതൽ നിർമ്മിക്കുന്ന വാസഗൃഹങ്ങൾ 10 വർഷത്തേക്ക് ഉപയോഗമാറ്റം വരുത്തരുത് എന്ന വ്യവസ്ഥ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് മാത്രമേ കെട്ടിടനിർമ്മാണാനുമതി നൽകാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് ഇത്തരം നിലം നികത്ത് ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി ലഭിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശവും, കെ.എം.ബി.ആർ/കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരമുള്ള ഓക്യുപെൻസി മാറ്റവും, പത്ത് വർഷത്തേക്ക് അനുവദിക്കുന്നതല്ലായെന്നും എന്നാൽ പിന്തുടർച്ചാവകാശികളുടെ പേരിലേക്ക് പ്രസ്തുതവീട് ഈ സമയപരിധിക്കുള്ളിൽ കൈമാറാവുന്നതാണെന്നും ഇപ്രകാരം പിൻതുടർച്ചാവകാശികൾക്ക് കൈമാറുന്ന വീടുകൾക്കും മേൽപറഞ്ഞ 10 വർഷത്തെ സമയപരിധി ബാധകമായിരിക്കുമെന്നും നിഷ്കർഷിച്ചിരുന്നു. ഇത്തരം ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് ബാങ്കുകളിൽ നിന്നും / സൊസൈറ്റികളിൽ നിന്നും ലോൺ എടുക്കുകയും, പ്രസ്തുത ലോൺ തിരിച്ചടയ്ക്കാതെ വരികയും തുടർന്ന് ലേലം ചെയ്യേണ്ടി വരികയും ചെയ്യുന്ന കേസ്സുകളിൽ, അത്തരം വീടുകൾ ലേലം ഏൽക്കുന്ന ആളിന്റെ പേരിലേക്ക് പിൻതുടർച്ചാവകാശികളുടെ പേരിലേക്ക് മാറ്റാവുന്നതു പോലെ മാറ്റിനൽകാവുന്നതാണ്. (സർക്കുലർ നമ്പർ 67284/ആർ.എ1/2013/തസ്വഭവ തീയതി: 18.2.2014)

## ബഡ്സ് സ്കൂളിലെ ശാരീരിക മാനസിക വൈകല്യമുള്ള എല്ലാവർക്കും ആനുകൂല്യം

സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ബഡ്സ് സ്കൂളിൽ പഠിക്കുന്ന ശാരീരിക മാനസിക വൈകല്യമുള്ള എല്ലാവർക്കും വൈകല്യത്തിന്റെ തോത് പരിഗണിക്കാതെ ആനുകൂല്യം നൽകുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ.(ആർ.റ്റി)നം. 550/2014/തസ്വഭവ, തീയതി: 25.2.2014)

## നിർഭയ പദ്ധതി – തായ്ക്വണ്ട, ജൂഡോ എന്നിവയിൽ പെൺകുട്ടികൾക്ക് പരിശീലനം – ഫണ്ട് വിനിയോഗിക്കൽ അനുമതി

കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തുന്ന നിർഭയ പദ്ധതിയിൽ കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വണ്ട, ജൂഡോ എന്നിവയിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകാൻ പദ്ധതി രൂപീകരിക്കുന്നതിന് ഫണ്ട് വിനിയോഗിക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം. 499/14/തസ്വഭവ തീയതി: 24.2.2014

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് ചെലവഴിക്കപ്പെടാൻ സാധ്യതയില്ലാതെ അവശേഷിക്കുന്ന തുക വകയിരുത്തുന്നതിന് അനുമതി

കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നടപ്പു സാമ്പത്തിക വർഷം ചെലവഴിക്കപ്പെടാൻ സാധ്യതയില്ലാതെ അവശേഷിക്കുന്ന തുക, സോഷ്യൽ സെക്യൂരിറ്റി മിഷൻ പദ്ധതികൾ, ഇ.എം.എസ്. ഭവനപദ്ധതിയുടെ മുതൽ, കേരള വാട്ടർ അതോറിറ്റി കുടിശ്ശിക തുടങ്ങിയവയ്ക്കായി വകയിരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ.(ആർ.റ്റി)നം. 660/2014/തസ്വഭവ തീയതി: 05.03.2014

## ഇന്ദിര ആവാസ് യോജന – ത്രിതല പഞ്ചായത്തുകൾ ചെലവഴിക്കാൻ സാധ്യതയില്ലാത്ത തുക ഐ.എ.വൈ. ഭവന നിർമ്മാണത്തിന് ചെലവഴിക്കാൻ അനുമതി.

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ആവശ്യത്തിന്മേൽ 2013-14 ൽ ത്രിതല പഞ്ചായത്തുകൾ ചെലവഴിക്കാൻ സാധ്യതയില്ലാത്ത പ്ലാൻ ഫണ്ടും, ബ്ലോക്ക് പഞ്ചായത്തുകളിലെ ഐ.എ.വൈ. അക്കൗണ്ടിൽ ചിലവഴിക്കാതെ കിടക്കുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടും, പ്ലാൻ ഫണ്ടും, പൂരക പോഷകാഹാര ഇനത്തിൽ മടക്കി കിട്ടുന്ന തുകയും താഴെപ്പറയുന്ന പ്രകാരം ഐ.എ.വൈ. വീടുകൾക്ക് ചെലവഴിക്കാൻ അനുവാദം നൽകാൻ തീരുമാനിച്ചു.

* 2011-12 ലെ ഐ.എ.വൈ. വീടുകൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾ 75,000/- രൂപ നിരക്കിൽ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തു നൽകുന്നതിന് പകരമായി ഉപയോഗിക്കാവുന്നതാണ്.
* 2012-13, 2013-14 എന്നീ വർഷങ്ങളിൽ യഥാക്രമം 75,000/- രൂപ, 50,000/- രൂപ എന്ന നിരക്കിൽ സംസ്ഥാന സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ട തുകയ്ക്ക് പകരമായി ഉപയോഗിക്കാം.
* മുകളിൽ പറഞ്ഞ രണ്ട് ചെലവുകളും വഹിച്ചതിനുശേഷം തുക റീകൂപ്പ് ചെയ്യേണ്ടതില്ല. സ.ഉ.(സാധാ)നം. 662/14/തസ്വഭവ തീയതി: 05.03.2014



# വാർത്തകളും വിശേഷങ്ങളും

## ത്രിതലപഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതിന് അനുമതി

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുലെ മുൻ ജനപ്രതിനിധികൾക്ക് അതത് പഞ്ചായത്തുകൾ മുഖേന താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

1. തിരിച്ചറിയൽ കാർഡ് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകേണ്ടതും സാക്ഷ്യപ്പെടുത്തുന്ന തീയതി, പഞ്ചായത്തിന്റെ പേര്, മുൻ അധ്യക്ഷന്റെ/അംഗത്തിന്റെ പേര്, അംഗമായിരുന്ന കാലയളവ് എന്നിവ കാർഡിൽ മുൻ ഭാഗത്ത് രേഖപ്പെടുത്തേണ്ടതുമാണ്. മുൻ അധ്യക്ഷന്റെ /അംഗത്തിന്റെ മേൽവിലാസം, ഫോൺ നമ്പർ എന്നീ വിവരങ്ങൾ കാർഡിന്റെ പിൻഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്.

2. തിരിച്ചറിയൽ കാർഡിന്റെ കാലാവധി നൽകിയ തീയതി മുതൽ 5 വർഷം ആയിരിക്കുന്നതാണ്. 5 വർഷം പൂർത്തിയായാൽ കാർഡ് പുതുക്കി നൽകാൻ അപേക്ഷിക്കേണ്ടതാണ്.

3. തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനുള്ള ചെലവ് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നോ/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ നിർവഹിക്കേണ്ടതാണ്.

4. തിരിച്ചറിയൽ കാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലേക്കായി ഒരു ഇഷ്യൂ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാർഡ് അനുവദിക്കുന്ന മുൻ അധ്യക്ഷന്റെ/അംഗത്തിന്റെ പേര്, കാർഡ് നമ്പർ മുതലായ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

5. അനുവദിച്ച തിരിച്ചറിയൽ കാർഡ് കൈമോശം വരികയോ ഉപയോഗശൂന്യമായി തീരുകയോ ചെയ്യുന്ന സന്ദർഭത്തിൽ ആ വിവരം രേഖാമൂലം പഞ്ചായത്തിനെ അറിയിക്കേണ്ടതും പുതിയ കാർഡിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് കാർഡിന് 100 രൂപ ഫീസ് ഈടാക്കേണ്ടതാണ്.

6. കാർഡ് അനുവദിച്ച അധ്യക്ഷൻ/അംഗം മരണപ്പെടുകയോ, സർക്കാർ ഉദ്യോഗം ലഭിക്കുകയോ, കാർഡ് ദുരുപയോഗം ചെയ്യുന്നതായി വ്യക്തമാക്കുകയോ ചെയ്യുന്ന സംഗതിയിൽ പ്രസ്തുത അധ്യക്ഷന്റെ/അംഗത്തിന്റെ കാർഡ് തിരികെ ലഭ്യമാക്കേണ്ടതും ടി കാർഡ് റദ്ദാക്കി ആ വിവരം ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. സ.ഉ.(സാധാ)നം. 591/2014/തസ്വഭവ തീയതി: 28.2.2014

## സൗരോർജ്ജ പവർ പ്ലാന്റുകളുടെ ഗുണമേന്മ – പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ടെക്നിക്കൽ സ്പെസിഫിക്കേഷൻ പൂർണ്ണമാകാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാൽ ഡോക്യുമെന്റുകൾ ടെക്നിക്കൽ ഇവാല്യുവേഷൻ നടത്താൻ സാധിക്കാതെ ടെൻഡർ നടപടികൾ ക്യാൻസൽ ചെയ്യേണ്ടി വരുന്നതായും എം.എൻ.ആർ.ഇ. നിഷ്കർഷിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമല്ലാതെയും ലോഡിന് അനുപാതമല്ലാതെയും തണൽ ഇല്ലാത്ത സ്ഥലം മനസ്സിലാക്കാതെയും സൗരോർജ്ജപാനലുകൾ സ്ഥാപിക്കുന്നതിനാൽ സൗരോർജ്ജ പവർപ്ലാന്റിൽ നിന്നും ഉപയോഗിക്കാൻ സാധിക്കുന്ന വൈദ്യുതിക്ക് കുറവ് വരുന്നതായും അനെർട്ട് കണ്ടെത്തിയിട്ടുണ്ട്. അതിനാൽ സോളാർ പവർപ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ താഴെപറയുന്ന നിർദ്ദേശങ്ങൾ എല്ലാ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചു.


* സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ അനെർട്ടിന്റെയും എം.എൻ.ആർ.ഇയുടെയും സ്പെസിഫിക്കേഷൻ പ്രകാരമേ ആയവ സ്ഥാപിക്കുവാൻ പാടുള്ളൂ.

* ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇല്ലാതെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ വിളിക്കുവാൻ പാടില്ല.

* ടെക്നിക്കൽ സ്പെസിഫിക്കേഷൻ, ഫുൾ ടെൺഡർ ഡോക്യുമെന്റ് എന്നിവ തയ്യാറാക്കി നൽകുന്നതിനും ടെൻഡർ ഇവാല്യുവേഷൻ, വർക് സൂപ്പർവിഷൻ എന്നിവ അനെർട്ടിന്റെ മേൽനോട്ടത്തിൽ നടത്തുന്നതിനും ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾക്ക് ടോട്ടൽ പ്രോജക്ട് കോസ്റ്റിന്റെ 6% അനെർട്ടിൽ അടച്ച് ആയത് പ്രയോജനപ്പെടുത്താവുന്നതുമാണ്. സ.ഉ.(ആർ.റ്റി) 54/2014/ഊ.വ തീയതി: 17.2.2014

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by Mithra.T. IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.







ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

**PANCHAYATRAJ** (Monthly) February 2014
Annual Subscription ₹120/-, Published on 20th February 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

# ഹൈമാസ്റ്റ്ലൈററുകൾ സൗരോർജ്ജത്തിൽ..

## AMMINI SOLAR Introduces..

# GreenMast

## *SOLAR LED MAST LIGHTS*



**Different Models**
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

### Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award
for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

## അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

*For more details:1800 300 00 600 (TOLL FREE)*

Printed & Published by Mithra.T. IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: Mithra.T. IAS